**കരട്**
**(ഉദ്ധരണി പാടില്ല)**

# ജാഗ്രതാസമിതികളും തദ്ദേശഭരണസ്ഥാപനങ്ങളും

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

**മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ-680 581**

ഏപ്രിൽ 2017

**ജാഗ്രതാസമിതികളും**
**തദ്ദേശഭരണസ്ഥാപനങ്ങളും**

ചീഫ് എഡിറ്റർ
**ഡോ.പി.പി.ബാലൻ**
ഡയറക്ടർ,കില

എഡിറ്റർ:
**ഡോ. പീറ്റർ എം. രാജ്**
അസോസിയേറ്റ് പ്രൊഫസർ, കില

അസോസിയേറ്റ് എഡിറ്റർ
**ശ്രീ കെ. ഗോപാലകൃഷ്ണൻ**
**എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില**

**ഡി.ടി.പി.**
ശ്രീലത.എസ്, വിനിത രവി

പ്രസാധനം
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ
അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581
ഫോൺ - 2200244, 2207087 (ഓഫീസ്)
0487-2201312 (ഡയറക്ടർ)
0487-2201062 (ഫാക്സ്)
Email Id: kilathrissur@gmail.com
Website : www.kila.ac.in

**ലേ ഔട്ട് & കവർ**
രാജേഷ് താണിക്കുടം

**അച്ചടി**
കോ-ഓപ്പറേറ്റീവ് പ്രസ്സ്,
മുളങ്കുന്നത്തുകാവ് 2200391, 9895566621

ഏപ്രിൽ 2017

---

സാമൂഹ്യനീതി വകുപ്പ് (കേരള സർക്കാർ) നൽകുന്ന സഹകരണത്തിനും നിർദ്ദേശങ്ങൾക്കും നന്ദി

**Jagrathasamithikalum**
**Thadhesabharanasthapanangalum**

Chief Editor
**Dr.P.P.Balan**
Director, KILA

Editor:
**Dr. Peter M. Raj**
Associate Professor, KILA

Associate Editor
**Sri. K.Gopalakrishnan**
Extension Faculty, KILA

D.T.P
Srilatha.S, Vinitha Ravi

Published by:
Kerala Institute of Local
Administration (KILA)
Mulamkunnathukavu, Thrissur–680581
Ph. 2200244, 2207087 (Office)
0487-2201312 (Director)
0487-2201062 (Fax)
ഇമെയിൽ: kilathrissur@gmail.com
വെബ്സൈറ്റ് : www.kila.ac.in

Layout & Cover
Rajesh Thanikudam

Printed at
Co-operative Press
Mulamkunnathukavu, 2200391, 9895566621

April 2017

---

We are thankuful to Dept. of Social Justice, Govt of Kerala for the support and guidance.

**Dr. K. T. JALEEL**
**MINISTER FOR LSGD, MINORITY WELFARE**
**WAKF & HAJJ**
**GOVERNMENT OF KERALA**

# സന്ദേശം

ശക്തമായ പ്രാദേശികഭരണസംവിധാനം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ ചേർന്ന ത്രിതല പഞ്ചായത്ത് ഭരണസംവിധാനവും, മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും ചേർന്ന നഗരഭരണസംവിധാനവും പ്രാദേശിക വികസന രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് ലഭ്യമാക്കേണ്ട വിവിധ സേവനങ്ങളുടെ അളവും ഗുണമേന്മയും വർദ്ധിപ്പിക്കാനും പ്രാദേശിക സർക്കാരുകളിലൂടെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ശക്തമായ പ്രാദേശിക സർക്കാരുകളുണ്ടായിട്ടും നമ്മുടെ നാട്ടിൽ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ചോദ്യചിഹ്നമായി നിലനിൽക്കുകയാണ്.

സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കായി ഭരണഘടനാവ്യവസ്ഥകൾ ഉൾപ്പടെ ഓട്ടേറെ കേന്ദ്രനിയമങ്ങളും കൂടാതെ സംസ്ഥാന നിയമങ്ങളും ഉണ്ട്. ദേശീയ- സംസ്ഥാന വനിതാ കമ്മീഷനുകൾ, ബാലാവകാശസംരക്ഷണ കമ്മീഷനുകൾ എന്നിങ്ങനെ അവർക്കായി നിരവധി സംവിധാനങ്ങളുമുണ്ട്. എന്നിട്ടും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും പീഢനങ്ങളും ഏറി വരുന്നു എന്നത് ഏവരേയും ആശങ്കപ്പെടുത്തുന്ന കാര്യമാണ്.

സംസ്ഥാന സർക്കാരിനെപ്പോലെ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ ചുമതലകളുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കായി വാർഡ്തലത്തിലും ഗ്രാമപഞ്ചായത്ത്തലത്തിലും മുനിസിപ്പാലിറ്റിതലത്തിലും മുനിസിപ്പൽ കോർപ്പറേഷൻതലത്തിലും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ജില്ലാതല ജാഗ്രതാസമിതിയും പ്രവർത്തിക്കേണ്ടതുണ്ട്.

സംസ്ഥാന സർക്കാരിന്റെ പോലീസ്-ആരോഗ്യം-സാമൂഹ്യനീതി വകുപ്പുകൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായി സഹകരിച്ചു കൊണ്ട് ജാഗ്രതാസമിതികൾ ഓരോ തലത്തിലും ഫലപ്രദമായി പ്രവർത്തിക്കുകയാണെങ്കിൽ തീർച്ചയായും സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾസംരക്ഷിക്കാനും അവർക്ക് നീതി ലഭ്യമാക്കാനും കഴിയും. പഞ്ചായത്ത്രാജ്-മുനിസിപ്പാലിറ്റി

നിയമങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും വികസനം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയായി നിശ്ചയിച്ചിട്ടുണ്ട് എന്ന കാര്യവും നാം ഓർക്കേണ്ടതുണ്ട്.

ജാഗ്രതാ സമിതി പ്രവർത്തനം വിപുലപ്പെടുത്തേണ്ടതും കാര്യക്ഷമമാക്കേണ്ടതും അനിവാര്യമാണ്. അതിനായി തദ്ദേശഭരണസ്ഥാപനങ്ങളിലെ മുഴുവൻ ജനപ്രതിനിധികൾക്കും ജാഗ്രതാസമിതി അംഗങ്ങൾക്കും സാമൂഹ്യനീതി വകുപ്പിന്റെ കൂടി സഹകരണത്തോടെ പരിശീലനം നൽകാൻ കില തീരുമാനിച്ചതിൽ അതിയായ സന്തോഷമുണ്ട്. ഈ പരിശീലന പരിപാടി നമ്മുടെ സംസ്ഥാനത്തെ ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമാക്കാനും സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പു വരുത്താനും കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി ഇങ്ങനെയൊരു പരിശീലനപരിപാടിക്ക് നേതൃത്വം നൽകുന്ന സാമൂഹ്യനീതി വകുപ്പിനെയും കിലയെയും അഭിനന്ദിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കായി കില തയ്യാറാക്കിയ ഈ കൈപ്പുസ്തകം ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമാക്കാൻ തീർച്ചയായും സഹായകരമാകും.

സ്നേഹപൂർവ്വം

20.04.2017

ഡോ.കെ.ടി.ജലീൽ

# അവതാരിക

വാർഡ്തലത്തിലും തദ്ദേശഭരണസ്ഥാപനത്തിലും ജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക, അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പു വരുത്തുക എന്നിവ ഗ്രാമപഞ്ചായത്തുകളുടേയും നഗരഭരണസ്ഥാപനങ്ങളുടേയും ചുമതലയാണ്. ജില്ലാതല ജാഗ്രതാസമിതികൾ പ്രവർത്തിപ്പിക്കേണ്ടതിന് ചുമതലയുള്ളത് ജില്ലാപഞ്ചായത്തുകൾക്കുമാണ്. ഇക്കാര്യങ്ങളിൽ അതീവ ശ്രദ്ധ കാണിക്കേണ്ട കമ്മിറ്റികളാണ് തദ്ദേശഭരണസ്ഥാപനങ്ങളിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ.

സംസ്ഥാന വനിതാ കമ്മീഷന്റെ മേൽനോട്ടത്തിലാണ് വാർഡ്തലം മുതൽ ജില്ലാതലം വരെയുള്ള ജാഗ്രതാസമിതികൾ പ്രവർത്തിപ്പിക്കേണ്ടത്. എന്നാൽ ജാഗ്രതാസമിതികൾ പ്രവർത്തനക്ഷമമാക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അതിലെ ജനപ്രതിനിധികളുടേയും ഉത്തരവാദിത്തമാണ്. കാരണം തദ്ദേശഭരണ സ്ഥാപനതലത്തിലും വാർഡ്തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കേണ്ടത് അതത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

സാമ്പത്തികമായി നമ്മുടെ സ്ഥിതി എത്രമെച്ചപ്പെട്ടാലും, എന്തെല്ലാം വികസനങ്ങളുണ്ടായാലും സ്ത്രീകളും കുട്ടികളും അപമാനിക്കപ്പെടുകയും അവർക്ക് നീതിയും അവകാശങ്ങളും നിഷേധിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ ആ സമൂഹം പുരോഗതി നേടി എന്ന് പറയാനാകില്ല. പലരുടേയും അവകാശങ്ങളും നീതിയും നിഷേധിച്ചുകൊണ്ടു നേടുന്ന ഒരു നേട്ടവും നേട്ടമല്ല, സാമൂഹ്യ പുരോഗതിയുടെ ലക്ഷണവുമല്ല.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അത്രികമങ്ങളും പീഡനങ്ങളും നാൾക്കുനാൾ ഏറിവരികയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാന തലത്തിൽ മാത്രമല്ല, ദേശീയ തലത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഈ സ്ഥിതി വിശേഷം മാറ്റിയേ പറ്റു. സംസ്ഥാന സർക്കാരിനും പ്രാദേശിക സർക്കാരുകൾക്കും ഇക്കാര്യത്തിൽ ഏറെ ചെയ്യാനുണ്ട്.

പ്രാദേശിക സർക്കാരുകൾ അനിവാര്യമായും അടിയന്തിരമായും ചെയ്യേണ്ടത് വാർഡ്തല-തദ്ദേശഭരണ സ്ഥാപനതല ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തുക എന്നതാണ്. അത് ഓരോ ജനപ്രതിനിധിയുടേയും ഉത്തരവാദിത്തമാണ്. എന്തെന്നാൽ, വാർഡ്തല ജാഗ്രതാസമിതിയുടെ അദ്ധ്യക്ഷൻ അതത് വാർഡ് മെമ്പർ/കൗൺസിലറാണ്. തദ്ദേശഭരണ സ്ഥാപനതല ജാഗ്രതാസമിതിയടെ അദ്ധ്യക്ഷൻ അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനുമാണ്.

ഒട്ടേറെ നിയമങ്ങളും സംവിധാനങ്ങളും സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായി ഉണ്ടെങ്കിലും പ്രാദേശികതലത്തിൽ അവർക്ക് ഒരു രക്ഷാകവചമായി പ്രവർത്തിക്കാൻ കഴിയുക ജാഗ്രതാ സമിതികൾക്കാണ്. അതുകൊണ്ടു തന്നെ ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ വിപുലമായ ഒരു പരിശീലനപരിപാടിക്ക് കില തുടക്കം കുറിക്കുകയാണ്. ആദ്യഘട്ട

ത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ മുഴുവൻ ജനപ്രതിനിധികൾക്കും തദ്ദേശഭരണ സ്ഥാപനതല ജാഗ്രതാസമിതി അംഗങ്ങൾക്കുമാണ് പരിശീലനം നൽകുക. രണ്ടാം ഘട്ടത്തിൽ വാർഡ്തല ജാഗ്രതാ സമിതി അംഗങ്ങൾക്കും പരിശീലനം നൽകും.

ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്കായി തയ്യാറാക്കിയിട്ടുള്ളതാണ് ഈ കൈപുസ്തകം. സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥയും അവർ നേരിടുന്ന പ്രശ്നങ്ങളും ജാഗ്രതാ സമിതി പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങളും ഇതിൽ ഉൾപ്പെടുന്നു. ജാഗ്രതാ സമിതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന ഓരോരുത്തർക്കും ഈ പുസ്തകം വിലപ്പെട്ടതാകുമെന്ന കാര്യത്തിൽ സംശയമില്ല. ഈ കൈപുസ്തകം തയ്യാറാക്കുന്നതിനായി നേതൃത്വം നൽകിയ കിലയിലെ അസോസിയേറ്റ് പ്രൊഫസ്സർ ഡോ. പീറ്റർ എം രാജ്, കിലയുടെ എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗമായ ശ്രീ. കെ. ഗോപാലകൃഷ്ണൻ, ഈ പുസ്തകം തയ്യാറാക്കുന്നതിന് പങ്കാളികളായ സാമൂഹ്യനീതി വകുപ്പിലെ ശ്രീമതി കവിത റാണി രഞ്ജിത്, മറ്റ് വിദഗ്ധർ, കിലയിലെ മറ്റ് സഹപ്രവർത്തകർ എന്നിവരോടെല്ലാം എന്റെ നന്ദി അറിയിക്കുന്നു.

ഡോ. പി.പി. ബാലൻ

20.04.2017

ഡയറക്ടർ, കില

# ആമുഖം

സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ അവകാശങ്ങൾ ലഭ്യമാക്കിക്കൊടുക്കുന്നതിനും, അവർക്ക് നീതി ഉറപ്പാക്കികൊടുക്കുന്നതിനും അവകാശലംഘനങ്ങളും നീതിനിഷേധങ്ങളുമുണ്ടായാൽ അതിന് കാരണക്കാരായവർക്കെതിരെ നടപടികളെടുക്കുന്നതിനുമായി ഒട്ടേറെ നിയമവ്യവസ്ഥകൾ നമ്മുടെ നാട്ടിലുണ്ട്. നിയമവ്യവസ്ഥകൾ മാത്രമല്ല അവർക്കായി പ്രത്യേക സംവിധാനങ്ങളും നിരവധിയുണ്ട്. എന്നിട്ടും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അത്രിക്രമങ്ങളും പീഡനങ്ങളും ദിനംതോറും ഏറിവരികയാണ്. ഒട്ടും സുരക്ഷിതമല്ലാത്ത ഒരു അവസ്ഥയിലാണ് സ്ത്രീകളും കുട്ടികളും ജീവിക്കുന്നതെന്ന് അവർക്കെതിരെയുള്ള അതിക്രമങ്ങളുടേയും പീഡനങ്ങളുടേയും കണക്കുകൾ സൂചിപ്പിക്കുന്നു.

സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായി പ്രത്യേക വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്നതിനായുള്ള നിയമം, ലൈംഗീകാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനായുള്ള നിയമം തുടങ്ങി ശക്തമായ ഒട്ടേറെ നിയമങ്ങൾ ഉണ്ടായിട്ടുണ്ട്. ദേശീയ വനിതാ കമ്മീഷൻ, സംസ്ഥാന വനിതാ കമ്മീഷൻ, ദേശീയ-സംസ്ഥാന ബാലാവകാശ കമ്മീഷൻ, ജില്ലാ തലങ്ങളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജുവനൈൽ ജസ്റ്റീസ് ബോർഡുകൾ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ, തുടങ്ങിയ ഒട്ടേറെ പ്രത്യേക സംവിധാനങ്ങളുണ്ടായിട്ടുണ്ട്. ജില്ലാ തലത്തിലും നഗരഭരണ - ഗ്രാമപഞ്ചായത്ത് തലത്തിലും, വാർഡ്തലത്തിലും ജാഗ്രതാസമിതികളുണ്ട്. ഇങ്ങനെയൊക്കെയുണ്ടായിട്ടും സ്ത്രീകളും കുട്ടികളും വ്യാപകമായി നീതി നിഷേധത്തിന്റേയും അവകാശലംഘനത്തിന്റേയും ഇരകളാകുന്നു.

ഒരു വലിയവിഭാഗം നീതിനിഷേധത്തിനും അവകാശലംഘനത്തിനും വിധേയരാകുന്നു എന്നത് ഒരു ജനാധിപത്യ സമൂഹത്തിന് അപമാനകരമാണ്. ഈ അവസ്ഥ എന്തു വിലകൊടുത്തും മാറ്റിയെടുക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അവയിലെ ജനപ്രതിനിധികൾക്കുമാണ് ഏറെ ചെയ്യാൻ കഴിയുക. അതിക്രമങ്ങളും പീഡനങ്ങളും അവകാശ-നീതി നിഷേധങ്ങളും ഉണ്ടായശേഷം അതിന് കാരണക്കാരായവർക്കെതിരെ നടപടിയെടുക്കുന്നതിനുപകരം അങ്ങനെ സംഭവിക്കാതിരിക്കാൻ വേണ്ട സാമൂഹ്യസാഹചര്യമൊരുക്കുക എന്നതാണ് നീതി ഉറപ്പാക്കാനുള്ള ഏറ്റവും ഫലപ്രദമായ വഴി. ഈ ചുമതലയാണ് ഏറ്റവും പരമപ്രധാനമായി തദ്ദേശഭരണ സ്ഥാപനങ്ങളും അവയിലെ ജനപ്രതിനിധികളും ചെയ്യേണ്ടത്. ഔപചാരികമായി അതിന് അവർ ബാധ്യസ്ഥരാകുന്ന രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, വാർഡ് തലത്തിലും തദ്ദേശഭരണ സ്ഥാപനത്തിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടത് അവരുടെ ചുമതലയാണ്, ഓരോ തലത്തിലേയും ജാഗ്രതാ സമിതി ചെയർമാൻ ജനപ്രതിനിധിയുമാണ്. രണ്ട്, ആക്ട് പ്രകാരം ഇക്കാര്യങ്ങൾക്ക് ചുമതലപ്പെട്ട കമ്മിറ്റിയാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള മറ്റ് സംവിധാനങ്ങളെല്ലാം അവയുടെ ചുമതലകൾ നിറവേറ്റുമ്പോൾ തന്നെ പ്രാദേശികതലത്തിൽ അവർക്കുവേണ്ട ഏറ്റവും കാര്യക്ഷമമായ സംവിധാ

നമായി പ്രവർത്തിക്കാൻ കഴിയുക ജാഗ്രതാസമിതികൾക്കാണ്. കാരണം ഒരു സംവിധാനത്തെ ശക്തിപ്പെടുത്താനും ദൃശ്യമാക്കാനും ജനങ്ങളെ ബോധ്യപ്പെടുത്താനും ഏറ്റവും നന്നായി കഴിയുക പ്രാദേശികതല സംവിധാനങ്ങൾക്കാണ്.

ജാഗ്രതാസമിതികൾ കാര്യക്ഷമമായാൽ, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ശക്തമായ ഒരു സംവിധാനം വാർഡ്തലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്നുണ്ടെന്ന് ബോധ്യപ്പെടുത്താനായാൽ, യാതൊരു സംശയവും വേണ്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും ഇല്ലാതാകും.

ജാഗ്രതാസമിതി സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റേയും കാര്യക്ഷമമാക്കുന്നതിന്റേയും ചുമതലക്കാരായ ജനപ്രതിനിധികളേയും അതിൽ ഭാഗഭാക്കാവുന്ന അതിലെ മറ്റ് അംഗങ്ങളേയും ജാഗ്രതാസമിതി സംവിധാനത്തിന്റെ പ്രാധാന്യവും പ്രസക്തിയും ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതിനായി ലക്ഷക്കണക്കിന് പേർക്ക് പരിശീലനം നൽകുന്ന ഒരു വിപുലമായ പരിശീലന പരിപാടിക്ക് കില രൂപം നൽകിയിരിക്കുകയാണ്. ജില്ലാതല ജാഗ്രതാസമിതി മുതൽ വാർഡ്തല ജാഗ്രതാസമിതിവരെയുള്ളവയിലെ മുഴുവൻ അംഗങ്ങൾക്കും രണ്ട് ഘട്ടങ്ങളിലായി പരിശീലനം നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പരിശീലനത്തിലൂടെ ഫലപ്രദമായ ജാഗ്രതാ സമിതികൾ സംസ്ഥാന വ്യാപകമായി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കായാണ് 'ജാഗ്രതാസമിതികളും തദ്ദേശഭരണസ്ഥാപനങ്ങളും' എന്ന ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ജാഗ്രതാസമിതി എന്തിന്, എങ്ങനെ പ്രവർത്തിക്കണം എന്നിവ വിശദമായി പ്രതിപാദിക്കുന്നതോടൊപ്പം സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ, അവർ നേരിടുന്ന പ്രശ്നങ്ങൾ, അവർക്കായുള്ള നിയമവ്യവസ്ഥകൾ തുടങ്ങിയവയും ഇതിൽ പരാമർശിച്ചിട്ടുണ്ട്. ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ കൈപ്പുസ്തകം ഏറെ സഹായകരമാകുമെന്ന് നിസ്സംശയം പറയാം. ഈ കൈപ്പുസ്തകം തയ്യാറാക്കാൻ സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

ഡോ. പീറ്റർ എം രാജ്

20.04.2017

അസോസിയേറ്റ് പ്രൊഫസർ,

# <u>ഉള്ളടക്കം</u>

**സന്ദേശം**

**അവതാരിക**

**ആമുഖം**

**അദ്ധ്യായങ്ങൾ**

1. കേരളത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ 11
2. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായുള്ള നിയമവ്യവസ്ഥകൾ 31
3. ജാഗ്രതാ സമിതി 59
4. വാർഡ്തല –തദ്ദേശഭരണസ്ഥാപനതല ജാഗ്രതാ സമിതികൾ: ഉദ്ദേശ്യ ലക്ഷ്യങ്ങൾ, ചുമതലകൾ, പ്രവർത്തനരീതി. 89
5. ജാഗ്രതാ സമിതി- പരാതി സ്വീകരിക്കൽ, തീർപ്പാക്കൽ 99

**അനുബന്ധങ്ങൾ** 117-123

1- പരാതി സമർപ്പിക്കുന്നതിനുള്ള ഫോറം

2- കൈപ്പറ്റ് രശീതി

3 -ജാഗ്രതാ സമിതിയുടെ പരാതി രജിസ്റ്റർ

4- ജാഗ്രതാ സമിതി മുമ്പാകെ ഹാജരാകാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള കത്ത്

5- വാർഡ്തല/തദ്ദേശഭരണതല ജാഗ്രതാസമിതി ഗ്രാമസഭയ്ക്ക്/ വാർഡ്സഭയ്ക്ക് സമർപ്പിക്കുന്ന റിപ്പോർട്ട് -ഘടന (മാതൃക)

6- ഓരോ ജാഗ്രതാ സമിതിയും തൊട്ടുമുകളിലുള്ള ജാഗ്രതാസമിതിക്കും വനിതാ കമ്മീഷനും നൽകേണ്ട പ്രതിമാസ റിപ്പോർട്ട് (മാതൃക)

# അദ്ധ്യായം.1

## കേരളത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥ

## 1. കേരളത്തിലെ സ്ത്രീകളുടെ അവസ്ഥയും പദവിയും

### 1.1. നിലവിലെ അവസ്ഥ

ഇന്ത്യയിലെ സ്ത്രീകളുടെ അവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യസ്ഥമായ ചരിത്രവും അവസ്ഥയുമാണ് കേരളത്തിലെ സ്ത്രീകൾക്കുള്ളത്. കേരളം കൈവരിച്ച സാമൂഹിക വികസന നേട്ട ങ്ങളുടെ ഭാഗമായി ചില മേഖലകളിലെങ്കിലും സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെട്ടിട്ടുണ്ട്. ഉദാഹരണ മായി ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി സ്ത്രീകളുടെ ലിംഗാനുപാതം കേരളത്തിൽ കൂടുതലാണ് (1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ). സ്ത്രീസാക്ഷരതയിലും കേരളം മുന്നിലാണ് (91.98%). പെൺകുട്ടികളുടെ ഉയർന്ന സ്കൂൾ പ്രവേശന നിരക്ക് (സ്കുളുകളിൽ പ്രവേ ശനം നേടുന്നവരിൽ 49.5% പെൺകുട്ടികളാണ്), മാതൃ-ശിശു മരണനിരക്ക്, സ്ത്രീകളുടെ ആയുർദൈർഘ്യം തുടങ്ങിയ കാര്യങ്ങളിലും കേരളത്തിലെ അവസ്ഥ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ത്രീകൾ നേരിടുന്ന പലവിധത്തിലുള്ള ചൂഷണങ്ങൾ, വിവേചനം, അടിച്ചമർത്തൽ എന്നിവ ഗണ്യ മായി കുറയ്ക്കുന്നതിനോ തടയുന്നതിനോ ഈ മെച്ചപ്പെട്ട അവസ്ഥ സഹായകമായിട്ടില്ല എന്ന് മാത്ര മല്ല സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും അവകാശനിഷേധങ്ങളും നാൾക്കുനാൾ വർദ്ധിച്ചു വരി കയുമാണ്.

സ്ത്രീകളുടെ ഉയർന്ന സാക്ഷരത, കൂടിയ ആയുർദൈർഘ്യം, ഉയർന്ന വിവാഹപ്രായം, കുറഞ്ഞ മാതൃ-ശിശുമരണ നിരക്ക് മുതലായ പാരമ്പര്യ സൂചകങ്ങൾ വച്ചു കൊണ്ടുമാത്രം സ്ത്രീകളുടെ പദവി വിലയിരുത്താൻ കഴിയില്ല എന്നാണ് സ്ത്രീകളുടെ ഇന്നത്തെ അവസ്ഥ സൂചിപ്പിക്കുന്നത്. സ്ത്രീകൾക്ക് എല്ലാ മേഖലകളിലും അവസരങ്ങളും അവകാശങ്ങളും ലഭിക്കുക എന്നതാണ് സ്ത്രീനീതിയുടെ (ലിംഗനീതിയുടെ) അടിസ്ഥാനം. വ്യക്തിത്വ വികസനത്തിനും, സുരക്ഷിതമായി ജീവിക്കാനും സ്വന്തം ശരീരത്തേയും ജീവിതത്തേയും പറ്റി തീരുമാനമെടുക്കാനും സ്വത്തിലും വിഭ വങ്ങളിലും ഉടമസ്ഥതയും നിയന്ത്രണവും കൈവരിക്കാനും സാമൂഹിക ജീവിതത്തിൽ സജീവമായി ഇടപെടാനുമൊക്കെ അവകാശവും അവസരവും സ്ത്രീകൾക്ക് ലഭിച്ചാൽ മാത്രമേ സമൂഹത്തിൽ തുല്യത കൈവരിച്ചു എന്ന് പറയാനാകൂ.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം ദിനംപ്രതി വർദ്ധിച്ചു വരുന്നതായി സൂചിപ്പി ച്ചുവല്ലോ. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കാനുള്ള പ്രത്യേക നിയമങ്ങളും നീതിന്യായ സംവിധാനങ്ങളും ഉണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി സ്ത്രീ സൗഹൃദപര മായി ഉപയോഗിക്കപ്പെടുന്നില്ല എന്നതാണ് വസ്തുത. സർക്കാർ സംവിധാനങ്ങളും, പ്രാദേശിക ഭര

ണകൂടങ്ങളും സന്നദ്ധ പ്രവർത്തകരും  ഈ അവസ്ഥ മറികടക്കാനായി ഒത്തു ചേർന്ന് പ്രവർത്തിച്ചാൽ മാത്രമേ സ്ത്രീകൾക്ക് സുരക്ഷിതത്വം ഉറപ്പു വരുത്താനാവു.

### 1.2. സ്ത്രീകളുടെ പദവി

കേരളത്തിൽ സ്ത്രീകൾക്ക് ഇന്നും പുരുഷന് തുല്യമായ പദവി കുടുംബത്തിലോ സമൂഹത്തിലോ ഇല്ല എന്നത് വസ്തുതയാണ്. പ്രത്യക്ഷമായ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

a) **സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം**

2011 ലെ സെൻസസ് പ്രകാരം സ്ത്രീകളുടെ തൊഴിൽപങ്കാളിത്തത്തിന്റെ ദേശീയ ശരാശരി 25.63 ശതമാനമായിരിക്കുമ്പോൾ കേരളത്തിൽ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം 18.2 ശതമാനമാണ്. സ്ത്രീ തൊഴിൽ പങ്കാളിത്ത റാങ്കിങ്ങിൽ കേരളത്തിന്റെ സ്ഥാനം 25 ആണ്. പണിയെടുക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗവും സേവനമേഖലകളിലും സ്വകാര്യ, അസംഘടിത മേഖലകളിലുമാണ്. കാർഷിക-നിർമ്മാണമേഖലകളിലും മറ്റ് അസംഘടിത മേഖലകളിലും പണിയെടുക്കുന്ന സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തുല്യവേതനം ലഭിക്കുന്നില്ല.

b) **സ്വത്തുടമസ്ഥത**

കേരളത്തിലെ സ്ത്രീകളുടെ സ്വത്തവകാശം താരതമ്യേന കുറവാണ്.  23.8 ശതമാനം സ്ത്രീകൾക്കു മാത്രമാണ് സ്വന്തം പേരിൽ ഭൂമി (Operational holding) യുള്ളത് (Economic Review, 2003).  ഭൂമിയിൽ നിന്നുള്ള ആദായത്തിൽ സ്ത്രീകൾക്ക് നിയന്ത്രണവും അധികാരവും കുറവാണ്.

c) **രാഷ്ട്രീയാധികാരം**

രാഷ്ട്രീയപാർട്ടികളിലും ട്രേഡ് യൂണിയനുകളിലും രാഷ്ട്രീയാധികാരസ്ഥാനങ്ങളിലും സ്ത്രീകളുടെ കുറഞ്ഞ പ്രാതിനിധ്യം നിലനിൽക്കുന്നു. കേരള നിയമസഭയിൽ സ്ത്രീ പ്രാതിനിധ്യം ഇതുവരെ പത്ത് ശതമാനത്തേക്കാൾ കൂടിയിട്ടില്ല.  കേരളത്തിൽ നിന്ന് ലോകസഭയിലേക്കുള്ള ആകെ 20 സീറ്റുകളിൽ ഏറ്റവും കൂടിയത് 2 സ്ത്രീകൾ മാത്രമാണുണ്ടായിട്ടുള്ളത്.  രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിലുള്ള ബഹുജനസംഘടനകളുടെ ഉന്നതാധികാര സമിതികളിലും സ്ത്രീപ്രാതിനിധ്യം വളരെ താഴെയാണ്. 50 ശതമാനം സ്ത്രീസംവരണം നിർബന്ധമാക്കിയതു  കൊണ്ടു മാത്രം പ്രാദേശിക ഭരണരംഗത്ത് 50 ശതമാനത്തിലധികം  സ്ത്രീ പ്രാതിനിധ്യമുണ്ട്.

### 1.3. ലിംഗാനുപാതം

സ്ത്രീപുരുഷ ലിംഗാനുപാതത്തിൽ സ്ത്രീകൾ മുന്നിൽ നിൽക്കുന്ന കേരളത്തിൽ 0 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്കിടയിൽ പെൺകുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു

(1000:963). ലിംഗാനുപാതത്തിൽ വരുന്ന ഈ വ്യത്യാസം കേരളത്തിൽ പെൺഭ്രൂണഹത്യ നടക്കുന്ന തിന്റെ സൂചനയായി സംശയിക്കേണ്ടിയിരിക്കുന്നു.

### 1.4. രോഗാതുരത, ജീവിതശൈലിരോഗങ്ങൾ

മാതൃ-ശിശു മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ടെങ്കിലും സ്ത്രീകൾക്കിടയിൽ രോഗാതുരതയും ജീവിതശൈലീരോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം, അമി തവണ്ണം, ഹൃദയസംബന്ധമായ രോഗങ്ങൾ തുടങ്ങിയവയും വർദ്ധിച്ചുവരുന്നതായിട്ടാണ് കാണു ന്നത്. ആരോഗ്യ നിലവാരത്തിൽ ഇന്ത്യൻ ശരാശരിയേക്കാൾ മുന്നിലാണെങ്കിലും രോഗാതുരത, അനീമിയ, അണുബാധ, മാനസിക പ്രശ്നങ്ങൾ, ആത്മഹത്യ പ്രവണത, ലഹരിമരുന്ന് ഉപയോഗം മുതലായവ കേരളത്തിലെ സ്ത്രീകൾക്കിടയിൽ കൂടി വരുന്നു. 32.3% സ്ത്രീകളും അനീമിയ ഉള്ളവ രാണ്. ഇന്ത്യയിലെ സ്ത്രീകളിൽ ആത്മഹത്യാ നിരക്ക് കൂടുതലുള്ള സംസ്ഥാനം കേരളമാണ്. കൂടാതെ ഗർഭഛിദ്രം ഒരു ഗർഭനിരോധന മാർഗ്ഗമായി ഉപയോഗിക്കുന്ന പ്രവണതയും കേരളത്തിൽ വന്നിരിക്കുന്നു. കേരളത്തിലെ 98% പ്രസവങ്ങളും നടക്കുന്നത് ആശുപത്രികളിലാണ്. മാതൃമരണ നിരക്കും ശിശുമരണ നിരക്കും കുറയ്ക്കാൻ ഇത് സഹായകമാകുമ്പോൾത്തന്നെ സ്ത്രീ ശരീരം അമിതമായ വൈദ്യവൽക്കരണത്തിന് വിധേയമാകുവാനും ഇത് കാരണമാകുന്നു. പൊതു അവസ്ഥ ഇതാകുമ്പോൾ തന്നെ ആശുപത്രി സൗകര്യങ്ങളുടെ പ്രാപ്യതക്കുറവും അന്ധവിശ്വാസവും ദാരി ദ്ര്യവും ഭൗതിക സൗകര്യങ്ങളുടെ കുറവും മൂലം ആദിവാസി-പിന്നാക്ക വിഭാഗങ്ങൾക്കിടയിൽ മാതൃ-ശിശു മരണങ്ങൾ കൂടുകയും ചെയ്യുന്നു.

### 1.5 കൂടിയ ആയുർദൈർഘ്യവും പ്രശ്നങ്ങളും

സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ മേഖലകളിലുണ്ടായ പുരോഗതി കേരളത്തിലെ ജനങ്ങളുടെ ആയുർദൈർഘ്യം ഏറെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് മൂലം വയോജനങ്ങളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ പുരുഷന്മാരുടെ ആയുർദൈർഘ്യം 74.9 വയസ്സും സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യം 76.9 വയസ്സും ആണ്. സെൻസസ് റിപ്പോർട്ട് അനുസരിച്ച് 60 വയസ്സിനുമുകളിൽ പ്രായമായവരുടെ ശതമാനം ഏറ്റവും കൂടുതൽ ഉള്ളത് കേരളത്തിലാണ്. മാത്രമല്ല 60 വയസ്സിന് മുകളിൽ പ്രായം ഉള്ളവരിൽ സ്ത്രീകളാണ് പുരുഷന്മാരേക്കാൾ കൂടുതൽ (സ്ത്രീകൾ 13.3 ശതമാനവും പുരുഷൻമാർ 11.8 ശതമാനവും ആണ്). അതുകൊണ്ടു തന്നെ വിധവ കളായ വയോജനങ്ങളുടെ എണ്ണവും കൂടുതലാണ്. സാമ്പത്തികമായ പരാശ്രിതത്വം, ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾ, പോഷകാഹാരക്കുറവ്, ഒറ്റപ്പെടൽ, ലൈംഗികാതിക്രമം, ഗാർഹികാതിക്രമം തുടങ്ങിയ നിരവധി സവിശേഷപ്രശ്നങ്ങൾ വൃദ്ധരായ സ്ത്രീകൾ നേരിടുന്നു ണ്ടെന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

## 2. സ്ത്രീകളും സുസ്ഥിര വികസന ലക്ഷ്യങ്ങളും (**Women & Sustainable Development Goals**)

ദാരിദ്ര്യം അവസാനിപ്പിക്കുക, ഭൂമിയെ സംരക്ഷിക്കുക, എല്ലാവർക്കും സമൃദ്ധി എന്നിവ 2030 ഓടെ കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ സുസ്ഥിരവികസന ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളത്. 2015 സെപ്തംബർ 25 നാണ് ഐക്യരാഷ്ട്രസഭയിലെ അംഗ രാഷ്ട്രങ്ങൾ 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ അംഗീകരിച്ചത്. അതിൻപ്രകാരം 15 വർഷത്തേക്കുള്ള കർമ്മപരിപാടി അംഗരാജ്യങ്ങൾ തയ്യാറാക്കി നടപ്പിലാക്കണം. 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനായി 165 പ്രവർത്തന ഇന ലക്ഷ്യങ്ങളും നിർണയിച്ചിട്ടുണ്ട്. ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സർക്കാരുകൾക്ക് മാത്രമല്ല സ്വകാര്യമേഖലക്കും സംഘടനകൾക്കും വ്യക്തികൾക്കും പങ്ക് വഹിക്കാനാകും.

സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ അഞ്ചാമത്തേത് ലിംഗസമത്വ(Gender Equality)മാണ്. താഴെ പറയുന്ന 9 പ്രവർത്തനഇന ലക്ഷ്യങ്ങളാണ് (Specific targets) ലിംഗസമത്വവുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിട്ടുള്ളത്.

- എല്ലാതരം വിവേചനങ്ങളും അവസാനിപ്പിക്കുക
- എല്ലാതരം അതിക്രമങ്ങളും അവസാനിപ്പിക്കുക
- ശൈശവവിവാഹം, നിർബന്ധിതവിവാഹം, പെൺഭ്രൂണഹത്യ എന്നിവ പൂർണമായും ഇല്ലാതാക്കുക
- സ്ത്രീകളുടെ ഗാർഹിക ജോലികളുടെ മൂല്യം തിരിച്ചറിയുക, ഈ ജോലിഭാരം കുറയ്ക്കുന്നതിനുള്ള സംവിധാനം കൈക്കൊള്ളുക
- തീരുമാനമെടുക്കുന്ന എല്ലാ വേദികളിലും സ്ത്രീകളുടെ നേതൃത്വവും പങ്കാളിത്തവും ഉറപ്പ് വരുത്തുക
- ആരോഗ്യസേവനങ്ങൾ, പ്രത്യേകിച്ച് പ്രത്യുല്പാദന കാലഘട്ടത്തിൽ എല്ലാ സ്ത്രീകൾക്കും സൗജന്യമായി ലഭ്യമാക്കുക
- സമ്പത്തിന്റേയും വരുമാനത്തിന്റേയും മേൽ സ്ത്രീകൾക്കുള്ള അവകാശം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- സ്ത്രീശാക്തീകരണത്തിനായി സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക
- ലിംഗതുല്യതക്കും സ്ത്രീകളുടേയും പെൺകുട്ടികളുടേയും ശാക്തീകരണത്തിനും വേണ്ടിയുള്ള നയങ്ങൾ പ്രഖ്യാപിക്കുകയും നിയമങ്ങൾ ഉണ്ടാക്കുകയും ചെയ്യുക

# 3. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ

സ്ത്രീകളുടെ ഉയർന്ന സാക്ഷരതാ നിരക്കും സാമൂഹിക വികസന സൂചികയിലെ മുന്നേറ്റവും സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾ കുറക്കാൻ കാരണമാകുന്നില്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സ്ത്രീകൾ അനുഭവിക്കേണ്ടി വരുന്ന അതിക്രമങ്ങളും അവയുടെ സവിശേഷതകളും ചുവടെ കൊടുക്കുന്നു.

**ഗാർഹികപീഢന നിരോധന നിയമം 2005**

സ്ത്രീകൾക്ക് പ്രത്യേക അവകാശ സംക്ഷണ വ്യവസ്ഥകൾ ഭരണഘടനയിലുണ്ട്. അപ്രകാരമുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു പ്രധാന നിയമമാണ് 2005 ലെ ഗാർഹികപീഢന നിരോധന നിയമം. 2006 ഒക്ടബോർ 26 നാണ് ഈ നിയമം നിലവിൽ വന്നത്. ഈ നിയമംപ്രകാരം ഗാർഹിക പീഢനങ്ങളെ ശാരീരികപീഢനം, വ്യാച്യമോ വൈകാരികമോ ആയ പീഢനം, ലൈംഗികമായ പീഢനം, സാമ്പത്തികമായ പീഢനം എന്നിങ്ങനെ നാലായി തിരിച്ചിട്ടുണ്ട്. പീഢനത്തിനിരയാകുന്നവരുടെ സംരക്ഷണത്തിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ 14 ജില്ലകളിലും ഓരോ വനിത സംരക്ഷണ ഉദ്യോഗസ്ഥരെ (Women Protection Officers) നിയമിച്ചിട്ടുണ്ട്. ഗാർഹികാതിക്രമമുണ്ടായതായി അറിഞ്ഞാൽ ഈ സംരക്ഷണ ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. പീഢനത്തിനിരയാകുന്നവരെ സഹായിക്കുന്നതിനുള്ള സേവനദാതാക്കളായി (Service Providers) 101 സർക്കാരിതര സംഘടനകളെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പീഢനത്തിനിരയാകുന്നവർക്ക് വേണ്ട പ്രത്യേക ആരോഗ്യസേവനങ്ങൾ നൽകാൻ എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികളേയും ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

### 3.1 ഭയാനകമാംവിധം വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ

ഗാർഹികാത്രിക്രമം, ബലാത്സംഗം, കൊലപാതകം, ലൈംഗിക വിൽപ്പനയ്ക്കായി പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകൽ (trafficking), തൊഴിൽസ്ഥലത്തെ ലൈംഗികപീഡനം, യാത്രാവേളയിലെ ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവ കേരളത്തിൽ കൂടിവരികയാണ്. മാത്രമല്ല സ്വഭവനങ്ങളിൽ പോലും സ്ത്രീകളും കുട്ടികളും ഇന്ന് സുരക്ഷിതരല്ല.

### 3.2 പ്രായഘട്ടവും അതിക്രമങ്ങളും

ഗർഭാവസ്ഥ തൊട്ട് വൃദ്ധാവസ്ഥ വരെയുള്ള എല്ലാ പ്രായഘട്ടത്തിലുമുള്ള സ്ത്രീകൾ അതിക്രമങ്ങൾക്കും ശാരീരിക-മാനസിക പീഡനങ്ങൾക്കും ലിംഗവിവേചനങ്ങൾക്കും ഇരയാകുന്നുണ്ട്. വ്യത്യസ്തമായ പ്രായഘട്ടത്തിൽ സ്ത്രീകൾ വ്യത്യസ്തമായ അതിക്രമങ്ങൾ നേരിടുന്നതായിട്ടാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പൊതുവായ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**പ്രായഘട്ടവും അതിക്രമങ്ങളും**

| പ്രായഘട്ടം | അതിക്രമത്തിന്റെ തരം |
|---|---|
| ജനനത്തിന് മുമ്പ് | പെൺഭ്രൂണഹത്യ നിർബന്ധിത ഗർഭധാരണവും ഗർഭിണിയായിരിക്കുമ്പോഴുളള ശാരീരിക പീഢനവും |
| ശൈശവം | പെൺ ശിശുഹത്യ. ശാരീരിക-മാനസിക പീഢനം. ഭക്ഷണത്തിലും ആരോഗ്യ സംരക്ഷണത്തിലുമുളള വിവേചനം, ബാലവേല |
| ബാല്യം (Childhood) | ബാല്യവിവാഹം, ശാരീരിക പീഢനം, ജനിതക ഭാഗങ്ങൾ മുറിച്ചു മാറ്റൽ. ആരോഗ്യ സംരക്ഷണത്തിലുള്ള വിവേചനം, പൊതുഇടങ്ങളിലും സ്വഭവനങ്ങളിൽ നിന്നുമുള്ള അതിക്രമം, പീഡനം, ബാലവേല |
| കൗമാരം | ലൈംഗീകാതിക്രമം, ജോലി സ്ഥലത്തെ പീഢനം, ബലാത്സംഗം, തട്ടികൊണ്ട് പോകൽ, പൂവാലശല്യം, സ്വഭവനത്തിൽ നിന്നുള്ള അതിക്രമം, പീഡനം, ബാലവേല |
| യൗവനം (പ്രത്യുൽപാദന കാലഘട്ടം) | ശാരീരിക മാനസിക പീഢനം, ലൈംഗീകാതിക്രമം, നിർബന്ധിത ഗർഭധാരണം, ഗർഭഛിദ്രം, വിധവകളോടുള്ള വിവേചനവും പീഢനവും, സ്വത്ത് തട്ടിയെടുക്കൽ |
| മുതിർന്ന സ്ത്രീകൾ | വിധവകളോടുള്ള ശാരീരിക-മാനസിക പീഢനം, സ്വത്ത് തട്ടിയെടുക്കൽ, ഒറ്റപ്പെടുത്തൽ, കുടുംബത്തിലെ ചെറുപ്രായക്കാരുടെ മോശം മനോഭാവവും പീഢനവും, വിവേചനം, അവഗണന, വൃദ്ധസദനങ്ങളിലെ അതിക്രമങ്ങൾ |

### 3.3 അതിക്രമങ്ങളുടെ കണക്കുകൾ

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളുടേയും പീഡനങ്ങളുടേയും വാർത്തകളില്ലാത്ത ഒരു ദിവസവും കടന്നു പോകുന്നില്ല. ഇത്തരം വാർത്തകൾ വാർത്തകളേ അല്ലാതായിക്കൊണ്ടിരിക്കുകയാണ്. ക്ഷണികമായ വൈകാരിക ചർച്ചകൾക്കപ്പുറം ഗൗരവമായ നടപടികളിലേക്ക് ഈ പ്രശ്നം എത്തുന്നില്ല. പീഡനങ്ങളും അതിക്രമങ്ങളും നടത്തുന്നവർ പണക്കരുത്തും കൈക്കരുത്തും രാഷ്ട്രീയ സ്വാധീനവും ഉപയോഗിച്ച് പരാതികളും പ്രശ്നങ്ങളും ഒതുക്കി തീർക്കുന്നു. അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ രക്ഷിക്കാൻ ബാധ്യസ്ഥരായ ഭരണകൂട-നീതിപീഠ സംവിധാനങ്ങളിൽ പരാതിപ്പെടാൻ പോലും അതിന് വിധേയരാകുന്നവർ പലപ്പോഴും മടിക്കുന്നു അല്ലെങ്കിൽ ഭയക്കുന്നു. പരാതിപ്പെട്ടവർ വീണ്ടും ഇരയാക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. സ്ഥിതിഗതികളുടെ അവസ്ഥ ഇതിൽ നിന്നെല്ലാം ഊഹിക്കാവുന്നതേയുള്ളൂ. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ പോലും റിപ്പോർട്ട് ചെയ്യപ്പെട്ട അതിക്രമങ്ങളുടേയും പീഡനങ്ങളുടേയും കണക്കുകൾ സ്ഥിതിഗതികൾ എത്ര ഭീതിജനകമാണെന്ന് താഴെ കൊടുത്തിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, പീഡനങ്ങൾ, കുറ്റകൃത്യങ്ങൾ (കേരളം)**

| ക്ര. നം | കുറ്റകൃത്യങ്ങളുടെയും അതിക്രമങ്ങളുടെ തരം | കുറ്റകൃത്യങ്ങളുടെ വർഷവും എണ്ണവും | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | **2007** | **2008** | **2009** | **2010** | **2011** | **2012** | **2013** | **2014** | **2015** | **2016** |
| 1. | ബലാത്സംഗം | 500 | 548 | 554 | 617 | 1132 | 1019 | 1221 | 1283 | 1263 | 1644 |
| 2. | പീഢനം | 2604 | 2756 | 2539 | 2939 | 3756 | 3735 | 4362 | 4357 | 3991 | 4035 |
| 3. | തട്ടിക്കൊണ്ടുപോകൽ | 166 | 167 | 171 | 175 | 221 | 214 | 185 | 145 | 177 | 157 |
| 4. | പൂവാലശല്യം | 262 | 255 | 394 | 539 | 573 | 498 | 404 | 257 | 265 | 332 |
| 5. | സ്ത്രീധന മരണം [304(B) IPC] | 22 | 25 | 21 | 21 | 15 | 32 | 21 | 19 | 7 | 24 |
| 6. | ഭർത്താവിൽ/ ഭർത്താവിന്റെബന്ധുക്കളിൽനിന്നുള്ള അതിക്രമങ്ങൾ | 3976 | 4135 | 3976 | 4788 | 5377 | 5216 | 4820 | 4810 | 3664 | 3454 |
| 7. | മറ്റ്കുറ്റകൃത്യങ്ങൾ | 1851 | 1820 | 1699 | 1702 | 2205 | 2288 | 2725 | 3009 | 3016 | 4415 |
| | **ആകെ** | **9381** | **9706** | **9354** | **10781** | **13279** | **13002** | **13738** | **13880** | **12383** | **4061** |

**അവലംബം: സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ടുകൾ**

## 3.4 സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, കുറ്റകൃത്യങ്ങൾ (ദേശീയം)

ദേശീയതലത്തിൽ പരിശോധിക്കുമ്പോഴും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്ര്യൂറോയുടെ കുറ്റകൃത്യങ്ങളുടെ കണക്കുകൾ നമ്മെ ആശങ്കപ്പെടുത്തുന്നവയാണ്. ചുവടെ കൊടുത്ത പട്ടിക കാണുക.

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, പീഡനങ്ങൾ, കുറ്റകൃത്യങ്ങൾ (ദേശീയം)**

| **വർഷം** | **എണ്ണം** | **2006 ൽ നിന്നുള്ള വർദ്ധനവിന്റെ %** | **വർഷം** | **എണ്ണം** | **2006 ൽ നിന്നുള്ള വർദ്ധനവിന്റെ %** |
|---|---|---|---|---|---|
| 2006 | 154158 | - | 2011 | 228650 | 48.32 |
| 2007 | 174921 | 13.47 | 2012 | 244270 | 58.45 |
| 2008 | 186617 | 21.06 | 2013 | 309546 | 100.80 |
| 2009 | 203804 | 32.20 | 2014 | 337922 | 119.20 |
| 2010 | 213585 | 38.54 | 2015 | 327394 | 112.38 |
| Source: National Crime Records Bureau Reports | | | | | |

കുറ്റകൃത്യങ്ങളുടെ കണക്കുകളും നിലവിലുള്ള സാഹചര്യങ്ങളും വിശകലനം ചെയ്യുമ്പോൾ താഴെ പ്പറയുന്ന വസ്തുതകൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു.

- എല്ലാ പ്രായത്തിൽപ്പെട്ട സ്ത്രീകളും അതിക്രമത്തിന് ഇരകളാകുന്നു.
- സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ നിത്യസംഭവങ്ങളായി മാറുന്നു
- ഗാർഹിക പീഢനത്തിന്റെ തോത് വളരെ വലുതാണ്.
- സ്ത്രീധന പ്രശ്നങ്ങൾ ഗൗരവമായി നിലനിൽക്കുന്നു
- വർദ്ധിച്ചു വരുന്ന ലൈംഗികാതിക്രമങ്ങൾ വലിയ വെല്ലുവിളി ഉയർത്തുന്നു
- കുട്ടികളും വ്യാപകമായി അതിക്രമങ്ങൾക്കിരയാകുന്നു

**നിർഭയ**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങളും ലൈംഗിക പീഢനങ്ങളും ലൈംഗിക വാണിഭങ്ങളും ലൈംഗികവൃത്തിക്കായുള്ള മനുഷ്യക്കടത്തും ഗുരുതരമായ സാമൂഹ്യപ്രശ്നമായി തീർന്നിരിക്കയാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ഒരു പ്രത്യേക പദ്ധതി 'നിർഭയ' എന്ന പേരിൽ 2012 ൽ സംസ്ഥാന സർക്കാർ ആവിഷ്കരിക്കുകയുണ്ടായി. നിർഭയ പദ്ധതിയുടെ രൂപരേഖ സാമൂഹ്യക്ഷേമവകുപ്പിന്റെ 13.3.2012 ലെ ജി.ഒ (എം.എസ്) നമ്പർ 17/2012 പ്രകാരം സർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2012 ലെ ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമവും 2013 ലെ സ്ത്രീകൾ തൊഴിലിടങ്ങളിൽ നേരിടുന്ന ലൈംഗിക പീഢനങ്ങളിൽ നിന്നുള്ള സംരക്ഷണ നിയമവും നിർഭയ പദ്ധതിക്ക് ശക്തിപകരാൻ സഹായകമായി.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗികാതിക്രമങ്ങളും കയ്യേറ്റങ്ങളും തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്, പുനരധിവാസം എന്നിങ്ങനെ നാല് തരം ഇടപെടലുകൾ നിർഭയ മുന്നോട്ട് വയ്ക്കുന്നു. ഇതിന്റെ നടത്തിപ്പിനായി സംസ്ഥാന-ജില്ലാ-പ്രാദേശികതലങ്ങളിൽ നിർഭയ സമിതികളുണ്ട്. സംസ്ഥാനതലത്തിൽ മുഖ്യമന്ത്രിയും ജില്ലാതലത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റും പ്രാദേശികതലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയറും ആണ് സമിതി ചെയർപേഴ്സൺമാർ. പ്രാദേശികതലത്തിൽ ജാഗ്രതാസമിതി തന്നെയാണ് നിർഭയ സമിതിയായി പ്രവര്ത്തിക്കേണ്ടത്. നിർഭയ പദ്ധതിയുടെ നടത്തിപ്പിനായി സാമൂഹ്യനീതി വകുപ്പിന്റെ ഡയറക്ടേറ്റിൽ ഒരു നിർഭയ സെൽ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഫോൺ നമ്പർ 0471-2331059, ഇ.മെയിൽ- nirbhayacell@gmail.com ആണ്.

- ഇരകളുടെ എണ്ണം നാൾക്കു നാൾ ഏറി വരുന്നു. അതിക്രമങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നം സ്ത്രീകളെ സംരക്ഷിക്കാനുള്ള സംവിധാനങ്ങൾ കൂടുതൽ ദുർബലമാകുന്നു.
- അതിക്രമങ്ങൾക്ക് വിധേയമായി പീഡനമനുഭവിച്ചവർക്ക് നീതീയോ സംരക്ഷണമോ വേണ്ട വിധം ലഭിക്കുന്നില്ല.
- നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല

# 4. കേരളത്തിലെ കുട്ടികളുടെ അവസ്ഥ

### 4.1. ആമുഖം

കുട്ടികളാണ് ഭാവിയുടെ പ്രതീക്ഷയും രാഷ്ട്ര വികസനത്തിന്റെ നാഴികക്കല്ലും എന്ന പ്രാധാന്യം മുന്നിൽ കണ്ട് കൊണ്ടു വേണം ഏത് വികസനത്തിന്റെ യും ഗതി നിർണ്ണയിക്കാൻ. കുട്ടികളുടെ അവകാശങ്ങൾ ക്കായുള്ള അന്തർദേശീയ ഉടമ്പടി (UNCRC) അനുസരിച്ചും ഇന്ത്യയിലെ ബാല നീതിനിയമം അനുസരിച്ചും 18 വയസ്സിനു താഴെയുള്ള എല്ലാവരെയും കുട്ടികളായി കണക്കാക്കുന്നു. നമ്മുടെ രാജ്യം പ്രഖ്യാപിച്ചിട്ടുള്ള കുട്ടികൾക്കായുള്ള അവകാശ പ്രഖ്യാപനത്തിൽ (Children's Charter) ഈ രാജ്യത്തെ പൗരന്മാരായ മുഴുവൻ കുട്ടികൾക്കും അതിജീവനം, വികസനം, പങ്കാളിത്തം, സംരക്ഷണം എന്നീ 4 അവകാശങ്ങൾ ഉറപ്പാക്കപ്പെടും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

കുട്ടികൾ ഒരു രാജ്യത്തിന്റെ അമൂല്യസമ്പത്താണെന്നും, കുട്ടികളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി നടത്തുന്ന നിക്ഷേപം ഭാവിയിലേക്കുള്ള മഹത്തായ നിക്ഷേപമാണെന്നും തിരിച്ചറിഞ്ഞു കൊണ്ട് മുഴുവൻ കുട്ടികൾക്കും ശാരീരികവും, മാനസികവും, സാമൂഹികവുമായ വളർച്ചക്കും വികാസത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.അവരുടെ ജീവിതം സന്തോഷകരമാക്കുന്നതിനോടൊപ്പം അവരിലൂടെ രാഷ്ട്രത്തിന്റെ പുരോഗതി ഉറപ്പ് വരുത്താനും കഴിയേണ്ടതുണ്ട്. ഇത്തരത്തിൽ കുട്ടികൾക്ക് അനുയോജ്യമായ ഒരു ലോകം സൃഷ്ടിക്കുക എന്നത് ആയിരിക്കണം സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും കാഴ്ചപ്പാടും സമീപനവും പ്രവർത്തനവും.

### 4.2. കുട്ടികളുടെ സമഗ്ര വികസന സമീപനത്തിന്റെ ആവശ്യം

0-18 വയസ്സ് വരെയുള്ള കുട്ടികളെ സംബന്ധിച്ച് ഏക മാത്രമായ കേന്ദ്രീകൃത സേവനം സാധ്യമല്ല. കാരണം, ഓരോ പ്രായത്തിലും കുഞ്ഞുങ്ങളുടെ ആവശ്യങ്ങളിലും, ധർമ്മങ്ങളിലും, പ്രശ്നങ്ങളിലും വ്യത്യാസങ്ങൾ ഉൾക്കൊള്ളുന്നു. ജനനം മുതൽ 18 വയസ്സ് വരെയുള്ള ഓരോ വികസന ഘട്ടങ്ങളിലും അനുയോജ്യമായ പരിചരണം ഏർപ്പെടുത്തുന്നതിനുള്ള ഒരു ജീവിതചക്ര സമീപനവും ഓരോ ഘട്ടത്തിലും കുട്ടികൾക്കാവശ്യമായ സേവനം ലഭിക്കുക എന്നത് അവരുടെ അവകാശമാണ് എന്ന കാഴ്ചപ്പാടും സ്വീകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യണം.

യാതൊരു വിവേചനവും കൂടാതെ ഓരോ കുട്ടിക്കും തങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട പ്രശ്ന പരിഹാരങ്ങൾക്ക് ഊന്നൽ നൽകി കൊണ്ടും ആവശ്യമെങ്കിൽ പ്രത്യേക പരിഗണന നൽകി കൊണ്ടും അവകാശാനുസൃതമായ ജീവിതചക്ര പരിഗണയോട് കൂടി സേവനങ്ങൾ പ്രദാനം ചെയ്യുന്ന നയ സമീപനമാണ് സമഗ്ര വികസന സമീപനം. ഗർഭധാരണം മുതൽ കൗമാരം വരെയുള്ള കുട്ടികളുടെ ഓരോ വികാസഘട്ടങ്ങൾക്കും അനുയോജ്യമായ പരിചരണം ഉറപ്പ് വരുത്തി അവരെ കഴിവുറ്റവരും ആരോഗ്യമുള്ളവരുമാക്കി തീർക്കുന്ന സമീപനമാണ് ജീവിതചക്ര സമീപനം. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം അവർക്ക്

നൽകുന്ന സേവനങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ട അവകാശങ്ങളാണ് എന്ന തിരിച്ചറിവാണ് അവകാശാധിഷ്ഠിത സമീപനത്തിന്റെ കാതൽ.

**കുട്ടികൾക്കുളള അവകാശങ്ങൾ**

| | |
|---|---|
| അതിജീവന അവകാശം (Survival)<br>• ജീവിക്കാനുളള അവകാശം<br>• പോഷണത്തിനുളള അവകാശം<br>• അവശ്യ ജീവിത സാഹചര്യങ്ങൾക്കുളള അവകാശം<br>• ആരോഗ്യകരമായ ജീവിതം നയിക്കാനുളള അവകാശം<br>• ശുചിത്വത്തിനുളള അവകാശം | വികാസത്തിനുളള അവകാശം (Development)<br>• വിദ്യാഭ്യാസം നേടുന്നതിനുളള അവകാശം<br>• സാമൂഹ്യ സുരക്ഷ<br>• പരിചരണം, വികസനം എന്നിവയ്ക്കുളള അവകാശം<br>• വിശ്രമം, വിനോദം, സാംസ്ക്കാരിക പ്രവർത്തനങ്ങൾ എന്നിവയ്ക്കുളള അവകാശം |
| പങ്കാളിത്ത അവകാശം (Participation)<br>• കുട്ടികളുടെ കാഴ്ച്ചപ്പാടുകളോടുളള പരിഗണന<br>• അഭിപ്രായ പ്രകടന സ്വാതന്ത്ര്യം<br>• കലാ-കായിക പ്രകടനം, വിനോദം<br>• ശരിയായ അറിവുകളുടെ ലഭ്യത<br>• ചിന്തിക്കാനും അഭിപ്രായപ്രകടനത്തിനുമുളള സ്വാതന്ത്ര്യം | സംരക്ഷണ അവകാശം(Protection)<br>(താഴെ പറയുന്നവയിൽ നിന്നുളള സംരക്ഷണം)<br>• ചൂഷണം, അതിക്രമം, പീഢനം<br>• ദുരുപയോഗം<br>• അവഗണന<br>• മാനുഷികമല്ലാത്തതും ഉചിതമല്ലാത്തതുമായ പെരുമാറ്റം<br>• ചില പ്രത്യേക സാഹചര്യങ്ങളിൽ വേണ്ട പ്രത്യേക സംരക്ഷണം. ഉദാ: അടിയന്തിരാവസ്ഥ, യുദ്ധം, വൈകല്യം |

കേരളത്തിലെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഭൂരിഭാഗവും അതിജീവന-വികാസ-സംരക്ഷണ അവകാശങ്ങൾ നിഷേധിക്കുന്നതുമൂലം ഉണ്ടാകുന്നവയാണ്. അത് കൊണ്ടു തന്നെ അതിജീവനം, വികസനം, പങ്കാളിത്തം എന്നീ മേഖലകളിലെ ഇടപെടലുകൾ ഫലവത്താകണമെങ്കിൽ അവകാശ സംരക്ഷണം ഉറപ്പാക്കാനുളള ഇടപെടൽ ഉണ്ടായേ പറ്റൂ.

### 4.3. രണ്ടാം തലമുറ പ്രശ്നങ്ങൾ

നമ്മുടെ രാജ്യത്ത് ഏറെ കുട്ടികൾ വളരെ ക്ലേശപൂർണ്ണമായ ജീവിതം നയിക്കുന്നുണ്ടെന്ന് കാണാം. ശിശുമരണം, പോഷണകുറവ്, രോഗബാധ, അരക്ഷിതത്വം, പീഢനങ്ങൾ, അഭിപ്രായ സ്വാതന്ത്ര്യകുറവ് എന്നിവക്കൊപ്പം കേരളത്തിലെ കുട്ടികൾ വളരെ സങ്കീർണ്ണമായ രണ്ടാം തലമുറ പ്രശ്നങ്ങളും നേരിടുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ കൊടുക്കുന്നു.

- രക്ഷിതാക്കളുടെ മദ്യപാനം
- ആത്മഹത്യാ പ്രവണത, മാനസിക ആരോഗ്യ കുറവ്
- കുട്ടികൾക്കിടയിലെ വർദ്ധിച്ച് വരുന്ന മദ്യപാന-മയക്ക് മരുന്ന് ശീലങ്ങൾ
- അണുകുടുംബം (ഒറ്റപ്പെടൽ, ചൂഷ ണം, ലൈംഗികാതിക്രമം)
- സൈബർ ക്രൈം
- സ്വഭാവ രൂപീകരണത്തിൽ മാധ്യമ ങ്ങളുടെ സ്വാധീനം
- മൊബൈൽ /ഇന്റർനെറ്റ് സംവിധാന ങ്ങളുടെ ദുരുപയോഗം
- വർദ്ധിച്ചു വരുന്ന വാഹനാപകട ങ്ങൾ
- അനിയന്ത്രിത ജീവിത ശൈലി
- കുടിവെള്ള മലിനീകരണവും ജല ജന്യ രോഗങ്ങളും
- അന്തരീക്ഷ മലിനീകരണവും വർദ്ധിച്ചു വരുന്ന രോഗാതുരതയും

**ജുവനൈൽ ജസ്റ്റിസ് ബോർഡ്**

2000 ലെ ബാലനീതിനിയമപ്രകാരം (Juvenile Justice [Care and Protection of Children] Act 2000) പതിനാലു ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ പ്രവർത്തിച്ചു വരുന്നു. കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളുമായി ബന്ധപ്പെട്ട നിയമ നടപടികൾ ബാലസൗഹൃദമായി കൈകാര്യം ചെയ്യുന്നതിനാണ് ഇവ പ്രവർത്തിക്കുന്ന ത്. ഒബ്സർവേഷൻ ഹോമുകളോടനുബന്ധിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. ചീഫ് ജുഡീഷ്യൽ മജി സ്ട്രേറ്റോ കുട്ടികളുടെ അവകാശ സംരക്ഷണവു മായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന തിൽ പ്രാവീണ്യമുള്ള ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജി സ്ട്രേറ്റോ ആണ്. ബോർഡിന്റെ പ്രിൻസിപ്പൽ മജി സ്ട്രേറ്റ്. ഒരു വനിത ഉൾപ്പടെ രണ്ട് സാമൂഹ്യപ്ര വർത്തകരേയും ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2000 ലെ ബാലനീതി നിയമത്തിന് 2006 ലും 2010 ലും ഭേദഗതികളുണ്ടായിട്ടുണ്ട്. മാത്രമല്ല 2000 ലെ നിയമം റദ്ദാക്കിക്കൊണ്ട് 2015 ൽ പുതിയ നിയമവും പ്രാബ ല്യത്തിൽ വന്നിട്ടുമുണ്ട്.

- പ്രവാസവുമായി (Non Resident) ബന്ധപ്പെട്ട പ്രശ്നങ്ങൾ
- ഏക രക്ഷിതാവിനാൽ വളർത്തപ്പെടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ
- സ്വകുടുംബത്തിൽ കുട്ടികൾ അനുഭവിക്കുന്ന അവഗണനയും, പീഢനവും, അനാഥത്വവും
- ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളുടെ വിദ്യാഭ്യാസ-ആരോഗ്യ ആവശ്യങ്ങൾ

കുട്ടികളുടെ വികസനത്തിനും അവരെ രാഷ്ട്രപുരോഗതിയിൽ പങ്കാളികളാക്കുന്നതിനും മേൽപ്പ റഞ്ഞ രണ്ടാം തലമുറ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്.

### 4.4. പ്രത്യേക ശ്രദ്ധയും പരിഗണനയും ആവശ്യമായ കുട്ടികൾ

- ഓരോ കുട്ടിയുടെയും ജീവിത-സാമൂഹ്യസാഹചര്യങ്ങൾ വ്യത്യസ്തമാണ്. അത് കൊണ്ട് തന്നെ അവരിൽ പലർക്കും അവരുടെ ജീവിത വിജയത്തിന് സമൂഹത്തിന്റെ പ്രത്യേക പരിഗണന ആവശ്യമാണ്. താഴെ പറയുന്നവർ പ്രത്യേക പരിഗണന ആവശ്യമായ കുട്ടികളുടെ ഗണത്തിൽപെടുന്നു.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ
- ബാലവേല ചെയ്യുന്നവർ
- തെരുവ് കുട്ടികൾ
- ബാല ഭിക്ഷാടനം നടത്തുന്നവർ
- അനാഥരായ കുട്ടികൾ
- മദ്യപാനത്തിനും മയക്ക് മരുന്നി നും അടിമകളായ രക്ഷിതാക്കളുടെ കുട്ടികൾ
- ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ
- അവിവാഹിതരായ അമ്മമാരുടെ കുട്ടികൾ
- ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ
- മാതാപിതാക്കളാൽ അവഗണിക്കപ്പെടുന്ന കുട്ടികൾ
- ഉപേക്ഷിക്കപ്പെട്ടവർ
- മാറാരോഗികളുടേയും എയ്ഡ്സ് രോഗികളുടേയും കുട്ടികൾ
- രണ്ടാനമ്മ, രണ്ടാനച്ഛന്റെ സംരക്ഷണത്തിൽ കഴിയുന്നവർ
- ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്നവരുടേയും കുറ്റകൃത്യങ്ങൾ ചെയ്യുന്നവരുടേയും കുട്ടികൾ

**ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC)കൾ**

കേന്ദ്രസർക്കാർ പാസാക്കിയ 2000 ലെ Juvenile Justice Act പ്രകാരം രൂപീകരിച്ചിട്ടുള്ളവയാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ. കുട്ടികൾ നേരിടുന്ന അതിക്രമങ്ങൾ, പീഢനങ്ങൾ, അവകാശലംഘനങ്ങൾ ലൈംഗികാതിക്രമങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ അവകാശം, സുരക്ഷ, സംരക്ഷണം, പുനരധിവാസം എന്നിവയെക്കുറിച്ച് അന്വേഷിച്ച് പുനരധിവാസ നടപടികളെടുക്കുന്നതിനും വേണ്ടിയാണ് ഇവ പ്രവർത്തിക്കുന്നത്. കേരളത്തിൽ 14 ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ചെയർപേഴ്സണും നാല് അംഗങ്ങളുമടങ്ങുന്നതാണ് (ഒരാൾ വനിത) കമ്മിറ്റി. കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ധരും സാമൂഹ്യപ്രവർത്തകരുമായിരിക്കും ഈ കമ്മിറ്റിയിലെ അംഗങ്ങൾ. വിരമിച്ച ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിലുള്ള സെലക്ഷൻ കമ്മിറ്റിയാണ് കമ്മിറ്റിയിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. കമ്മിറ്റി അംഗങ്ങളുടെ കാലാവധി 3 വർഷമാണ്. ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അധികാരമുള്ളവയാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ.

പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾ വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നു. ഇവരിൽ പലരും ചെറു പ്രായത്തിൽ തന്നെ അവഗണനയും ചൂഷണവും പീഢനവും നേരിടുന്നത് കൊണ്ട് കുറ്റവാസനകളിലേക്കും സാമൂഹ്യ വിരുദ്ധ സ്വഭാവങ്ങളിലേക്കും നയിക്കപ്പെടാനുള്ള സാഹചര്യവും കൂടുതൽ ആണ്. അത് കൊണ്ട് പ്രത്യേക ശ്രദ്ധയും പരിഗണനയും ആവശ്യമായ കുട്ടികളുടെ ജീവിത സാഹചര്യവും, അപകടത്തിൽപെടാനുള്ള സാധ്യതയും ശ്രദ്ധാപൂർവ്വം വീക്ഷിക്കേണ്ടതും പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**4.5. ലിംഗാനുപാതം കുട്ടികളിൽ**

| ലിംഗാനുപാതം വിവിധ പ്രായഘട്ടങ്ങളിൽ(കേരളം) | |
|---|---|
| പ്രായഘട്ടം | ലിംഗാനുപാതം |
| 0–6 | 964 |
| 7–14 | 962 |
| 15–19 | 965 |
| 20–55 | 1127 |
| 60ന് മുകളിൽ | 1224 |

അവലംബം-**സെൻസസ് 2011**

0-മുതൽ 18 വയസ്സ് വരെ പ്രായമുള്ളവരാണ് കുട്ടികൾ എന്ന് കുട്ടികൾക്കായുള്ള അന്തർദേശീയ അവകാശഉടമ്പടി (UNCRC ) നിർവചിക്കുന്നത്. 2011 Census പ്രകാരം കേരളത്തിൽ 0 മുതൽ 18 വയസ്സ് വരെ പ്രായപരിധിയിൽ 99.3 ലക്ഷം കുട്ടികളാണുള്ളത്. ഇത് കേരളത്തിലെ ജനസംഖ്യയുടെ 29.72% ആണ്. ഇന്ത്യയിൽ 13.6% കുട്ടികളാണ് 0 മുതൽ 6 വയസ്സ് വരെയുള്ള പ്രായഘട്ടത്തിൽ ഉൾപ്പെടുന്നത്. കേരളത്തിലാകട്ടെ ഇത് 10.4 ശതമാനമാണ്. 2011 ലെ സെൻസസ് പ്രകാരം ലിംഗാനുപാതം ഇന്ത്യയിൽ 943 (1000 പുരുഷന്മാരുള്ളപ്പോൾ 943 സ്ത്രീകൾ) ആണ്. കേരളത്തിലാണെങ്കിൽ ഇത് 1084 ആണ്. എന്നാൽ 0-6 പ്രായഘട്ടത്തിൽ പെൺകുട്ടികളുടെ എണ്ണത്തിൽ ഇന്ത്യയിൽ മൊത്തത്തിലും കേരളത്തിൽ പ്രത്യേകിച്ചും കുറവു വരുന്നതായി മനസ്സിലാക്കാം. ഇന്ത്യയിൽ ഇത് 919 ആണ്. കേരളത്തിലും സ്ഥിതി ആശാവഹമല്ല, 1000 ആൺകുട്ടികൾ ഉള്ളപ്പോൾ 964 പെൺകുട്ടികളേ ഉള്ളൂ.

**കുട്ടികളുടെ (0-6) ലിംഗാനുപാതം (ജില്ലതിരിച്ച്)**
**(1000 ആൺകുട്ടികൾ ഉള്ളപ്പോൾ പെൺകുട്ടികളുടെ എണ്ണം)**

| | |
|---|---|
| **കാസർഗോഡ്** | 984 |
| കണ്ണൂർ | 956 |
| വയനാട് | 954 |
| കോഴിക്കോട് | 966 |
| മലപ്പുറം | 979 |
| പാലക്കാട് | 963 |
| തൃശ്ശൂർ | 953 |

| | |
|---|---|
| എറണാകുളം | 948 |
| ഇടുക്കി | 970 |
| കോട്ടയം | 957 |
| ആലപ്പുഴ | 962 |
| പത്തനംതിട്ട | 968 |
| കൊല്ലം | 961 |
| തിരുവനന്തപുരം | 955 |

(അവലംബം- **സെൻസസ് 2011**)

**4.6. ശൈശവവിവാഹം**

കേരളത്തിൽ വ്യാപകമായ രീതിയിൽ ശൈശവവിവാഹങ്ങൾ, പ്രത്യേകിച്ച് പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ വിവാഹങ്ങൾ നടന്നു വരുന്നു. ഇത് അവരുടെ ശാരീരിക-മാനസിക ആരോഗ്യത്തിന് മാത്രമല്ല, വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക പുരോഗതിക്കും പ്രശ്നങ്ങൾ സൃഷ്ടിക്കും. ശൈശവവിവാഹം കുട്ടികളുടെ അവകാശസംരക്ഷണത്തിന്റെ നിഷേധമാണ് എന്ന് മാത്രമല്ല നിയമവിരുദ്ധമാണ്. 2006 ലെ ശൈശവിവാഹ നിരോധന നിയമ പ്രകാരം, ജാതി-മതഭേദമെന്യേ 18 വയ

സ്സിൽ താഴെയുള്ള പെൺകുട്ടിയേയോ 21 വയസ്സിൽ താഴെയുള്ള ആൺകുട്ടിയേയോ വിവാഹം ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്താൽ  അത് ശിക്ഷാർഹമാണ്.  സാമൂഹ്യനീതി വകുപ്പിലെ സി. ഡി.പി.ഒ മാരെ ശൈശവ വിവാഹനിരോധന ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ശക്ത മായ നിയമവും അത് നടപ്പിലാക്കാനുള്ള സംവിധാനങ്ങളുമൊക്കെ നിലനില്ക്കുമ്പോഴും വളരെ യേറെ ശൈശവവിവാഹങ്ങൾ നടക്കുകയും ചെയ്യുന്നു. ശരാശരി വിവാഹപ്രായം 24.4 വയസ്സ് ആണെന്നിരിക്കെ 2011ലെ സെൻസസ് റിപ്പോർട്ടുകൾ പ്രകാരം കേരളത്തിൽ നടക്കുന്ന ശൈശവവി വാഹങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

**കേരളത്തിലെ ശൈശവവിവാഹങ്ങൾ**

| **ജില്ല** | **15 വയസ്സിന് താഴെ വിവാഹിതരായ പെൺകുട്ടികൾ (എണ്ണം)** | **ജില്ല** | **15 വയസ്സിന് താഴെ വിവാഹിതരായ പെൺകുട്ടികൾ (എണ്ണം)** |
|---|---|---|---|
| തിരുവനന്തപുരം | 2537 | തൃശ്ശൂർ | 1660 |
| കൊല്ലം | 533 | പാലക്കാട് | 1867 |
| പത്തനംതിട്ട | 925 | മലപ്പുറം | 3615 |
| ആലപ്പുഴ | 1834 | കോഴിക്കോട് | 2082 |
| കോട്ടയം | 1171 | വയനാട് | 533 |
| ഇടുക്കി | 643 | കണ്ണൂർ | 1943 |
| എറണാകുളം | 1834 | കാസർഗോഡ് | 856 |
| | | **ആകെ** | **23183** |

(അവലംബം- **സെൻസസ് റിപ്പോർട്ട് 2011**)

#### 4.7. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, പീഢനങ്ങൾ, ചൂഷണങ്ങൾ

കുട്ടികൾക്കെതിരായ അതിക്രമങ്ങളും പീഢനങ്ങളും കേരളത്തിൽ അനുദിനം വർദ്ധിച്ചു വരുന്ന തായി കാണാൻ സാധിക്കും. ശാരീരികപീഢനം, മാനസികപീഢനം, ലൈംഗീകപീഢനം, തട്ടികൊ ണ്ടുപോകൽ, കുട്ടിക്കടത്ത്, മനുഷ്യക്കടത്ത് അവഗണന എന്നിവയെയെല്ലാം പീഢനങ്ങളായിട്ടാണ് കണക്കാക്കുന്നത്. 2008 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ കുട്ടികൾക്കെതിരെ നടന്നിട്ടുള്ള അതിക്രമങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും കണക്കുകൾ ചുവടെ കൊടുക്കുന്നു.

**കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, പീഢനങ്ങൾ, കുറ്റകൃത്യങ്ങൾ (കേരളം)**

| ക്ര.നം | കുറ്റകൃത്യങ്ങളുടെ / അതിക്രമങ്ങളുടെ തരം | കുറ്റകൃത്യങ്ങളുടെ വർഷവും എണ്ണവും | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 2008 | 2009 | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 |
| 1. | കൊലപാതകം | 37 | 44 | 41 | 46 | 34 | 40 | 44 | 39 | 30 |
| 2. | ബലാത്സംഗം | 215 | 235 | 208 | 423 | 455 | 637 | 754 | 720 | 929 |
| 3. | ശിശുഹത്യ | 0 | 0 | 1 | 1 | 0 | 0 | 0 | 4 | 1 |
| 4. | തട്ടിക്കൊണ്ടുപോകൽ | 87 | 83 | 111 | 129 | 147 | 136 | 130 | 171 | 149 |
| 5. | ഭ്രൂണഹത്യ | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 0 |
| 6. | ആത്മഹത്യ | 4 | 0 | 3 | 2 | 3 | 9 | 5 | 3 | 4 |
| 7. | ഉപേക്ഷിക്കൽ | 6 | 7 | 9 | 4 | 4 | 4 | 5 | 4 | 4 |
| 8. | പെൺകുട്ടികളെ വിലയ്ക്ക് വാങ്ങൽ | 13 | 14 | 6 | 9 | 10 | 15 | 4 | 3 | 4 |
| 9. | ശൈശവവിവാഹം | 4 | 0 | 6 | 3 | 6 | 11 | 19 | 13 | 8 |
| 10. | മറ്റുള്ള കുറ്റകൃത്യങ്ങൾ | 183 | 206 | 211 | 835 | 664 | 1024 | 1325 | 1427 | 1770 |
| | ആകെ | 549 | 589 | 596 | 1452 | 1324 | 1877 | 2286 | 2384 | 2899 |

**അവലംബം: സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ടുകൾ**

കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ഓരോ വർഷവും വർദ്ധനവ് ഉണ്ടാകുന്നു. കുട്ടികളിൽ സർഗശേഷിയും അവകാശബോധവും വളർത്തിയെടുക്കേണ്ട വിദ്യാലയങ്ങളും കലാലയങ്ങളും പോലും ഇന്ന് അവരുടെ അവകാശനിഷേധത്തിന്റേയും സ്വാതന്ത്ര്യനിഷേധത്തിന്റേയും പീഡനത്തിന്റേയും കേന്ദ്രങ്ങളായി മാറുന്ന ദയനീയമായ കാഴ്ച്ചയും നാം കാണുന്നു. കുറ്റകൃത്യങ്ങളിൽ ബലാത്സംഗം ഒന്നാം സ്ഥാനത്ത് നിൽക്കുന്നു എന്നത് ഏറ്റവും ക്രൂരമായ അനുഭവങ്ങൾ കുട്ടികൾ നേരിടുന്നു എന്നതിന്റെ തെളിവാണ് . കുട്ടികൾക്ക് എതിരെ നടക്കുന്ന പീഢനങ്ങളുടെ വളരെ ചെറിയ ശതമാനം മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നതെന്നും ഓർക്കേണ്ടതുണ്ട്.

ദേശീയതലത്തിലും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും വർദ്ധിച്ചു വരുന്നതായി കാണാം. താഴെ കൊടുത്ത പട്ടിക അതിന് തെളിവാണ്.

**കുട്ടികൾക്കെതിരായ അതിക്രമങ്ങൾ,പീഢനങ്ങൾ, കുറ്റകൃത്യങ്ങൾ (ദേശീയം)**

| ക്രമ നമ്പർ | വർഷം | അതിക്രമങ്ങളുടെ എണ്ണം | 2006 ൽ നിന്നുള്ള വർദ്ധനവിന്റെ % |
|---|---|---|---|
| 1. | 2009 | 24201 | -------- |
| 2. | 2010 | 26694 | 8.65 |
| 3. | 2011 | 33038 | 36.52 |
| 4. | 2012 | 38172 | 57.73 |
| 5. | 2013 | 58224 | 140.58 |
| 6. | 2014 | 89423 | 269.50 |
| 7. | 2015 | 94172 | 289.12 |

Source- National Crime Records Bureau Reports

കുട്ടികൾക്കെതിരായ അതിക്രമങ്ങളും പീഢനങ്ങളും തടയുന്നതിനായി POCSO ഉൾപ്പെടെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങളും RTE ഉൾപ്പടെയുള്ള അവകാശസംരക്ഷണ നിയമങ്ങളും ICDS, CWC, ICPS, DCPu, Nirbhaya, Childline, JJ Board, ബാലാവകാശ കമ്മീഷൻ, ജാഗ്രതാ സമിതി പോലുള്ള സംവിധാനങ്ങളും ഉണ്ടായിട്ടും എന്തുകൊണ്ട് നമ്മുടെ കുട്ടികൾ അവകാശനിഷേധങ്ങൾക്കും അതിക്രമങ്ങൾക്കും പീഢനങ്ങൾക്കും വിധേയരായിക്കൊണ്ടിരിക്കുന്നു എന്ന് ഗൗരവമായി ചിന്തിക്കാൻ ഇനിയും വൈകിക്കൂടാ. കുട്ടികളുടെ അവകാശസംരക്ഷണങ്ങൾക്ക് വേണ്ട മുൻകരുതലു കളും നടപടികളും ഉണ്ടാകാൻ കൂട്ടായ പരിശ്രമം എത്രയും വേഗം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും വിധേയരാകുന്ന നീതിയും അവകാശങ്ങളും നിഷേധിക്കപ്പെടുന്ന കുട്ടികളോടൊപ്പം നിന്ന് കുറ്റവാളികൾക്കെതിരെ വിരൽ ചൂണ്ടാനെങ്കിലും നമുക്ക് കഴിയുന്നില്ല എങ്കിൽ കുട്ടികൾ അതിക്രമങ്ങൾക്കും പീഢനങ്ങൾക്കും ചൂഷണങ്ങൾക്കും ഇനിയും വിധേയമായിക്കൊണ്ടിരിക്കും .

## 5. ജാഗ്രതാ സമിതി

സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളും പീഡനങ്ങളും തടയുന്നതിനും അവർക്കുണ്ടാകുന്ന പ്രശ്നങ്ങളിൽ അവരുടെ പക്ഷത്ത് നിന്ന് പരിഹാരം ഉണ്ടാക്കിക്കൊടുക്കുന്നതിനും വേണ്ടിയുള്ള സംവിധാനമാണ് ജാഗ്രതാ സമിതി. ജാഗ്രതാസമിതി പ്രവർത്തനം സംബന്ധിച്ച് വിശദമായ മാർഗരേഖ സാമൂഹ്യക്ഷേമ വകുപ്പിന്റെ 23.6.2007 ലെ സ.ഉ(എം.എസ്) നം 31/07 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതനുസരിച്ച് വാർഡ് തലത്തിലും പഞ്ചായത്ത്/നഗരസഭ തലത്തിലും ജില്ലാതലത്തിലും ജാഗ്രതാ സമിതികൾ

പ്രവർത്തിക്കേണ്ടതുണ്ട്. ജാഗ്രതാ സമിതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ 3, 4, 5 അദ്ധ്യായങ്ങളിൽ കൊടുത്തിട്ടുണ്ട്. ജാഗ്രതാ സമിതികളെ ഫലപ്രദമായി പ്രവർത്തിപ്പിക്കുക എന്നത് തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഒരു പ്രധാന ഉത്തരവാദിത്തമാണ്.

## 6. സുരക്ഷക്കുള്ള സംവിധാനങ്ങൾ

6.1 സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങളും പീഢനങ്ങളും അവകാശ-നീതി നിഷേധങ്ങളും തടയുന്നതിനും അവരുടെ സുരക്ഷക്കുമായി പൊതുവായുള്ളതും പ്രത്യേകമായുള്ളതുമായ ഒട്ടേറെ സംവിധാനങ്ങൾ നിലവിലുണ്ട്. അങ്ങനെയുള്ള സംവിധാനങ്ങളിൽ പ്രധാനപ്പെട്ടവയും അവയിലൂടെ എന്ത് സൗകര്യം/സേവനം/സംരക്ഷണമാണ് ലഭ്യമാകുക എന്നും ചുവടെ കൊടുത്ത പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്നു. താഴെ കൊടുത്തവയിൽ One Stop Crisis Cell(OSCC) ന്റെ നടത്തിപ്പ് ചുമതല സാമൂഹ്യനീതി വകുപ്പിന്റെ പങ്കാളിത്തത്തോടെ ആരോഗ്യവകുപ്പിനും മറ്റെല്ലാ സംവിധാനങ്ങളുടേയും നടത്തിപ്പ് ചുമതല സാമൂഹ്യനീതി വകുപ്പിനുമാണ്.

| ക്രമ നം | സംവിധാനം | ബാധകമായ നിയമങ്ങൾ | ആരെ/എവിടെ ബന്ധപ്പെടണം? | ഉപയോഗപ്പെടുത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 1. | Women Protection Officer | DV Act 2005 | 14 ജില്ലകളിലേയും Women Protection Officer മാർ | സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനങ്ങൾ |
| 2. | സ്ത്രീധന നിരോധന ഓഫീസർ | സ്ത്രീധന നിരോധന നിയമം 1961 | സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ (മുഖ്യ സ്ത്രീധന നിരോധന ഓഫീസർ), റീജിയണൽ സ്ത്രീധന നിരോധന ഓഫീസർമാർ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) | സ്ത്രീധനം സംബന്ധിച്ചുള്ള പരാതികൾ |
| 3. | ശൈശവവിവാഹനിരോധന ഓഫീസർ | Child Marriage Protection Act 2012 | ഓരോ Integrated Child Development Project ലേയും സി.ഡി.പി.ഒ മാർ (ബ്ലോക്ക്തലത്തിലും നഗരസഭാതലത്തിലും) | ശൈശവ വിവാഹങ്ങൾ തടയുന്നതിനും അത് നടത്തിക്കൊടുക്കുന്ന വരെ ശിക്ഷാനടപടികൾക്ക് വിധേയമാക്കുന്നതിനും |
| 4. | നിർഭയ സെൽ | Nirbhaya Policy 2012, POCSO 2012 തൊഴിലിടങ്ങളിൽ ലൈംഗികാതിക്രമം തടയൽ നിയമം 2013 | തദ്ദേശസ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ, ജില്ലാതല നിർഭയസെൽ, സംസ്ഥാന നിർഭയ സെൽ | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ |

| ക്രമ നം | സംവിധാനം | ബാധകമായ നിയമങ്ങൾ | ആരെ/എവിടെ ബന്ധപ്പെടണം? | ഉപയോഗപ്പെടു ത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 5. | Integrated Child Protection Scheme(ICPS) | JJ Act 2000/2015 | District Child Protection Unit (DCPU) | കുട്ടികൾക്കെതിരെ യുള്ള അവകാശനി ഷേധങ്ങൾ, അതിക്രമ ങ്ങൾ എന്നിവയിൽ നിന്ന് സംരക്ഷണം |
| 6. | Juvenile Justice Board(JJ Board) | JJ Act 2000/2015 | അതത് ജില്ലകളിലെ ചീഫ് ജുഡീഷ്യൽ മജി സ്ട്രേറ്റ് /ചുമതലയുള്ള ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് (Principal Magistrate, JJ Board) | നിയമവുമായി പൊരു ത്തപ്പെടാത്ത കുട്ടിക ളുടെ സുരക്ഷ, വിക സനം, പുനരധിവാ സം, സംരക്ഷണം എന്നീ കാര്യങ്ങൾക്ക് വേണ്ടി |
| 7. | Child Welfare Committee(CWC) | JJ Act 2000/2015 | 14 ജില്ലകളിലേയും Child Welfare Committee കൾ (Chairman CWC) | ശ്രദ്ധയും സംരക്ഷ ണവും ആവശ്യമായ കുട്ടികളുടെ അവകാ ശം, സുരക്ഷ, സംര ക്ഷണം, പുനരധി വാസം എന്നീ ആവശ്യങ്ങൾക്ക് വേണ്ടി |
| 8. | Special Juvenile Police Unit (SJPU) | JJ Act 2000/2015 | Crime Detachment , DySP District Special Juvenile Police Unit | കുട്ടികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളുടെ അന്വേഷണം, ഏകോ പനം |
| 9. | CHILDLINE | CIF(Registered NGO & Central Nodal Agency for Childline Service) | ജില്ലാതല സേവനം, Toll free Phone No1098 | കുട്ടികൾക്കെതിരെ യുള്ള എല്ലാവിധ അതിക്രമങ്ങളിൽ നിന്നും പീഢനങ്ങ ളിൽ നിന്നുമുള്ള സംരക്ഷണം |
| 10. | KELSA/DLSA/TLSC | | KELSA സംസ്ഥാനതല യൂണിറ്റ്, DLSA ജില്ലാതല യൂണിറ്റുകൾ, TLSC താലൂക്ക്തല യൂണിറ്റുകൾ | പീഢനത്തിനും അതി ക്രമങ്ങൾക്കും ഇരയാകുന്നവർക്ക് നിയമസഹായം ജാഗ്ര താസമിതികൾക്ക് നിയമസഹായ പരിശീ ലനങ്ങൾ |
| 11. | One Stop Crisis Cell (OSCC) | നിർഭയ പദ്ധതി | ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രി കൾ, മെഡിക്കൽ കോളേജ് ആശുപത്രി കൾ (21 സെല്ലുകൾ) | സ്ത്രീകൾക്കും കുട്ടികൾക്കും എതി രെയുള്ള ലൈംഗികാ തിക്രമങ്ങൾ, സ്ത്രീകൾക്കെതിരായ ഗാർഹിക പീഢനം |

| ക്രമ നം | സംവിധാനം | ബാധകമായ നിയമങ്ങൾ | ആരെ/എവിടെ ബന്ധപ്പെടണം? | ഉപയോഗപ്പെടു ത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 12. | പ്രത്യേക പോലീസ് ഓഫീസർ (OSCC) | നിർഭയ പദ്ധതി | ജില്ലാതലത്തിൽ പ്രത്യേക ചുമതലയുള്ള കുറ ഞ്ഞത് 7 പോലീസ് ഇൻസ്പെക്ടർമാർ | സ്ത്രീകൾക്കും കുട്ടികൾക്കും എതി രെയുള്ള എല്ലാ കുറ്റ കൃത്യങ്ങളുടേയും അന്വേഷണം, അതിക്ര മങ്ങൾക്ക് ഇരയായ വർക്ക് വേണ്ട സഹായം |
| 13. | പ്രത്യേക മെഡി ക്കൽ ഓഫീസർ | DV Act 2005 | സംസ്ഥാനത്തെ എല്ലാ ജില്ലാ-താലൂക്ക് ആശുപ ത്രികൾ | ഗാർഹികപീഢനം, ലൈംഗിക പീഢനം എന്നിവയ്ക്ക് വിധേയ രാകുന്ന സ്ത്രീകൾ |
| 14. | പ്രത്യേക മെഡി ക്കൽ ഓഫീസർ (OSCC) | നിർഭയ പദ്ധതി | ജില്ലാ-താലൂക്ക് ആശുപ ത്രികളിലെ പ്രത്യേകം ചുമതലപ്പെടുത്തിയ ഗൈനക്കോളജിസ്റ്റുകൾ | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ യുള്ള അതിക്രമങ്ങൾ |
| 15. | ബാലാവകാശ സംര ക്ഷണ കമ്മീഷൻ | National Commission for Protection of Child Rights Act, 2005 | സംസ്ഥാന ബാലാവ കാശ സംരക്ഷണ കമ്മീ ഷൻ | എല്ലാ അവകാശനിഷേ ധങ്ങളിൽ നിന്നും കുട്ടികൾക്ക് സംര ക്ഷണം ലഭിക്കാൻ |
| 16. | വനിതാ കമ്മീഷൻ | ദേശീയ സംസ്ഥാന വനിതാകമ്മീ ഷൻ നിയമം | സംസ്ഥാന വനിതാകമ്മീ ഷൻ | എല്ലാ അവകാശനിഷേ ധങ്ങളിൽ നിന്നും സ്ത്രീകൾക്ക് സംര ക്ഷണം ലഭിക്കാൻ |

### 6.2 മിത്ര 181

പൊതുസ്ഥലങ്ങൾ സ്ത്രീകൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമാക്കുന്നതിനും അവിടെ അവർ പ്രശ്നങ്ങൾ നേരിടുമ്പോൾ അവരെ തത്സമയം സഹായിക്കുന്നതിനുമായി ഏർപ്പെടുത്തിയിട്ടുള്ള ടോൾഫ്രീ-ഹെൽപ് ലൈൻ സംവിധാനമാണ് മിത്ര 181. 181 എന്ന ഫോൺ നമ്പറിൽ 24 മണി ക്കൂറും സേവനം ലഭ്യമാകുന്നു. ലാന്റ് ലൈനിൽ നിന്നും മൊബൈൽ ഫോണിൽ നിന്നും വിളിക്കാം. സഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള ഫോൺവിളി ലഭിച്ചാൽ, ലഭിച്ച സന്ദേശം അതത് ജില്ലകളിലെ പോലീസിനും ചൈൽഡ് ലൈൻ പ്രവർത്തകർക്കും കൈമാറും. തുടർനടപടികൾ അവർ സ്വീകരി ക്കും. ആശുപത്രികൾ, ആംബുലൻസ് സേവനങ്ങൾ എന്നിവ ആവശ്യമെങ്കിൽ അതും ലഭ്യമാക്കും. കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷനാണ് മിത്ര 181 ന്റെ പ്രവർത്തനം ഏകോപിപ്പിക്കു ന്നത്. രാജ്യവ്യാപകമായി സ്ത്രീസുരക്ഷാ സംവിധാനം ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ സംവിധാനം ഇവിടെയും ഒരുക്കിയിട്ടുള്ളത്.

### 6.3 പിങ്ക് പെട്രോൾ (Pink Patrol)

പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനാതിനായി കേരള പോലീസ് ആരംഭിച്ചിട്ടുള്ള സംവിധാനമാണ് പിങ്ക് പെട്രോൾ (Pink Beat Patrol). ഓരോ ജില്ല യിലേയും പോലീസ് മേധാവിയുടെ ചുമതലയിലാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. പിങ്ക് പെട്രോൾ ടീമിന്റെ നേതൃത്വം പ്രത്യേക പരിശീലനം നേടിയ ഒരു വനിതാപോലീസ് ഓഫീസർക്കാണ്.

കെ.എസ്.ആർ.ടി.സി ബസ്സുകളിലും സ്വകാര്യബസ്സുകളിലും സ്ത്രീകൾ, വയോജനങ്ങൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകൾ അവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, പൂവാലശല്യം ഉൾപ്പടെ സ്ത്രീകൾക്കും പെൺകുട്ടി കൾക്കും നേരെ പൊതുസ്ഥലങ്ങളിൽ ഉണ്ടാകുന്ന എല്ലാതരം ശല്യങ്ങളും അതിക്രമങ്ങളും തടയുക, കുട്ടികൾ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരെ യാത്രകളിൽ സഹായിക്കുക എന്നിവ യാണ് പിങ്ക് പെട്രോൾ വഴി പ്രധാനമായും ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ. അതിനായി യാത്രാ ബസ്സു കളിലും ബസ് സ്റ്റാന്റുകളിലും സ്കൂൾ-കോളേജ് പരിസരങ്ങളിലും മറ്റ് പൊതു ഇടങ്ങളിലും സ്ഥിര മായി പെട്രോളിംഗ് നടത്തുന്നു.

മേൽപ്പറഞ്ഞ സംവിധാനങ്ങളെ സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനും സുരക്ഷിത ത്വത്തിനും പുനരധിവാസത്തിനും വേണ്ടി പ്രയോജനപ്പെടുത്താനുള്ള ശക്തമായ സഹായസംവിധാ നമായി മാറാൻ വാർഡ്തല-തദ്ദേശഭരണ സ്ഥാപനതല-ജില്ലാതല ജാഗ്രതാസമിതികൾക്ക് കഴിയണം. തങ്ങളെ സമീപിക്കുന്നവരുടെ പ്രശ്നങ്ങൾക്കും തങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾക്കും പരി ഹാരമുണ്ടാക്കിക്കൊടുക്കാൻ മേൽപ്പറഞ്ഞ സംവിധാനങ്ങളെക്കുറിച്ചുള്ള അറിവും അവയുമായുള്ള അടുത്ത ബന്ധവും ജാഗ്രതാസമിതികളിലെ ഓരോ അംഗത്തിനും ഉണ്ടാകേണ്ടതുണ്ട്.

# അദ്ധ്യായം- 2

# സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായുള്ള നിയമവ്യവസ്ഥകൾ

## 1. സ്ത്രീകളുടെ അവകാശസംരക്ഷണ പ്രഖ്യാപനങ്ങൾ, കമ്മീഷനുകൾ, നിയമങ്ങൾ

സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായി അന്തർദേശീയ - ദേശീയ തലത്തിലുള്ള അവകാശ പ്രഖ്യാപനങ്ങളും അവ ഉറപ്പാക്കുന്നതിനുള്ള നയങ്ങളും സംവിധാനങ്ങളും നിയമങ്ങളും നിലവിലുണ്ട്.

### 1.1. അന്താരാഷ്ട്രതലം

#### a) CEDAW പ്രഖ്യാപനം

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള പ്രധാനപ്പെട്ട അന്താരാഷ്ട്ര രേഖയാണ് കൺവെൻഷൻ ഓൺ എലിമിനേഷൻ ഓഫ് ഓൾ ഫോംസ് ഓഫ് ഡിസ്ക്രിമിനേഷൻ എഗയ്ൻസ്റ്റ് വുമൻ (CEDAW) പ്രഖ്യാപനം. 1979 ൽ നടന്ന ഈ കൺവെൻഷനിൽ വച്ച് ഐക്യരാഷ്ട്രസഭ പാസ്സാക്കിയ ഈ അവകാശ പ്രഖ്യാപനരേഖ, സ്ത്രീകൾക്കെതിരെ നടക്കുന്ന എല്ലാ വിധ വിവേചനങ്ങളും ഇല്ലായ്മ ചെയ്തുകൊണ്ട്, സ്ത്രീകളുടെ സമത്വത്തിനുള്ള അവകാശം ഉറപ്പുവരുത്തുവാൻ എല്ലാ അംഗരാഷ്ട്രങ്ങളും നടപടി എടുക്കണമെന്ന് നിർദ്ദേശിച്ചു. ഇന്ത്യ ഉൾപ്പടെ 189 രാജ്യങ്ങൾ ഈ പ്രഖ്യാപനരേഖ അംഗീകരിച്ചിട്ടുണ്ട്. 1993 ലാണ് ഇന്ത്യ ഈ പ്രഖ്യാപനരേഖ അംഗീകരിച്ചത്.

#### b) ബീജിംഗ് പ്രഖ്യാപനം

1995 ൽ ബീജിങ്ങിൽ നടന്ന നാലാമത് അന്താരാഷ്ട്ര വനിതാ സമ്മേളനത്തിൽ സ്ത്രീകളുടെ അവകാശ നിഷേധങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും ''ബീജിംഗ് പ്രഖ്യാപനം'' എന്ന പേരിൽ സ്ത്രീകളുടെ അവകാശ സംരക്ഷണ രേഖയും, രേഖയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികളും പ്രഖ്യാപിക്കുകയും ചെയ്തു. ഗാർഹീകാതിക്രമത്തെ അക്രമ പ്രവർത്തിയെന്ന് കണ്ട് അതിനെതിരെ ബോധവൽക്കരണം നടത്താനും ഈ സമ്മേളനം തീരുമാനിക്കുകയുണ്ടായി.

### c) ബീജിംഗ് +5 പ്രഖ്യാപനം

ബീജിംഗ് പ്രഖ്യാപനത്തിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി ഐക്യരാഷ്ട്ര സഭ ജനറൽ അസംബ്ലിയുടെ പ്രത്യേക സെഷൻ. 2000 ൽ ന്യൂയോർക്കിൽ വെച്ച് ''ബെയ്ജിംഗ് +5 ''എന്ന പേരിൽ ചേരുകയും സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായുള്ള തുടർ നടപടികൾ പ്രഖ്യാപിക്കുകയും ചെയ്തു.

### d) ബീജിംഗ് +20

1995 ൽ നടന്ന ബീജിംഗ് പ്രഖ്യാപനത്തിന്റെ 20 വർഷത്തെ പ്രവർത്തനം വിലയിരുത്തുന്നതിനും ബീജിംഗ് പ്രഖ്യാപനത്തിലെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി 2015 സെപ്തംബർ 27 ന് UN Women, ചൈന എന്നിവയുടെ സംയുക്തമാഭിമുഖ്യത്തിൽ ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭാ ആസ്താനത്ത് വച്ച് 1995 ലെ ബീജിംഗ് കൺവെൻഷൻ പങ്കെടുത്ത രാഷ്ട്രങ്ങളിലെ നേതാക്കളുടെ ഒരു അന്താരാഷ്ട്ര സമ്മേളനം നടക്കുകയുണ്ടായി. 2030 നകം ബീജിംഗ് പ്രഖ്യാപനത്തിൽ ലക്ഷ്യമിട്ട ലിംഗസമത്വവും സ്ത്രീശാക്തീകരണവും കൈവരിക്കുന്നതിനുള്ള നടപടികളുടെ പ്രഖ്യാപനമാണ് ഈ ആഗോള സമ്മേളനത്തിൽ ഉണ്ടായത്. ബീജിംഗ് +20 എന്ന പേരിലാണ് ഈ ആഗോള കൺവെൻഷൻ സംഘടിപ്പിക്കപ്പെട്ടത്.

## 1.2 ദേശീയതലം

### a) ഭരണഘടനാവ്യവസ്ഥകൾ

ദേശീയ തലത്തിൽ സ്ത്രീകളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രമാണം ഇന്ത്യൻ ഭരണഘടനയാണ്. അത് ഉറപ്പ് നൽകുന്ന എല്ലാ അവകാശങ്ങളും പൗരൻ എന്ന നിലയിൽ എല്ലാ സ്ത്രീകൾക്കും അവകാശപ്പെട്ടതാണ്. ഭരണഘടനാവ്യവസ്ഥകൾ പ്രകാരം സ്ത്രീകൾക്ക് അവകാശപ്പെട്ട പ്രധാനപ്പെട്ട ചില വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

അനുച്ഛേദം 14 : തുല്യതക്കുള്ള അവകാശം

അനുച്ഛേദം 15 : വിവേചനരാഹിത്യം.

അനുച്ഛേദം 15 (3) : സ്ത്രീകൾക്ക് വേണ്ടി പ്രത്യേക നിയമങ്ങൾ ഉണ്ടാക്കുവാൻ ഭരണകൂടത്തെ അധികാരപ്പെടുത്തൽ

അനുച്ഛേദം 16 : സർക്കാർ ജോലിയിൽ അവസരസമത്വം

അനുച്ഛേദം 19

1. അഭിപ്രായ പ്രകടനത്തിലുള്ള സ്വാതന്ത്ര്യം
2. സമ്മേളന സ്വാതന്ത്ര്യം
3. സംഘടനാ സ്വാതന്ത്ര്യം

4. സഞ്ചാരസ്വാതന്ത്ര്യം
5. താമസിക്കാൻ സ്വാതന്ത്ര്യം
6. തൊഴിൽ, ബിസിനസ് മുതലായവ നടത്താനുള്ള സ്വാതന്ത്ര്യം

അനുച്ഛേദം 21 : അന്തസ്സോടെയും മറ്റും ജീവിക്കാനുള്ള അവകാശം, വ്യക്തിസ്വാതന്ത്ര്യം

അനുച്ഛേദം 23 : മനുഷ്യ കടത്ത്, നിർബന്ധിത തൊഴിൽ മുതലായ ചൂഷണത്തിൽ നിന്നുമുള്ള സംരക്ഷണം

അനുച്ഛേദം 32 : ഭരണഘടന വാഗ്ദാനം നൽകുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അത് നേടി യെടുക്കുന്നതിനുള്ള പരിഹാരങ്ങൾ

അനുച്ഛേദം 39 : തുല്ല്യ ജോലിക്ക് തുല്ല്യ വേതനം, കഴിവിനു യോജിക്കാത്ത ജോലി എടുക്കാൻ നിർബന്ധിക്കരുതെന്ന നിർദ്ദേശം

അനുച്ഛേദം 42 : ജോലി സ്ഥലം ആരോഗ്യകരമാകണമെന്നും പ്രസവാനുകൂല്യം നൽകണമെന്നുമുള്ള വ്യവസ്ഥകൾ

അനുച്ഛേദം51എ(ഇ) : സ്ത്രീയുടെ അന്തസ്സും അഭിമാനവും ഹനിക്കത്തക്ക പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണ്.

b) **ദേശീയ വനിതാ കമ്മീഷൻ**

സ്ത്രീകളുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി 1990 ൽ ഇന്ത്യൻ പാർലമെന്റ് ദേശീയ വനിതാ കമ്മീഷൻ നിയമം പാസാക്കുകയും തുടർന്ന് 1992 ൽ ജനുവരിയിൽ ദേശീയ വനിതാ കമ്മീഷൻ രൂപീകരിക്കുകയും ചെയ്തു. ദേശീയ വനിതാ കമ്മീഷന്റെ വിലാസം താഴെ ചേർക്കുന്നു.

National Commission for Women
Plot -21, Jasola Institutional Area
New Delhi-110025
Phone No- 011-26942369, 26944740
Email Id- ncw@nic.in

c) **ദേശീയ വനിതാ നയം, 2011** (National Policy For the Empowerment of Women, 2011)

സ്ത്രീകളുടെ സർവ്വോന്മുഖമായ പുരോഗതി നേടിയെടുക്കുന്നതിന് വേണ്ട സമൂഹ്യ-സാമ്പത്തിക-ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക, അതിലൂടെ സ്ത്രീകളുടെ പൂർണ്ണ വ്യക്തി

വികാസം സാധ്യമാക്കുക എന്നതാണ് 2001 ലെ ദേശീയ വനിതാ നയം മുന്നോട്ട് വയ്ക്കുന്ന കാഴ്ച്ചപ്പാട്.

സ്ത്രീകൾ ഇന്ന് നേരിടുന്ന എല്ലാവിധ വെല്ലുവിളികളേയും നേരിടാൻ അവരെ പ്രാപ്ചമാക്കുന്നതിനും എല്ലാ തരത്തിലുമുള്ള അതിക്രമങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പുതിയ ദേശീയ വനിതാനയത്തിന്റെ കരട് (Draft- National Policy for The Empowerment of Women 2016) കേന്ദ്രസർക്കാർ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2001 ലെ നയത്തിന്റെ പരിഷ്ക്കരിച്ച രൂപമാണ് 2016 ലെ കരട് നയം. 2016 ലെ നയം അംഗീകരിക്കുന്നതോടെ 2001 ലെ നയം പ്രാബല്യത്തിലൂണ്ടാകുകയില്ല.

## 1.3 സംസ്ഥാനതലം

### a) സംസ്ഥാന വനിതാകമ്മീഷൻ

ദേശീയ വനിതാ കമ്മീഷൻ നിയമം 1990 ൽ പാർലമെന്റ് പാസ്സാക്കിയതിനെ തുടർന്ന് 1990 ൽ കേരള നിയമസഭ കേരള സംസ്ഥാന വനിതാ കമ്മീഷൻ ബിൽ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനയച്ചെങ്കിലും രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് 1995 ലാണ്. രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 1995 ൽ കേരള വനിതാ കമ്മീഷൻ നിയമം പാസ്സാക്കുകയും 1996 ൽ സംസ്ഥാന വനിതാ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. സംസ്ഥാന വനിതാ കമ്മീഷന്റെ വിലാസം ചുവടെ കൊടുക്കുന്നു.

Kerala Womens Commission
Lourde Church, PMG, Pattom.P.O
Thiruvananthapuram
Phone No- 0471-2302590, 2300509
Email Id- keralawomenscommission@yahoo.co.in

### b) ജാഗ്രതാസമിതി സംവിധാനം

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയും അവ പരിഹരിക്കുന്നതിന് പ്രാദേശികതലത്തിൽ ഇടപെട്ട് പരിഹാരം ഉണ്ടാക്കുന്നതിന് പ്രാദേശികതലത്തിൽ തന്നെ ഔദ്യോഗിക സംവിധാനം ഉണ്ടാകണമെന്ന് ലക്ഷ്യത്തോടെയാണ് സംസ്ഥാന വനിതാ കമ്മീഷന്റെ മേൽനോട്ടത്തിൽ ജില്ലാ-പ്രാദേശികതലങ്ങളിൽ ജാഗ്രതാസമിതികൾ ഉണ്ടാകണമെന്ന് തീരുമാനിച്ചത് വിശദാംശങ്ങൾ 3, 4, 5 അദ്ധ്യായങ്ങളിൽ നൽകിയിട്ടുണ്ട്.

### c) സംസ്ഥാന വനിതാ നയം 2015

ദേശീയ വനിതാ നയം പ്രഖ്യാപിച്ചതിന്റെ തുടർച്ചയെന്നോണം 2005 ൽ സംസ്ഥാന വനിതാ നയം പ്രഖ്യാപിക്കുകയുണ്ടായി. 2009 ൽ അത് പരിഷ്ക്കരിക്കുകയുണ്ടായി. തുടർന്ന് 2015 ൽ വീണ്ടും പരിഷ്ക്കരിക്കുകയുണ്ടായി. അതിന് ശേഷം 2015 ൽ തന്നെ Gender Equity and Womens Empowerment Policy 2015 (GEWE 2015) എന്ന പേരിൽ വീണ്ടും പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.(G.O (MS) No.207/2015/SJD dt 16.04.2015)

## 1.4 നിയമവ്യവസ്ഥകൾ

### A) ക്രിമിനൽ കുറ്റങ്ങൾക്കെതിരെയുള്ള നിയമങ്ങൾ

ക്രിമിനൽ കുറ്റകൃത്യങ്ങളിൽ പലതും ഒത്ത് തീർപ്പാക്കാൻ പാടില്ലാത്തവയാണ്.

### i. ഇന്ത്യൻ ശിക്ഷാ നിയമം 1860 (Indian Penal Code 1860)

#### a) ലൈംഗിക കുറ്റങ്ങൾ

1. പൊതു സ്ഥലത്തുവെച്ച് അശ്ലീല പ്രവൃത്തിചെയ്യുകയോ അസഭ്യം പറയുകയോ ചെയ്താൽ– 294–ാം വകുപ്പ് പ്രകാരം 3 മാസം വരെ കഠിന തടവും പിഴയും.
2. സ്ത്രീയെ സ്ത്രീയെ തട്ടിക്കൊണ്ട് പോയി അവിഹിത ബന്ധത്തിനോ വിവാഹബന്ധത്തിനോ നിർബന്ധിക്കുന്നത് വകുപ്പ് 366 പ്രകാരം 10 വർഷം തടവും പിഴയും.
3. സ്ത്രീയെ മാനഹാനി വരുത്തണമെന്ന ഉദ്ദേശ്യത്തോടെ ആംഗ്യം കാണിക്കുകയോ ശബ്ദം പുറപ്പെടുവിക്കുകയോ വസ്തുക്കൾ പ്രദർശിപ്പിക്കുകയോ ചെയ്യുന്നത് –509 ാം വകുപ്പ് പ്രകാരം 3 വർഷം വരെ തടവും പിഴയും.
4. മാനഹാനി വരുത്തണമെന്ന ഉദ്ദേശ്യത്തോടെ സ്ത്രീയെ കൈയ്യേറ്റം ചെയ്താൽ – 354 –ാം വകുപ്പ് പ്രകാരം 1 വർഷം മുതൽ 5 വർഷം വരെ തടവും പിഴയും.
5. അശ്ലീല പരാമർശം നടത്തുന്നതും ശരീര ഭാഗങ്ങളിൽ സ്പർശിക്കുന്നത് മുതലായവയും – 354 എ പ്രകാരം – 3 വർഷം വരെ തടവോ പിഴയോ.
6. വിവസ്ത്രയാക്കിയാൽ – വകുപ്പ് 354 ബി പ്രകാരം 3 മുതൽ 7 വർഷം വരെ തടവും പിഴയും.
7. ഒളിഞ്ഞുനോട്ടവും സ്വകാര്യപ്രവൃത്തികൾ ചെയ്യുന്നത് ഫോട്ടോ എടുക്കുന്നതും മറ്റും – 354 സി പ്രകാരം 1 മുതൽ 3 വർഷം വരെ തടവോ പിഴയോ.
8. നിരന്തരം പിൻതുടർന്ന് ശല്യം ചെയ്യുക – 354 ഡി പ്രകാരം 3 വർഷം വരെ തടവും പിഴയും.

9. ബലാൽസംഗം - 376-ാം വകുപ്പ് പ്രകാരം 7 വർഷത്തിൽ കുറയാത്ത കഠിന തടവോ അല്ലെങ്കിൽ ജീവപര്യന്തം വരെയാകാവുന്ന തടവോ പിഴയോ.
10. ബലാൽസംഗത്തിനിരയായ സ്ത്രീ മരിക്കാനിടയായാലോ ജീവച്ഛവമാക്കിയാലോ - 376A വകുപ്പ് പ്രകാരം 20 വർഷത്തിൽ കുറയാത്ത കഠിന തടവോ/ വധശിക്ഷയോ
11. കോടതിയുടെ ഉത്തരവ് പ്രകാരം പിരിഞ്ഞു താമസിക്കുന്ന ഭാര്യയുടെ സമ്മതം കൂടാതെയുള്ള ലൈംഗികവേഴ്ച്ച 376 ബി പ്രകാരം 2 മുതൽ 7 വർഷം വരെ തടവും പിഴയും.
12. അധികാരമുള്ള വ്യക്തി ബലാൽസംഗം ചെയ്താൽ 376-സി വകുപ്പ് പ്രകാരം 5 വർഷം മുതൽ 10 വർഷം വരെ തടവും പിഴയും
13. കൂട്ടബലാൽസംഗം - 376-D വകുപ്പ് പ്രകാരം 20 വർഷത്തിൽ കുറയാത്ത കഠിന തടവും ജീവപര്യന്തം തടവും പിഴയും.

### b) വിവാഹസംബന്ധമായ കുറ്റങ്ങൾ

1. നിയമ പ്രകാരം വിവാഹം കഴിക്കാതെ ഭാര്യയാണെന്ന് വിശ്വസിപ്പിച്ച് കൂടെ താമസ്സിപ്പിച്ച് ലൈഗീകബന്ധത്തിലേർപ്പെടുന്നത് - 493 വകുപ്പ് പ്രകാരം 10 വർഷം വരെ തടവും പിഴയും.
2. ഭാര്യ ജീവിച്ചിരിക്കെ മറ്റൊരു വിവാഹം കഴിക്കുന്നത് - 494 വകുപ്പ് പ്രകാരം 7 വർഷം വരെ തടവും പിഴയും.
3. ആദ്യ വിവാഹം മറച്ചുവെച്ച് വിവാഹം കഴിക്കുന്നത് - 495 വകുപ്പ് പ്രകാരം 10 വർഷം വരെ തടവും പിഴയും
4. നിയമസാധുതയില്ലെന്നറിഞ്ഞിട്ടുള്ള വഞ്ചിക്കണമെന്ന ഉദ്ദേശത്തോടെയുള്ള സാധുതയില്ലാത്ത വിവാഹ ചടങ്ങ് നടത്തുന്നത് - 496 വകുപ്പ് പ്രകാരം 7 വർഷം വരെ തടവും പിഴയും.
5. മറ്റൊരാളുടെ ഭാര്യയാണെന്നറിഞ്ഞ് കൊണ്ട് ലൈഗീക ബന്ധത്തിലേർപ്പെടുന്നത് - 497 വകുപ്പ് പ്രകാരം 5 വർഷം വരെ തടവും പിഴയും.
6. വിവാഹിതയായ സ്ത്രീയെ ഭർത്താവിൽനിന്ന് അകറ്റി അവിഹിത വേഴ്ച നടത്താൻ തടഞ്ഞു വെക്കുന്നത് - 498 വകുപ്പ് പ്രകാരം 2 വർഷം തടവും പിഴയും.
7. സ്ത്രീധനം ആവശ്യപ്പെട്ടോ അല്ലാതെയോ ഭർത്താവോ, ബന്ധുക്കളോ ക്രൂരമായി പെരുമാറുന്നത് - 498എ വകുപ്പ് പ്രകാരം 3 വർഷം തടവോ, പിഴയോ.

8. വിവാഹശേഷം 7 വർഷത്തിനുള്ളിൽ സ്ത്രീധനമരണം - 304 ബി.വകുപ്പ് പ്രകാരം 7 വർഷത്തിൽ കുറയാത്തതും ജീവപര്യന്ത്യം വരെയാകാവുന്നതുമായ ശിക്ഷ ലഭിക്കാവുന്ന കുറ്റം

## ii. കേരള പോലീസ് നിയമം, 2011 (Kerala Police Act, 2011)

- പൊതുസ്ഥലത്ത് സ്ത്രീയുടെ അന്തസ്സിനെ ഹനിക്കുന്ന ലൈംഗിക ചേഷ്ടകളോ പ്രവൃത്തികളോ ചെയ്താൽ 119 (a) പ്രകാരം 3 വർഷം തടവും 10000 രൂപ വരെ പിഴയും , രണ്ടും കൂടി
- സ്ത്രീയുടെ സ്വകാര്യതക്ക് ഭംഗം  വരും വിധം ഫോട്ടോയോ വീഡിയോയോ എടുക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നത് 119 (b) പ്രകാരം 3 വർഷം തടവും 10000 രൂപ വരെ പിഴയും , രണ്ടും കൂടി
- തീയറ്റർ മാനേജർ, ബസ് കണ്ടക്ടർ മുതലായ ആ പൊതുസ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തിയോട് മേൽപറഞ്ഞ കുറ്റത്തെക്കുറിച്ച് പരാതി പറഞ്ഞിട്ടും അത് തടയുവാനോ അത് സംബന്ധിച്ച് അധികാരികളെ അറിയിക്കുവാനോ വേണ്ട ന്യായമായ നടപടി സ്വീകരിക്കാതിരിക്കുകയും അക്കാര്യത്തിൽ ബോധപൂർവ്വം വീഴ്ച്ച വരുത്തുകയും ചെയ്താൽ 119(2) പ്രകാരം 1000  രൂപ വരെ പിഴ ശിക്ഷ ലഭിക്കും.

## iii. ഗാർഹികപീഡനത്തിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം, 2005 (Protection Of Women from Domestic Violence Act, 2005 )

- ഒരേ വീട്ടിൽ താമസിക്കുന്നതോ താമസിച്ചതോ ആയ ജന്മനാലുള്ള ബന്ധം, വിവാഹബന്ധം, കൂട്ടുകുടുംബബന്ധം, വിവാഹം കഴിക്കാതെയുള്ള ദാമ്പത്യബന്ധം എന്നീ ബന്ധത്തിലെ പുരുഷൻ ആ ബന്ധത്തിലെ സ്ത്രീയെ പീഡിപ്പിക്കുന്നത് ഗാർഹിക പീഡനമാണ്.
- ശാരീരികവും വാക്കാലോ വൈകാരികമോ ലൈംഗികമോ, സാമ്പത്തികമോ ആയ പീഡനങ്ങൾ ഇതിൽ ഉൾപ്പെടും
- ഇത്തരം പരാതി ജില്ലയിലെ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ/സേവനദാതാക്കൾ മുതലായവർ മുമ്പാകെ നൽകാം
- മജിസ്ട്രേറ്റ് മുമ്പാകെ അഭിഭാഷകൻ മുഖാന്തിരവും നൽകാം
- സംരക്ഷണം, നഷ്ടപരിഹാരം, സാമ്പത്തിക നിവൃത്തി, കസ്റ്റഡി മുതലായ ഉചിതമായ ഉത്തരവ് കോടതി നൽകും

- ഇത് കൂടാതെ പരാതിക്കാരിക്ക് താമസിക്കുന്ന വീട്ടിൽ നിന്ന് ഇറക്കി വിടാതിരിക്കാനോ താമസസൗകര്യം ഒരുക്കാനോ ഉള്ള റെസിഡൻസ് ഓഡർ അഥവാ പാർക്കാനുള്ള ഉത്തരവും ലഭിക്കാം
- നിയമസഹായം, ചികിത്സാ സഹായം പാർക്കാനുള്ള സംവിധാനം, കൗൺസലിങ് എന്നിവ സൗജന്യമായി ലഭിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു
- സംരക്ഷണ ഉത്തരവിന്റെ ലംഘനം ഒരു വർഷം വരെ തടവും 20,000 രൂപ പിഴ ശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്

## iv. സ്ത്രീധനനിരോധന നിയമം 1961 (Dowry prohibition Act, 1961)

- വിവാഹബന്ധത്തിലെ ഒരു പക്ഷം മറുപക്ഷത്തിനോ അവരുടെ മാതാപിതാക്കൾക്കോ മറ്റ് ബന്ധുക്കൾക്കോ വിവാഹസമയത്തോ അതിന് മുമ്പോ ശേഷമോ , വിവാഹാനുബന്ധമായി നൽകുന്ന സ്വത്തോ, വിലമതിക്കുന്ന പത്രങ്ങളോ നേരിട്ടോ പരോക്ഷമോ ആയി നൽകുന്നിനെയാണ് സ്ത്രീധനം എന്ന് നിയമം വിവരിക്കുന്നത്.
- മഹറും വധൂവരൻമാർക്കുള്ള വിവാഹസമയത്ത് നൽകപ്പെട്ട സമ്മാനങ്ങളും ഇതിൽ നിന്ന് ഒഴിവാക്കപ്പെട്ടവയാണ്.
- സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും അഞ്ച് വർഷത്തിൽ കുറയാത്ത തടവും 15,000 രൂപ പിഴയും (3-ാം വകുപ്പ്) ലഭിക്കാവുന്ന കുറ്റകൃത്യമാണ്
- സ്ത്രീധനം ആവശ്യപ്പെടുന്നത് 6 മാസം മുതൽ 2 വർഷം വരെ തടവും 10,000 രൂപ വരെ പിഴയും (വകുപ്പ് 4) ലഭിക്കാവുന്ന കുറ്റമാണ്
- സ്ത്രീധനം സംബന്ധിച്ച് പരസ്യം നൽകുന്നത്- 6 മാസം മുതൽ 5 വർഷത്തിൽ കുറയാത്ത തടവും 15,000 രൂപ വരെ പിഴയും (വകുപ്പ് 4 A) ലഭിക്കാവുന്ന കുറ്റകൃത്യമാണ്
- വിവാഹത്തിന് മുമ്പ് ലഭിച്ച സ്ത്രീധനം വധുവിന് വിവാഹം കഴിഞ്ഞ് മൂന്ന് മാസത്തിനുള്ളിൽ നൽകാതിരുന്നാൽ- 6 മാസം മുതൽ 2 വർഷം വരെയും പിഴ 5000 രൂപ മുതൽ 10000/ രൂപ വരെയും  (വകുപ്പ് 6) ലഭിക്കാവുന്ന കുറ്റമാണ്
- ഈ നിയമം നടപ്പിലാക്കുന്നതിലേക്കായി സാമൂഹ്യനീതി വകുപ്പ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാതല ഉദ്യോഗസ്ഥരെ സ്ത്രീധനനിരോധന ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുണ്ട്.

v. **ഗർഭചിദ്രം നിയമം 1971 (Medical Termination of Pregnancy Act 1971)**

- ഇന്ത്യൻ ശിക്ഷാനിയമത്തിലെ പല വ്യവസ്ഥകളും ഗർഭചിദ്രം ശിക്ഷാർഹമാക്കിയിട്ടുണ്ട്. എന്നാൽ ഗർഭിണിയായ സ്ത്രീയുടെ ജീവനോ ശാരീരികമാനസികാവസ്ഥക്കോ അപകടമുണ്ടാവുകയോ ഗർഭസ്ഥശിശുവിന് ശാരീരികമോ മാനസികമോ ആയ തകരാറുണ്ടെങ്കിലോ, ബലാൽസംഗം മൂലമുള്ള, ഗർഭനിരോധന ഉപാധിയുടെ തകരാറു മൂലമോ ആണ് ഗർഭധാരണം സംഭവിച്ചതെങ്കിലോ; ആ സ്ത്രീയുടെയോ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെങ്കിൽ കുട്ടിയുടെ മാതാപിതാക്കളുടെയോ മനോരോഗിയെങ്കിൽ രക്ഷിതാവിന്റെയോ, സമ്മതത്തോടെ, ഗർഭചിദ്രം നടത്താവുന്നതാണ്.
- എന്നാൽ ഗർഭസ്ഥ ശിശുവിന് 12 ആഴ്ച്ചക്കും 20 ആഴ്ച ഇടയിൽ വളർച്ച പ്രാപിച്ചാൽ രണ്ട് രജിസ്ട്രേഡ് മെഡിക്കൽ പ്രാക്റ്റീഷണർമാരുടെ അഭിപ്രായത്തോടെ മാത്രമേ ഗർഭചിദ്രം നടത്താവൂ.

vi. **സ്ത്രീകളെ അപഹാസ്യമായി ചിത്രീകരിക്കൽ നിരോധന നിയമം 1986 (Indecent Representation of Women Prohibition Act, 1986)**

- സ്ത്രീകളുടെ രൂപമോ ശരീരമോ ഏതെങ്കിലും പരസ്യത്തിലോ പ്രസിദ്ധീകരണത്തിലോ എഴുത്തിലോ  ചിത്രത്തിലോ മറ്റും അശ്ലീലമായോ അപഹാസ്യമായോ അപകീർത്തികരമായോ, പൊതുജനങ്ങളുടെ സന്മാർഗ്ഗികത നശിപ്പിക്കുകയോ ദുഷിപ്പിക്കുകയോ ഹനിക്കുകയോ ചെയ്യുന്ന തരത്തിൽ ചിത്രീകരിക്കുന്നത് 2 വർഷം വരെ തടവും 2000 രൂപ പിഴയും  ലഭിക്കാവുന്ന കുറ്റമാണ്.
- ഇത് ആവർത്തിച്ചാൽ 6 മാസം മുതൽ 5 വർഷം തടവും 10000 രൂപ മുതൽ 1 ലക്ഷം രൂപ വരെ പിഴയും ലഭിക്കാം
- എന്നാൽ ശാസ്ത്രം, സാഹിത്യം, കല , വിദ്യാഭ്യാസം, മതപരമായ ആവശ്യം എന്നിവക്കായിട്ടാണെങ്കിൽ മേൽ പറഞ്ഞ ചിത്രീകരണമെങ്കിൽ ഈ നിയമം ബാധകമല്ല

vii. **സൈബർ നിയമം 2000 (വിവരസാങ്കേതികവിദ്യാനിയമം, 2000)**

**(Information Technology Act, 2000)**

- കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഡിജിറ്റൽ ക്യാമറ മുതലായ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉപയോഗിച്ചോ അവ ലക്ഷ്യം വച്ചോ നടത്തുന്ന കുറ്റകൃത്യങ്ങളെയാണ് സൈബർ കുറ്റകൃത്യങ്ങൾ എന്ന് പറയുന്നത്.
- ഇത്തരം കുറ്റകൃത്യങ്ങൾ വ്യക്തികൾക്കെതിരെയും സംഘങ്ങൾക്കെതിരെയും പൊതുസമൂഹത്തിനെതിരെയും ഉണ്ടാവാം.

- മൊബൈൽ/ വെബ് ക്യാമറ വഴി സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റം, ഇ-മെയിൽ മൊബൈൽ ഫോൺ മറ്റ് നവ മാധ്യമങ്ങൾ വഴി ശല്യപ്പെടുത്തൽ, സൈബർ ഇടങ്ങളിൽ പിൻതുടർന്ന് ശല്യപ്പെടുത്തൽ, കമ്പ്യൂട്ടർ /മൊബൈൽ ഫോൺ എന്തു ചെയ്യുന്നു എന്നറിയാൻ സ്പൈ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കൽ. ഇന്റർ നെറ്റിലെ ഹിസ്റ്ററി പരിശോധിച്ച് ഭീഷണിപ്പെടുത്തൽ, ഇ-മെയിൽ സ്പൂഫിങ്ങ്, അശ്ലീല ചിത്രങ്ങൾ, മോർഫിങ്ങ് മുതലായവയാണ് സ്ത്രീകൾക്കെതിരെ പൊതുവെ നടക്കുന്ന സൈബർ കുറ്റങ്ങൾ.
- കമ്പ്യൂട്ടർ ഹാക്ക് ചെയ്യുന്നത് 3 വർഷം വരെ തടവും 5 ലക്ഷം പിഴയും (വകുപ്പ് 66)
- മോഷ്ടിച്ച കമ്പ്യൂട്ടറും മറ്റും വാങ്ങുന്നത് 3 വർഷം വരെ തടവും 1 ലക്ഷം പിഴയും (വകുപ്പ് 66 B)
- മറ്റൊരാളുടെ പാസ്സ് വേഡ് ഉപയോഗിക്കുന്നത് 3 വർഷം വരെ തടവും 1 ലക്ഷം പിഴയും (വകുപ്പ് 66 C)
- കമ്പ്യൂട്ടറും മറ്റും ഉപയോഗിച്ചുള്ള വഞ്ചന 3 വർഷം വരെ തടവും 1 ലക്ഷം പിഴയും (വകുപ്പ് 66 D)
- മറ്റുള്ളവരുടെ സ്വകാര്യഭാഗങ്ങളുടെ ചിത്രമെടുക്കുകയോ, വിതരണം ചെയ്യുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നത് 3 വർഷം വരെ തടവും 2 ലക്ഷം പിഴയും (വകുപ്പ് 66 E)
- സൈബർ തീവ്രവാദം ജീവപര്യന്തം (വകുപ്പ് 66 F)
- അശ്ലീലമായ കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് ആദ്യ തവണ 3 വർഷം വരെ തടവും 5 ലക്ഷം വരെ പിഴയും; കുറ്റം ആവർത്തിച്ചാൽ 5വർഷം വരെ തടവും 10 ലക്ഷം വരെ പിഴയും (വകുപ്പ് 67 )
- അശ്ലീലമായ ചിത്രങ്ങളും വീഡിയോയും മറ്റും പ്രദർശിപ്പിക്കുന്നത് 5വർഷം വരെ തടവും 10 ലക്ഷം പിഴയും; കുറ്റം ആവർത്തിച്ചാൽ 7വർഷം വരെ തടവും 10 ലക്ഷം വരെ പിഴയും (വകുപ്പ് 67 A)
- ഓൺലൈനിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതും മറ്റും 5 വർഷം വരെ തടവും 10 ലക്ഷം പിഴയും; ആവർത്തിച്ചാൽ 7 വർഷം വരെ തടവും 10 ലക്ഷം പിഴയും (വകുപ്പ് 67 B )

### viii. **അസാൻമാർഗ്ഗികവ്യാപാരം തടയൽ നിയമം,1956 (Immoral Traffic (Prevention) Act, 1956)**

- നിർബന്ധിത വേശ്യാവൃത്തി, ലൈംഗിക ചൂഷണം മറ്റ് അസാൻമാർഗ്ഗിക നടപടികൾ എന്നിവ തടയുകയാണ് ഈ നിയമത്തിന്റെ ലക്ഷ്യം
- ഈ നിയമം വേശ്യാവൃത്തി എന്നത് അതേപടി തടയുന്നില്ല
- വേശ്യാലയങ്ങൾ നടത്തുന്നത് 1 വർഷം മുതൽ 3 വർഷം വരെ തടവും 2,000 രൂപ വരെ പിഴയും
- അതിനായി സ്ഥലം അനുവദിക്കുന്നതും മറ്റും 2 വർഷം വരെ തടവും 2,000 രൂപ വരെ പിഴയും
- ആവർത്തിച്ചാൽ 2വർഷം മുതൽ 5 വർഷം വരെ തടവും 2,000 രൂപ പിഴയും
- പ്രായപൂർത്തിയായ വ്യക്തി വേശ്യാവൃത്തിയിലൂടെ ഉപജീവനം നടത്തുന്നതും ഏജന്റായി പ്രവർത്തിക്കുന്നതും 2 വർഷം തടവും 1,000 രൂപ പിഴയും
- കുട്ടിയെ ഉപയോഗിച്ചാണ് മേൽ കുറ്റം ചെയ്യുന്നതെങ്കിൽ 7 വർഷം മുതൽ 10വരെ തടവ്
- വേശ്യാവൃത്തിക്ക് കൊണ്ടുപോകുന്നതും പ്രലോഭിപ്പിക്കുന്നതും മറ്റും 3 വർഷം മുതൽ 7 വരെ കഠിനതടവ്; 2,000 രൂപ പിഴ
- നിർബന്ധിച്ച് വേശ്യാവൃത്തി ചെയ്യിക്കുന്നത് 3 വർഷം മുതൽ 7 വരെ കഠിനതടവ്; 2,000 രൂപ പിഴ
- മേൽ കുറ്റം കുട്ടിയെ ഉപയോഗിച്ച് ചെയ്താൽ 7 വർഷം മുതൽ ജീവപര്യന്തം വരെ തടവ്
- വേശ്യാവൃത്തിക്കായി മനുഷ്യകടത്ത് നടത്തുന്നത് 7 വർഷത്തിൽ കുറയാത്ത തടവ്; കുറ്റം ആവർത്തിച്ചാൽ ജീവപര്യന്തം വരെയോ 10 വർഷം വരെയോ തടവ്.
- വേശ്യാവൃത്തി നടത്തുന്നിടത്ത് ലൈംഗിക ബന്ധത്തിനായി തടഞ്ഞുവച്ചാൽ 7 വർഷം മുതൽ ജീവപര്യന്തം വരെ/ 10 വർഷം വരെ തടവും 1 ലക്ഷം രൂപ പിഴയും
- പൊതു സ്ഥലങ്ങളിലോ പൊതുസ്ഥലത്തിന്റെ പരിസരങ്ങളിലോ വേശ്യാവൃത്തി ചെയ്യുന്നത് (ആരാധനാലയം, വിദ്യാഭ്യാസ സ്ഥാപനം, ആശുപത്രി മുതലായവയുടെ 200 മീറ്റർ ചുറ്റളവിൽ) 3 മാസം വരെ തടവ്.
- കുട്ടിയെ ഉപയോഗിച്ചാണ് മേൽകുറ്റം ചെയ്തതെങ്കിൽ 7 വർഷം മുതൽ ജീവപ ര്യന്തം വരെ/ 10 വർഷം തടവും പിഴയും

ix. **തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) നിയമം, 2013 (Sexual Harassment Of Women At Work Place(Prevention, Prohibition And Redressal) Act, 2013**

- തൊഴിലിടങ്ങളിൽ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ തടയുക, നിരോധിക്കുക, പരിഹാരം കാണുക എന്നിവ ഈ നിയമം ലക്ഷ്യമിടുന്നു
- ഈ നിയമപ്രകാരം തൊഴിലിടങ്ങളിലെ ലൈംഗികപീഡനങ്ങൾ നിർവചിച്ചിട്ടുണ്ട്
  - ✓ ശാരീരികമായ ബന്ധങ്ങൾ
  - ✓ ലൈംഗികമായ കാര്യങ്ങൾക്ക് ആവശ്യപ്പെടുന്നതും അപേക്ഷിക്കുന്നതും
  - ✓ അശ്ലീലസാഹിത്യപ്രദർശനം
  - ✓ ലൈംഗിക ചുവയുള്ള സംസാരം
  - ✓ ലൈംഗികചുവയുള്ള വാക്കാലോ അല്ലാത്തതോ, ശാരീരികമോ ആയോ സ്വാഗതാർഹമല്ലാത്ത പ്രവൃത്തികൾ

മേൽ പറഞ്ഞ പ്രവൃത്തികൾ ഉൾപ്പടെയുള്ള സ്വാഗതാർഹമല്ലാത്ത, നേരിട്ടോ വ്യംഗ്യമായോ ഉള്ള പ്രവൃത്തികളെ ലൈംഗിക പീഢനമായി കണക്കാക്കാം.

- തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾക്കെതിരെ പരാതിപ്പെടാൻ എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലേയ്ന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണെന്നും അസംഘടിത മേഖലയിലെ സ്ത്രീകൾക്കായി ജില്ലാതലത്തിൽ ലോക്കൽ കംപ്ലേയ്ന്റ് കമ്മിറ്റികൾ സ്ഥാപിക്കേണ്ടതാണെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

x. **മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും പരിപാലനത്തിനും ക്ഷേമത്തിനുമുള്ള നിയമം, 2007 (Maintenance and Welfare of Parents and Senior citizens Act 2007)**

- മുതിർന്ന പൗരന്മാർക്കെതിരെയുള്ള ചൂഷണം തടയുവാനും അവരുടെ സംരക്ഷണത്തിനും ക്ഷേമത്തിനും ഊന്നൽ കൊടുക്കുവാനും ഈ നിയമം ലക്ഷ്യമിടുന്നു.
- മാതാപിതാക്കളുടെ സ്വത്തുകൾ ലഭിക്കാൻ അർഹതുള്ള അവരുടെ ബന്ധുക്കളെയും പൗരന്മാരുടെ സംരക്ഷണ ചെലവ് നല്കുവാൻ മക്കളെയും പേരക്കുട്ടികളെയും മക്കളില്ലാത്ത മുതിർന്ന പൗരന്മാർക്ക് അവരുടെ സ്വത്തുകൾ ലഭിക്കാൻ അർഹതയുള്ള അവരുടെ ബന്ധുക്കളെയും ഈ നിയമം ഉത്തരവാദിത്തപ്പെടുത്തുന്നു.
- ഇത് കൂടാതെ രണ്ടാനച്ഛനും രണ്ടാനമ്മക്കും ദത്തെടുത്ത മാതാപിതാക്കൾക്കും ഈ നിയമം സംരക്ഷണം നല്കുന്നു.
- ഇവ നേടിയെടുക്കുന്നതിന് സംരക്ഷണ ട്രൈബ്യൂണലിനായി ആർ.ഡി.ഒ കോടതിയെ നിയോഗിച്ചിട്ടുണ്ട്.
- 10000 രൂപയാണ് പരമാവധി ലഭിക്കാവുന്ന സംരക്ഷണ ചെലവ്

- 60 വയസ്സ് തികഞ്ഞവരെയാണ് മുതിർന്ന പൗരന്മാരായി കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഈ നിയമ പ്രകാരമുള്ള സംരക്ഷണത്തിന് മാതാപിതാക്കൾക്ക് 60 തികയണ മെന്നില്ല.
- മുതിർന്ന പൗരനെ ഉപേക്ഷിക്കുന്നത്, മൂന്ന് മാസം തടവും 5000 രൂപ പിഴശിക്ഷയും ലഭിക്കുന്ന കുറ്റമാണ് ( 24 ാം വകുപ്പ്)
- ഈ നിയമം നിലവിൽ വന്നതിന് ശേഷം, തന്നെ സംരക്ഷിക്കുമെന്ന വ്യവസ്ഥയിൽ വിശ്വസിച്ച് ഏതെങ്കിലും മുതിർന്ന പൗരൻ , തന്റെ സ്വത്തുകൾ ആർക്കെങ്കിലും കൈമാറ്റം ചെയ്യുകയും, എന്നാൽ വസ്തുകൈപ്പറ്റിയയാൾ പിന്നീട് ആ വ്യവസ്ഥയിൽ വീഴ്ച്ച വരുത്തുകയും ചെയ്താൽ ആ വസ്തുകൈമാറ്റം അസാധുവാക്കുവാൻ ട്രൈബ്യൂണലിനെ (ആർ.ഡി.ഒ കോടതിയെ) സമീപിക്കാവുന്നതാണ്. ( 23 ാം വകുപ്പ്)

### xi. ക്രിമിനൽ നടപടിക്രമ നിയമം, 1973 (Code of Criminal Procedure Act, 1973)

- ഒരു സ്ത്രീയെ അറസ്റ്റ് ചെയ്യുമ്പോൾ അവരുടെ അന്തസ്സിനെ ഹനിക്കാത്ത തരത്തിൽ മറ്റൊരു സ്ത്രീയെ കൊണ്ട് മാത്രമേ ദേഹ പരിശോധന നടത്താവൂ- വകുപ്പ് 51 (2), 100(3)
- സ്ത്രീയാണ് പ്രതിയെങ്കിൽ അവരുടെ ദേഹപരിശോധന ഒരു വനിതാ ഡോക്ടറെ കൊണ്ട് മാത്രമേ നടത്തിക്കാവൂ- വകുപ്പ് 53(2)
- പോലീസ് സാക്ഷിമൊഴി സ്ത്രീകൾ താമസിക്കുന്നിടത്ത് വന്ന് എടുക്കേണ്ടതാണ്. അതായത് സാക്ഷിയായി മൊഴി എടുക്കാൻ അവരെ സ്റ്റേഷനിൽ വിളിച്ച് വരുത്തരുത്.
- ലൈംഗിക കുറ്റകൃത്യത്തിനിരയാവുന്ന സ്ത്രീക്ക് മാനസികമോ ശാരീരികമോ ആയ അവശതകൾ ഉണ്ടായാൽ അവരുടെ മൊഴി അവരുടെ വീട്ടിലോ അവർക്ക് സൗകര്യപ്രദ മാകുന്ന മറ്റേതെങ്കിലും സ്ഥലത്തോ വച്ച് എടുക്കേണ്ടതും അത് വീഡിയോ റെക്കോർഡ് ചെയ്യേണ്ടതും കഴിവതും വേഗത്തിൽ മജിസ്ട്രേറ്റ് മുമ്പാകെ 164 സ്റ്റേറ്റ്മെന്റ് എടുപ്പിക്കേ ണ്ടതുമാണ് (വകുപ്പ് 154 )
- എല്ലാ ലൈംഗികകുറ്റകൃത്യങ്ങൾക്കും പോലീസ് ഉടനടി മജിസ്ട്രേറ്റ് മുമ്പാകെ 164 സ്റ്റേറ്റ്മെന്റ് എടുപ്പിക്കേണ്ടതുമാണ് ( വകുപ്പ് 164)
- ലൈംഗിക കുറ്റകൃത്യത്തിനിരയാവുന്നവർക്ക് എല്ലാ ആശുപത്രികളിലും വൈദ്യസ ഹായം സൗജന്യമായി നല്കേണ്ടതാണ്.( വകുപ്പ് 357 സി)

## B) വ്യക്തി നിയമങ്ങൾ :

സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങളിൽ വിവാഹം, പിൻതുടർച്ച മുതലായവ വിഷയ ങ്ങൾ തീരുമാനിക്കുന്നത് മതാധിഷ്ടിതമായ വ്യക്തി നിയമങ്ങളാണ്.

## i. വിവാഹ നിയമങ്ങൾ

### a) ഹിന്ദു വിവാഹ നിയമം

1955 ലെ ഹിന്ദു വിവാഹ നിയമം അനുസരിച്ച് മാത്രമേ ഹിന്ദു വിവാഹം നടത്താൻ പാടുള്ളു. ഇത്തരം വിവാഹം നടത്താനും വേർപ്പെടുത്താനും പല വ്യവസ്ഥകളും പാലിക്കേണ്ടതുണ്ട്.

1. വിവാഹം അസാധുവാക്കൽ
2. ദാമ്പത്യ ബന്ധം പുനഃസ്ഥാപിക്കൽ
3. ജുഡീഷ്യൽ സെപ്പറേഷൻ
4. വിവാഹമോചനം
5. ഉഭയ സമ്മതപ്രകാരമുള്ള വിവാഹ മോചനം

മേൽ പറഞ്ഞവയ്ക്കുള്ള വ്യവസ്ഥകൾ ഹിന്ദു വിവാഹ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### b) ക്രിസ്റ്റ്യൻ വിവാഹ നിയമം.

1872 ലെ ഇന്ത്യൻ ക്രിസ്റ്റീയ സിവിൽ മാര്യേജ് നിയമപ്രകാരമാണ് വിവാഹം. വിവാഹമോചനം സംബന്ധിച്ചുള്ളത് ഇന്ത്യൻ വിവാഹമോചന നിയമമാണ്.

1. വിവാഹ മോചനം
2. ഉഭയ സമ്മതപ്രകാരമുള്ള വിവാഹ മോചനം
3. വിവാഹം അസാധുവാക്കൽ

മേൽ പറഞ്ഞവ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### c) മുസ്ലിം വിവാഹ നിയമം.

1. മുസ്ലീം വിവാഹം, ആചാരപ്രകാരം ഒരു കരാർ ആയിട്ടാണ് കണക്കാക്കുന്നത്.
2. വിവാഹമോചനം രണ്ട് തരത്തിലാവാം
   - a) കോടതി മുഖേന അല്ലാതെ നടത്തുന്നത്
   - b) കോടതി മുഖേന നടത്തുന്നത്

കോടതി മുഖേന അല്ലാതെ - തലാഖ് ചൊല്ലിയും ഉഭയസമ്മതപ്രകാരവും വിവാഹബന്ധം ഒഴിയാം

മുസ്ലീം വിവാഹമോചന നിയമം 1939 (Dissolution of Muslim Marriage Act 1939 ) പ്രകാരമുള്ള ഒമ്പത് കാരണങ്ങളിൽ ഏതെങ്കിലും കാരണത്താൽ മുസ്ലീം സ്ത്രീക്ക് കോടതി മുഖേന വിവാഹമോചനം നേടാം.

### d) സ്പെഷൽ മാര്യേജ് ആക്ട് 1954 (Special Marriage Act 1954)

ഈ നിയമം 1995 ൽ നിലവിൽ വന്നു. ഇത് പ്രകാരം പ്രായപൂർത്തിയായ വ്യത്യസ്ഥ മത വിഭാഗത്തിൽപ്പെട്ടവർക്ക് തമ്മിൽ നിബന്ധനകൾ പാലിച്ച് വിവാഹം കഴിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നു. ഈ നിയമത്തിൽ ദാമ്പത്യബന്ധം പുനഃസ്ഥാപിക്കൽ, കാരണസഹിതം വിവാഹമോചനം എന്നിവക്കും വ്യവസ്ഥയുണ്ട്.

**ഒരിക്കൽ വിവാഹം കഴിച്ചാൽ കുടുംബകോടതി വഴിയെ വിവാഹമോചനം നടത്താൻ കഴിയൂ.**

**ii. ജീവനാംശ നിയമങ്ങൾ**

ജീവനാംശം എന്നതിൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസ ചെലവ്, വൈദ്യപരിശോധന,ചികിൽസ, ആരോഗ്യ പരിപാലന ചെലവുകൾ എന്നിവ ഉൾപ്പെടുന്നു.

a. ഹിന്ദു സ്ത്രീകൾക്ക്

ഹിന്ദു അഡോപ്ഷൻ & മെയിന്റനൻസ് നിയമപ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി ചെലവിന് ലഭിക്കും.

b. മുസ്ലിം സ്ത്രീകൾക്ക്

സ്ത്രീക്ക് വ്യക്തി നിയമപ്രകാരവും 1986 ലെ വിവാഹ മോചിതരുടെ അവകാശ സംരക്ഷണ നിയമപ്രകാരവും ക്രിമിനൽ നടപടിക്രമത്തിന്റെ 125 -ാം വകുപ്പ് പ്രകാരവും ഈ വിഭാഗത്തിൽപെട്ടവർക്ക് ജീവനാംശം ലഭിക്കും.

c. ക്രിസ്റ്റ്യൻ സ്ത്രീകൾക്ക്

ക്രൈസ്തവർക്കായി പ്രത്യേക ജീവനാംശ നിയമങ്ങൾ ഇല്ലെങ്കിലും ക്രിമിനൽ നടപടി നിയമം 125 -ാം വകുപ്പ് പ്രകാരം ഈ വിഭാഗത്തിൽ പെട്ടവർക്ക് ജീവനാംശം ലഭിക്കും.

**iii. പിൻതുടർച്ചാവകാശ നിയമങ്ങൾ**

a. ഹിന്ദു

1956 ലെ ഹിന്ദു പിൻതുടർച്ചാവകാശം ആണ് ബാധകമാകുക ഇത് പ്രകാരം മാതാപിതാക്കളുടെ സ്വത്തിന് പെൺമക്കൾക്കും  തുല്യാവകാശം ഉണ്ട്.

b. ക്രിസ്റ്റ്യൻ

1925 ലെ ഇന്ത്യൻ പിൻതുടർച്ചാനിയമം ആണ് ബാധകമാവുക. ഇത് പ്രകാരം പെൺമക്കൾക്കും തുല്ല്യാവകാശം കൈവന്നിരിക്കുന്നു.

c. മുസ്ലിം

ഇസ്ലാമിക സ്വത്ത് നിയമപ്രകാരമാണ് അവകാശം.

## C) തൊഴിൽ നിയമങ്ങൾ

### i. ഫാക്ടറി നിയമം 1948 (Factories Act 1948)

- സൗകര്യപ്രദമായ ടോയ്ലെറ്റുകൾ എല്ലാ ഫാക്ടറിയിലും ഉണ്ടാവണം

- 30 ൽ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനമാണെങ്കിൽ 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കായി ക്രെഷെകൾ ഉണ്ടാവണം
- ചില സാഹചര്യങ്ങൾ ഒഴികെ രാവിലെ 6 മണിക്ക് മുതൽ വൈകുന്നേരം 7 മണിവരെ സ്ത്രീകളെ ജോലി എടുപ്പിക്കാവൂ

**ii.** **എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് നിയമം** 1948 (E.S.I Act)

- പ്രസവാനുകൂല്യങ്ങൾ ലഭിക്കാൻ അർഹത നൽകുന്നു

**iii.** **മൈൻസ് നിയമം 1952** (Mines act 1952)

- മണ്ണിനടിയിൽ സ്ത്രീകളെ കൊണ്ട് ജോലി എടുപ്പിക്കരുത്
- രാത്രി 7 മുതൽ രാവിലെ 6 വരെ മൈനുകളിൽ ജോലി എടുപ്പിക്കരുത്

**iv.** **പ്രസവാനുകൂല്യ നിയമം 1961** (Maternity Benefit act 1961) & 2017 ലെ ഭേദഗതികൾ

- ബാധകമായ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് പ്രസവാനുകൂല്യങ്ങൾ ലഭിക്കും, ഗർഭിണിയായിരിക്കുമ്പോഴോ, പ്രസവമോ, ഗർഭം അലസലോ അലസിപ്പിക്കലോ നടന്നാലോ അവധി നൽകേണ്ടതാണ്.. അവരുടെ ആരോഗ്യസ്ഥിതി അനുസരിച്ച് ജോലി സമയങ്ങൾ നൽകേണ്ടതുമാണ്.
- കുഞ്ഞിന് 15 മാസം ആകും വരെ ദിവസേന രണ്ട് പ്രാവശ്യം മുലയൂട്ടാനും അവസരം നൽകണം
- ഈ അനുകൂല്യങ്ങൾക്ക് പകരമായി ശമ്പളത്തിൽ നിന്ന് തുക പിടിക്കാൻ പാടില്ല.

**v.** **തുല്യവേതന നിയമം, 1976** (Equal Remuneration act 1976), ലിംഗവിവേചനമില്ലാതെ തുല്യ ജോലിക്ക് തുല്യവേതനം നൽകേണ്ടത് തൊഴിലുടമയുടെ ഉത്തരവാദിത്ത്വമാണ്.

**vi.** **തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെരിരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) നിയമ 2013**

തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമങ്ങളിൽ നിന്ന് സംരക്ഷണത്തിനുള്ള വ്യവസ്ഥകൾ, സംവി ധാനങ്ങൾ.

## 2. കുട്ടികളുടെ അവകാശസംരക്ഷണ പ്രഖ്യാപനങ്ങൾ, കമ്മീഷനുകൾ, നിയമങ്ങൾ

### 2.1 അന്തരാഷ്ട്ര തലം

കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് അന്തർദേശീയ - ദേശീയതലങ്ങളിൽ പല പ്രമാണങ്ങളും നിയമങ്ങളും നിലവിലുണ്ട്.1959 ലെ കുട്ടികളുടെ അവകാശ സംരക്ഷണ പ്രഖ്യാപനത്തിന്റെ ചുവടു പിടിച്ച് ഉണ്ടാക്കിയ കുട്ടികളെ സംബന്ധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അന്തരാഷ്ട്ര രേഖയാണ് 1989 ലെ ഐക്യരാഷ്ട്ര സഭയുടെ കുട്ടികളുടെ അവകാശ ഉടമ്പടി

(UN CONVENTION ON THE RIGHTS OF CHILD -1989) 1992ൽ ഇന്ത്യ ഈ ഉടമ്പടി അംഗീകരിച്ചു. ഈ ഉടമ്പടി പ്രകാരം നാല് തരത്തിലാണ് കുട്ടികളുടെ അവകാശങ്ങളെ തരംതിരിച്ചിരിക്കുന്നത്.

- അതിജീവനം (Survival)
- വികസനം (Development)
- പങ്കാളിത്തം (Participation)
- സംരക്ഷണം (Protection)

## 2.2 ദേശീയ തലം

### a) ഭരണഘടനാ വ്യവസ്ഥകൾ

#### i. അവകാശങ്ങൾ

ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന എല്ലാ അവകാശങ്ങളും കുട്ടികൾക്കും അർഹ തപ്പെട്ടതാണ്. കുട്ടികൾക്കായി ചില പ്രത്യേക വ്യവസ്ഥകളും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

അനുഛേദം 15(3) : കുട്ടികളുടെ സംരക്ഷണത്തിനായി പ്രത്യേക നിയമങ്ങൾ ഉണ്ടാക്കുവാൻ ഭരണകൂടത്തിനെ അധികാരപ്പെടുത്തൽ

അനുഛേദം 21 (A): ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം

അനുഛേദം 23 : മനുഷ്യക്കടത്ത്, നിർബന്ധിത ജോലി എന്നിവ തടയുന്നു

അനുഛേദം 24 : ബാലവേല നിരോധനം

അനുഛേദം 30 : മത-ഭാഷാ ന്യൂനപക്ഷത്തിൽപ്പെട്ട കുട്ടികൾക്ക് അത്തരം വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശനം

അനുഛേദം 45 : 6 വയസ്സുവരെയുള്ളകുട്ടികളുടെ പരിചരണവും വിദ്യാഭ്യാസവും

#### ii. നിർദ്ദേശക തത്വങ്ങൾ

അനുഛേദം 39: കുട്ടികളുടെ പ്രായമോ ശരീരമോ ദുരുപയോഗപ്പെടുത്താതിരിക്കാനും ശരീരത്തിനോ ജീവനോ ഹിതകരമല്ലാത്ത ജോലിക്ക് നിർബന്ധിക്കാതിരിക്കാനും വ്യവസ്ഥ ചെയ്യുന്നു

അനുഛേദം 41 : വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, ചികിത്സ, ശേഷിക്കുറവ് മുതലായവക്കുള്ള പ്രതിവിധിക്കായി സഹായം നൽകുന്നത് രാഷ്ട്രത്തിന്റെ ബാധ്യതയാണ്

അനുഛേദം 45: സൗജന്യവും നിർബന്ധിതവുമായ ശിശുവിദ്യാഭ്യാസം

അനുഛേദം 46: ദുർബല വിഭാഗങ്ങളെ ചൂഷണ വിമുക്തമാക്കേണ്ടത് രാഷ്ട്ര ബാധ്യത

അനുഛേദം 47: പോഷകാഹാരം, മുതലായവ ഉറപ്പാക്കേണ്ടത് രാഷ്ട്ര ബാധ്യത

#### iii. മൗലിക കർത്തവ്യങ്ങൾ

അനുഛേദം 51 A (k): 6നും 14നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കേണ്ടത് മാതാപിതാക്കളുടേയും രക്ഷിതാക്കളുടേയും കടമയാണ്

b) **ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമം,2005** (Commission for Protection of Child Rights Act, 2005)

- ദേശീയ - സംസ്ഥാനതലങ്ങളിൽ കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്താൻ ബാലവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിക്കുക, ബാലാ വകാശലംഘനങ്ങൾക്കെതിരെ നടപടി എടുക്കുവാൻ സംവിധാനമുണ്ടാകുക എന്നീ ലക്ഷ്യങ്ങളാണ് ഈ നിയമത്തിനുള്ളത്. POCSO Act 2012, JJ Act 2015, RTE Act 2009 എന്നീ നിയമങ്ങളുടെ നടത്തിപ്പിനെക്കുറിച്ച് നിരീക്ഷണം നടത്തുക എന്ന ചുമതലയും ബാലാവകാശ സംരക്ഷണ കമ്മീഷനുണ്ട്. ദേശീയ സംസ്ഥാനതലങ്ങളിൽ ബാലാവകാശസംരക്ഷണ കമ്മീഷനുകൾ പ്രവർത്തിച്ചു വരുന്നു.

**1. ദേശീയ ബാലാവകാശസംരക്ഷണ കമ്മീഷൻ**

മേൽ നിയമം അനുസരിച്ച് 2007 ൽ ദേശീയ ബാലാവകാശസംരക്ഷണ കമ്മീഷൻ ചെയർപേഴ്സണും 6 അംഗങ്ങളുമാണ് കമ്മീഷനിലുള്ളത്.

**<u>മേൽവിലാസം</u>**

ദേശീയ ബാലവകാശ സംരക്ഷണകമ്മീഷൻ
5-ാം നില, ചന്ദ്രലോക് ബിൽഡിങ്ങ്,
36 ജനപഥ്, ന്യൂഡെൽഹി- 110 001
ഫോൺ നം- 01123478200 ഇ.മെയിൽ-ncpcr@nic.in

**2. സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

2005 ലെ ദേശീയ ബാലാവകാശസംരക്ഷണ കമ്മീഷൻ നിയമത്തിൽ പറഞ്ഞിട്ടുള്ള ചുമതലകൾ സംസ്ഥാനതലത്തിൽ നിറവേറ്റുന്നതിനായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 2013 ജൂണിൽ സംസ്ഥാന സർക്കാർ രൂപീകരിച്ചു. ചെയർപേഴ്സണും 6 അംഗങ്ങളുമടങ്ങുന്നതാണ് കമ്മീഷൻ

<u>സംസ്ഥാന കമ്മീഷന്റെ മേൽവിലാസം</u>

കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ
ശ്രീഗണേഷ്, ടി.സി-14/2036,
വാൻറോസ് ജംഗ്ഷൻ, ബേക്കറി ജംഗ്ഷനു സമീപം,
യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം 695 034
ഫോൺ നം- 04712325602 ഇ.മെയിൽ- childrights.cpcr@kerala.gov.in

## c) നിയമവ്യവസ്ഥകൾ

### A. കുട്ടികൾക്ക് നേരെയുള്ള ക്രിമിനൽ കുറ്റങ്ങൾക്കെതിരെയുള്ള നിയമങ്ങൾ

#### 1) ഇന്ത്യൻ ശിക്ഷാ നിയമം, 1860 (Indian Penal Code,1860)

| ക്രമ നം | കുറ്റത്തിന്റെ സ്വഭാവം | വകുപ്പ് | ശിക്ഷ |
|---|---|---|---|
| 1. | 7 വയസ്സിൽ താഴെ പ്രായമുള്ള ഒരു കുട്ടി കുറ്റം ചെയ്താൽ 82-ാം വകുപ്പ് പ്രകാരം അത് കുറ്റമായി കണക്കാക്കില്ല. 7നും 12നും ഇടയിൽ പ്രായമുള്ള കുട്ടി കുറ്റം ചെയ്താൽ ആ കുറ്റത്തിന്റെ സ്വഭാവവും ഭവിഷ്യത്തും മനസ്സിലാക്കാനുള്ള മാനസിക പക്വതയില്ലെങ്കിലും കുറ്റമായി കണക്കാക്കില്ല | 82 | കുറ്റമായി കണക്കാക്കില്ല |
| 2. | ഗർഭഛിദ്രം നടത്തുന്നതും മറ്റും | 312<br>316 | 7 വർഷം വരെ തടവ്<br>10 വർഷം വരെ തടവ് |
| 3. | 12 വയസ്സിൽ താഴെയുള്ള കുട്ടിയെ തൊഴിലിന് ഉപയോഗിക്കുന്നത് | 317 | 7 വർഷം തടവും പിഴയും |
| 4. | നിയമപരമായ രക്ഷിതാക്കളിൽ നിന്ന് കിഡ്നാപ്പ് ചെയ്യുന്നത് (16 വയസ്സിന് താഴെയുള്ള ആൺകുട്ടി/18 വയസ്സിന് താഴെയുള്ള പെൺകുട്ടി) | 361 | 7 വർഷം തടവും പിഴയും |
| 5. | ഭിക്ഷാടനത്തിനായി കുട്ടിയെ കിഡ്നാപ്പ് ചെയ്യുന്നതും അംഗഭംഗം വരുത്തുന്നതും മറ്റും | 363 A | 10 വർഷം വരെ തടവും പിഴയും |
| 6. | മോചനദ്രവ്യം ആവശ്യപ്പെട്ട് കിഡ്നാപ്പ് | 364 A | വധശിക്ഷയോ; ജീവപര്യന്തവും പിഴ ശിക്ഷയും |
| 7. | മൈനറായ പെൺകുട്ടിയെ വശീകരിച്ച് കൊണ്ടുപോകുന്നത് | 366 A | 10 വർഷം തടവും പിഴയും |
| 8. | അന്യ രാജ്യത്തു നിന്നും പെൺകുട്ടിയെ കടത്തി കൊണ്ട് വരുന്നത് | 366 B | 10 വർഷം തടവും പിഴയും |
| 9. | കുട്ടിയുടെ ശരീരത്തിൽ നിന്ന് എന്തെങ്കിലും അപഹരിക്കണമെന്ന ഉദ്ദേശത്തോടെ കുട്ടിയെ കിഡ്നാപ്പ് ചെയ്യുന്നത് | 369 | 7 വർഷം തടവും പിഴയും |

| ക്രമ നം | കുറ്റത്തിന്റെ സ്വഭാവം | വകുപ്പ് | ശിക്ഷ |
|---|---|---|---|
| 10. | പ്രായപൂർത്തിയാകാത്ത കുട്ടിയെ വേശ്യാവൃത്തിക്കായി വിൽക്കുന്നതും മറ്റും | 372 | 10 വർഷം തടവും പിഴയും |
| 11. | പ്രായപൂർത്തിയാകാത്ത കുട്ടിയെ വേശ്യാ വൃത്തിക്കായി വാങ്ങുന്നതും മറ്റും | 373 | 10 വർഷം തടവും പിഴയും |
| 12. | 18 വയസ്സിൽ താഴെ പ്രായമുള്ള പെൺകു ട്ടിയുടെ സമ്മതത്തോടെയും അല്ലാതെയും നടത്തുന്ന ലൈംഗീക വേഴ്ച്ചയും 15 വയ സ്സിൽ താഴെ പ്രായമുള്ള ഭാര്യയുമായി നട ത്തുന്ന ലൈംഗീക വേഴ്ച്ചയും ബലാൽസം ഗമാണ് | 376 (1) | 7 വർഷം മുതൽ ജീവപര്യന്തം വരെയും കഠിന തടവും പിഴയും |
| 13. | പോലീസ് ഉദ്യോഗസ്ഥൻ 16 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെയോ ബാലമന്ദിര ത്തിൽ താമസിക്കുന്ന കുട്ടിയെയോ ബലാൽസംഗം ചെയ്താൽ | 376(2) | 10 വർഷം മുതൽ ജീവപര്യന്തം തടവും (ജീവിതാവസാനം വരെ) പിഴയും |
| 14. | പ്രകൃതി വിരുദ്ധ പീഢനങ്ങൾ | 377 | 10 വർഷം തടവും പിഴയും |
| 15. | കുട്ടികടത്ത് | 370 (4) | 10 വർഷം മുതൽ ജീവപര്യന്തം വരെയാകാവുന്ന കഠിന തടവും പിഴയും |
| 16. | ഒന്നിൽ കൂടുതൽ കുട്ടികളെ കടത്തിയാൽ | 370 (5) | 14 വർഷത്തിൽ കുറയാത്ത ജീവ പര്യന്തം കഠിന തടവും പിഴയും |
| 17. | ഇത് ആവർത്തിച്ചാൽ | 370 (6) | ജീവിതാവസാനം വരെ തടവും പിഴയും |
| 18. | ഇത്തരത്തിൽ കടത്തികൊണ്ടു വന്ന കുട്ടിയെ ലൈംഗിക ചൂ,ഷണത്തിനു വിധേ യമാക്കിയാൽ | 370 A | 5 വർഷം മുതൽ 7 വർഷം വരെ തടവ് |

2) **ബാലനീതി നിയമം– 2015** [Juvenile Justice (Care & Protection of Children) Act 2015]

- 18 വയസ്സിൽ താഴെ പ്രായമുള്ള ആൺകുട്ടികളും പെൺകുട്ടികളും ഈ നിയമ ത്തിന്റെ സംരക്ഷണത്തിൽ ഉൾപ്പെടും
- ഈ നിയമപ്രകാരം കുട്ടികളെ രണ്ടായി തരം തിരിച്ചിട്ടുണ്ട്.

i) നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി (18 വയസ്സിൽ താഴെ പ്രായത്തിൽ ഏതെ ങ്കിലും കുറ്റകൃത്യം ചെയ്ത കുട്ടി) (Child in Conflict with Law)

ii) ശ്രദ്ധയും സംരക്ഷണവും ആവശ്യമുളള കുട്ടി (Child in need of Care & Protection)

- മാതാപിതാക്കളോ രക്ഷിതാക്കളോ ഇല്ലാത്തവർ, കുട്ടികളെ സംരക്ഷിക്കാൻ പ്രാപ്തര ല്ലാത്ത മാതാപിതാക്കളുടെ കുട്ടികൾ, ബാലവേല ചെയ്യുന്നവർ, ഭിക്ഷാടനം ചെയ്യുന്ന വർ, ശാരീരികമോ ലൈംഗികമോ ആയ പീഢനത്തിനിരയായ കുട്ടികൾ, ലഹരിക്കടി മപ്പെട്ട കുട്ടികൾ മുതലായവർ ഈ ഗണത്തിൽ പെടുന്നു
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കാര്യത്തിൽ തീർപ്പു കൽപ്പിക്കുന്നത് ജുവൈനൽ ജസ്റ്റിസ് ബോർഡുകളാണ്. ഒരു പ്രിൻസിപ്പാൾ മജിസ്ട്രേട്ടും 2 അംഗ ങ്ങളും (വിദഗ്ദ്ധർ/സാമൂഹ്യപ്രവർത്തകർ) ചേരുന്നതാണ് ബോർഡ്. അതിൽ ഒരാൾ വനിതയായിരിക്കണം
- ഇത്തരം കുട്ടികൾക്ക് പൊതുവെ ജാമ്യം നൽകാം. എന്നാൽ ഉചിതമെന്ന് തോന്നുന്ന സാഹചര്യത്തിൽ ജാമ്യം നൽകാതെ ഒബ്സർവേഷൻ ഹോമുകളിൽ പാർപ്പിക്കാം. സ്പെഷ്യൽ ഹോം, പ്ലേയ്സ് ഓഫ് സേഫ്റ്റി മുതലായ സംവിധാനങ്ങളും ഉണ്ട്
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുളള കുട്ടികളുടെ അടിസ്ഥാന ജീവിതാവശ്യ ങ്ങളും മനുഷ്യാവകാശ സംരക്ഷണവും ഉറപ്പാക്കാനുളള നടപടികൾ എടുക്കാൻ ഉളള അധികാരം ബാലക്ഷേമ സമിതി അഥവാ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ (CWC) ക്കാണ്
- ഒരു ചെയർമാനും 4 അംഗങ്ങളും അടങ്ങുന്നതാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി. അതിൽ ഒരാൾ വനിതയായിരിക്കണം
- ഇത്തരം കുട്ടികളെ ബാലമന്ദിരങ്ങളിൽ (ചിൽഡ്രൻസ് ഹോം) ആണ് പാർപ്പിക്കുക. സർക്കാർ – സർക്കാരിതര സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെടും
- കുട്ടികളുടെ പുനരധിവാസത്തിനും സാമൂഹിക പുന:രുദ്ഗ്രഥനത്തിനുമായി ദത്തെടു ക്കൽ, ഫോസ്റ്റർ കെയർ (താൽക്കാലിക സുരക്ഷ) സ്പോൺസർഷിപ്പ് (യുക്തരായ വ്യക്തികൾ (Fit Persons), സ്ഥാപനങ്ങൾ (Fit Institutions) എന്നിവ ഉപയോഗ പ്പെടുത്താം. കൂടാതെ മറ്റ് സംസ്ഥാനത്ത് നിന്നും വന്ന കുട്ടികളെ തിരിച്ചെത്തിക്കാനു ളള സംവിധാനവും ലഭ്യമാണ്

**ബാലനീതി നിയമപ്രകാരമുള്ള കുറ്റങ്ങൾ, ശിക്ഷകൾ (പ്രധാനപ്പെട്ടവ)**

| **കുറ്റത്തിന്റെ സ്വഭാവം** | **വകുപ്പ്** | **ശിക്ഷ** |
|---|---|---|
| കുട്ടികളുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുന്നത് | വകുപ്പ് 74 | 6 മാസം വരെ തടവും 2 ലക്ഷം രൂപ വരെ പിഴയും |
| കുട്ടികളെ കുട്ടികളുടെ ചുമതലയുള്ള ആൾ ചുമതല യുള്ള സമയത്ത് കുട്ടികളെ ശിക്ഷിക്കുക, ഉപദ്രവിക്കു ക, ഉപേക്ഷിക്കുക, ആക്രമിക്കുക, അവഗണിക്കുക മുതലായ പ്രവൃത്തിയിലൂടെ കുട്ടിക്ക് ശാരീരികമോ മാനസികമോ ആയ സമ്മർദ്ദം ഉണ്ടാക്കുന്നത് | വകുപ്പ് 75 | 3 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| കുട്ടിയെ കൊണ്ടോ, കുട്ടിയെ ഉപയോഗിച്ചു കൊണ്ടോ ഭിക്ഷാടനം നടത്തുന്നത് | വകുപ്പ് 76 | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| പൊതുസ്ഥലത്ത് വച്ച് മദ്യമോ ലഹരി വസ്തുക്കളോ കുട്ടിക്ക് നൽകുന്നത് | വകുപ്പ് 77 | 7 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| മദ്യമോ ലഹരിവസ്തുക്കളോ കടത്തുന്നതിനോ വിൽക്കുന്നതിനോ കുട്ടികളെ ഉപയോഗിക്കുന്നത് | വകുപ്പ് 78 | 7 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| അപകടകരമായ തൊഴിൽ ചെയ്യിക്കുന്നതിന് കൊണ്ടു വരികയും ചെയ്യിക്കുകയും വേതനം തടഞ്ഞു വെക്കു കയും ചെയ്യുന്നത് | വകുപ്പ് 79 | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| കുട്ടിയെ വാങ്ങുക വിൽക്കുക എന്നിവ ചെയ്യുന്നത് | വകുപ്പ് 81 | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |

**3) ബാല്യവിവാഹനിരോധന നിയമം, 2006 (Prohibition of Child Marriage Act, 2006)**

- ജാതിമതഭേദമന്യേ, 18 വയസ്സിൽ താഴെയുള്ള പെൺകുട്ടിയെയോ 21 വയസ്സിൽ താഴെ യുള്ള ആൺകുട്ടിയേയോ വിവാഹം ചെയ്യാൻ പാടില്ല എന്ന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.
- ഇത് തടയുന്നതിനായി ബാല്യവിവാഹ നിരോധന ഉദ്യോഗസ്ഥരായ CDPO മാരെ നിയോ ഗിച്ചിട്ടുണ്ട്. ബാല്യവിവാഹത്തിനെതിരെ ബോധവൽക്കരണം നടത്താനും തടയാനും ഉത്തരവാദിത്വം ഇവരിൽ നിക്ഷിപ്തമാണ്.
- ബാല്യവിവാഹം തടയാൻ കോടതിയിൽ നിന്ന് 'ഇൻജംഗ്ഷൻ' (Injuction) ഉത്തരവ് നേടാവുന്നതുമാണ്.
- വിവാഹം റദ്ദാക്കാൻ കുട്ടിക്ക് കോടതിയെ സമീപിക്കാനും നിയമം വ്യവസ്ഥ ചെയ്യുന്നു.

- തട്ടികൊണ്ട് പോയിട്ടോ നിർബന്ധിച്ചോ വിവാഹത്തിനായി കുട്ടിയെ വിൽപ്പന നടത്തി യിട്ടോ ഉള്ള സാഹചര്യങ്ങളിൽ ആ വിവാഹം അസാധുവാക്കാവുന്നതാണ്. അത്തരം കുട്ടികൾക്ക് സംരക്ഷണചെലവും താമസസംവിധാവും നൽകാൻ വിവാഹം കഴിച്ച പുരുഷന്മാർ ബാധ്യസ്ഥനാണ്.

**ബാല്യവിവാഹനിരോധനനിയമപ്രകാരമുള്ള കുറ്റങ്ങൾ, ശിക്ഷകൾ (പ്രധാനപ്പെട്ടവ)**

| കുറ്റത്തിന്റെ സ്വഭാവം | വകുപ്പ് | ശിക്ഷ |
|---|---|---|
| പ്രായപൂർത്തിയായ പുരുഷൻ പ്രായപൂർത്തി യാകാത്ത കുട്ടിയെ വിവാഹം കഴിച്ചാൽ | വകുപ്പ് 9 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |
| ബാല്യവിവാഹം നടത്തുക, അതിന് നിർദ്ദേശം നൽകു ക, പ്രേരിപ്പിക്കുക മുതലായ പ്രവൃത്തികൾ ചെയ്യുന്നത് | വകുപ്പ് 10 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |
| വിവാഹം തടഞ്ഞുകൊണ്ടുള്ള കോടതി ഉത്തരവ് ലംഘിക്കുന്നത് | വകുപ്പ് 11 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |
| കുട്ടിയിൽ അധികാരമുള്ള ആൾ ബാല്യവിവാഹത്തിന് അനുമതി നൽകുക, തടയുന്നതിൽ വീഴ്ച വരുത്തുക, മുതലായ പ്രവൃത്തികൾ ചെയ്താൽ | വകുപ്പ് 11 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |

4) **മുലപാലിന് പകരമുള്ള പാൽ, പാൽകുപ്പികൾ, ശിശുക്കൾക്കുള്ള ഭക്ഷണം, (ഉല്പാദനം, എത്തിക്കൽ, വിതരണം, നിയന്ത്രണം) നിയമം 1992 (Infant Milk Substitues, Feeding bottles, Infant foods, (Regulation of Production, Supply and Distribution) Act 1992**

- മുലപ്പാലിന് പകരമുള്ള പാലോ ഭക്ഷണമോ പാൽകുപ്പികളോ സംബന്ധിച്ച പരസ്യം ചെയ്യാൻ പാടില്ല. അവ മുലപ്പാലിലും നല്ലതാണ് എന്ന് വിശ്വസിപ്പിക്കാൻ പാടില്ല.
- അവയുടെ സാമ്പിൾ പാക്കറ്റുകൾ സമ്മാനമായി നൽകരുത്
- ശിശു മന്ദിരങ്ങളിൽ അവ സംഭാവന ചെയ്യാൻ പാടില്ല
- നിങ്ങളുടെ കുഞ്ഞിന് ഏറ്റവും നല്ലത് അമ്മയുടെ പാലാണ് എന്ന് കുഞ്ഞു ങ്ങൾക്കായി വില്പന നടത്തുന്ന കുപ്പികളിലും പാത്രങ്ങളിലും ഭക്ഷണവസ്തുക്കളി ലും രേഖപ്പെടുത്തണം

- അമ്മയുടെയും കുഞ്ഞിന്റെയും ചിത്രങ്ങൾ അവയുടെ പാത്രത്തിൽ, കുപ്പിയിൽ ഉണ്ടാവരുത്.
  മുതലായ വ്യവസ്ഥകളും നിയമത്തിലുണ്ട്.

ഇത്തരം വ്യവസ്ഥകൾ ലംഘിച്ചാൽ ആ വസ്തുക്കൾ കണ്ടുകെട്ടാവുന്നതാണ്. മാത്രമല്ല, മൂന്ന് വർഷം വരെ തടവും 2000 പിഴ ശിക്ഷയും ലഭിക്കാവുന്ന കുറ്റവും ആണ്.

**5) ഗർഭധാരണത്തിന് മുമ്പും ഗർഭാവസ്ഥിലും (ലിംഗതെരഞ്ഞെടുപ്പ് നിരോധനം) നിയമം 1994/ ഭ്രൂണപരിശോധന നിയമം,1994 (Pre conception – Prenatal diagnostic Techniques (Prohibition of sex selection) Act 1994)**

- പെൺഭ്രൂണഹത്യയും ആൺഭ്രൂണം തിരഞ്ഞെടുക്കലും തടയുക വഴി പെൺകുഞ്ഞുങ്ങൾക്കെതിരെയുള്ള വിവേചനം തടയുക എന്ന ലക്ഷ്യമാണീ നിയമത്തിനുള്ളത്.
- ഗർഭധാരണത്തിന് മുമ്പു ആൺ ഭ്രൂണം തിരഞ്ഞെടുക്കുന്നതും ഗർഭധാരണത്തിന് ശേഷം ഭ്രൂണ പരിശോധന നടത്തി ലിംഗനിർണ്ണയം നടത്തുന്നതും ഈ നിയമം മൂലം നിരോധിച്ചിരിക്കുന്നു.
- ഭ്രൂണലിംഗനിർണ്ണയം നടത്തുന്നതിനുള്ള പരസ്യങ്ങൾ നിരോധിച്ചിട്ടുണ്ട്.
- അൾട്രാസൗണ്ട് മെഷീൻ മുതലായവ രജിസ്ട്രേഷൻ കൂടാതെ വിൽക്കാൻ പാടില്ല
- ഗർഭസ്ഥ ശിശുവിന്റെയോ മാതാവിന്റെയോ ആരോഗ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ടല്ലാതെ ഇത്തരം പരിശോധന നടത്താൻ പാടില്ല.
- കുട്ടി ആണോ പെണ്ണോ എന്ന് യാതൊരു രീതിയിലും വെളിപ്പെടുത്തരുത്.
- ഈ നിയമത്തിന്റെ ലംഘനം, മൂന്ന് മുതൽ അഞ്ച് വർഷം വരെ തടവു ശിക്ഷയും 10,000 മുതൽ 50,000 രൂപ വരെ പിഴശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

**6) ലൈംഗീകാതിക്രമത്തിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണ നിയമം, 2012 (Protection of Children From Sexual Offences Act, 2012), (POCSO ACT)**

- കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമം തടയുവാനും ദ്രുതഗതിയിൽ വിചാരണ നടത്തുവാൻ പ്രത്യേക കോടതി (Special Court) സ്ഥാപിക്കാനും ലക്ഷ്യമിടുന്ന നിയമമാണിത്.

- ഈ നിയമപ്രകാരം ലിംഗഭേദമെന്യേ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഈ നിയമത്തിന്റെ സംരക്ഷണം ലഭിക്കും.

- പ്രവേശിക ലൈംഗീകാതിക്രമം മുതൽ ലൈംഗീക ചുവയോടെയുള്ള നോട്ടവും സ്പർശവും അടക്കം എല്ലാ ലൈംഗീക ചേഷ്ടകളും പ്രവൃത്തികളും 6 മാസം മുതൽ ജീവപര്യന്തം വരെ ശിക്ഷാ ലഭിക്കാവുന്ന കുറ്റങ്ങളാണ്.

- ഏതെങ്കിലും കുട്ടിയെ ആരെങ്കിലും ലൈംഗീകമായി ചൂഷണം ചെയ്യുന്നുവെന്നോ ചെയ്യാൻ ശ്രമിക്കുന്നു എന്നോ അറിവുകിട്ടിയ ഒരു വ്യക്തി അത് നിബന്ധമായും പോലീസിൽ റിപ്പോർട്ട് ചെയ്യണം. അതിൽ വീഴ്ച വരുത്തിയാൽ വീഴ്ച്ച വരുത്തിയ ആൾക്ക് 6 മാസം തടവു ശിക്ഷ ലഭിക്കും.

- കുട്ടിയുടെ മൊഴി എടുക്കുന്നതും വൈദ്യപരിശോധന നടത്തുന്നതും കുട്ടിക്ക് വിശ്വാസ്യമുള്ളവരുടെ സാന്നിദ്ധ്യത്തിലും ബാലസൗഹൃദപരമായും ആയിരിക്കണം.

- POCSO നിയമപ്രകാരമുള്ള കേസുകൾക്കായി പ്രത്യേക കോടതിയും പ്രത്യേക പബ്ലിക്ക് പ്രോസിക്യൂട്ടർമാരും ഉണ്ടാവണം.

- വിചാരണ വേളയിലോ അതിനു മുമ്പോ കുട്ടിയും പ്രതിയുമായി ആയി നേരിട്ട് കാണാനുള്ള അവസരം ഒഴിവാക്കാൻ പോലീസും മറ്റും ശ്രമിക്കണം.

- ഈ നിയമത്തിൽ കുട്ടിക്ക് നഷ്ടപരിപാരത്തിനുള്ള വ്യവസ്ഥയുണ്ട്.

- ഈ നിയമപ്രാരമുള്ള ഒരു കുറ്റകൃത്യവും മദ്ധ്യസ്ഥതയിൽ ഒത്ത് തീർപ്പാക്കാൻ പാടുള്ളതല്ല.

- കുട്ടിയെ ഒരു കാരണവശാലും പോലീസ് സ്റ്റേഷനിൽ വിളിച്ച്വരുത്തി മൊഴി എടുക്കാൻ പാടില്ല.

- കുട്ടിക്ക് സൗജന്യവൈദ്യപരിശോധനയും ആവശ്യമെങ്കിൽ ചികിത്സയും നൽകേണ്ടതാണ്.

## B. തൊഴിൽ നിയമങ്ങൾ

### i. ബാലവേല നിരോധന നിയമം, 1986 (Child Labour (Prohibition and Regulation) Act, 1986)

- 14 വയസ്സിൽ താഴെപ്രായമുള്ള കുട്ടികളെ ജോലി എടുപ്പിക്കുന്നത് ചില സന്ദർഭങ്ങളിൽ തടയുകയും ചില സാഹചര്യങ്ങളിൽ നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യം.

- ഈ നിയമത്തിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള 65 തൊഴിൽപ്രക്രിയകളിലും 18 തൊഴിലുകളിലും കുട്ടികളെ ഏർപ്പെടുത്തുന്നത് നിയമം പൂർണ്ണമായും വിലക്കുന്നു. സർക്കസ്, ഹോട്ടൽ, വീടുകൾ, ബിഡി നിർമ്മാണം മുതലായവ ഇതിൽ ഉൾപ്പെടും.

- എന്നാൽ അത്തരം തൊഴിലുകൾ സ്കൂളിന്റെയോ കുടിൽവ്യവസായത്തിന്റെയോ പരിശീലനത്തിന്റെ ഭാഗമായിട്ടോ കുടുംബ ബിസിനസുമായി ബന്ധപ്പെട്ടോ ആണെങ്കിൽ ഈ വ്യവസ്ഥകൾ ബാധകമല്ല.

- ചില തൊഴിലുകളിൽ നിയമം ചില നിയന്ത്രണങ്ങളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 6 മണിക്കൂറിൽ കൂടുതൽ ഒരു കുട്ടിയെ ജോലിക്ക് നിർത്തരുതെന്നും, ഇടവേളകൾ നൽകണമെന്നും, രാത്രി 7മുതൽ രാവിലെ 8 വരെ കുട്ടിയെ ജോലിക്ക് വെക്കരുതെന്നും ഒക്കെയുള്ള വ്യവസ്ഥകൾ അവയിൽ ചിലതാണ്.

- ഈ വ്യവസ്ഥകൾ ലംഘിച്ചാൽ മൂന്ന് മാസം മുതൽ 1 വർഷം വരെ തടവും 10,000 രൂപ വരെ പിഴയും ലഭിക്കാം.

- എം.സി മെഹ്തയുടെ കേസിൽ സുപ്രീം കോടതിയുടെ വിധിപ്രകാരം ബാലവേല ചെയ്യിച്ച തൊഴിലുടമ ആ കുട്ടിയുടെ വീട്ടിലെ പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് ജോലി നൽകുകയോ ജോലി കൊടുക്കാൻ സാധിച്ചില്ലെങ്കിൽ കുട്ടിയുടെ പേരിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയോ വേണം.

**ii. ട്രേഡ് യൂണിയൻ നിയമം 1926** (Trade Union act 1926)

- 15 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് മാത്രമേ ട്രെഡ് യൂണിയൻ അംഗമാകാവൂ.

**iii. ബാലവേല (പണയപ്പെടുത്തൽ) നിയമം 1933** (Children (Pledging for Labour) Act 1933)

- തൊഴിലുടമയിൽ നിന്ന് പണവും മറ്റും വാങ്ങി പകരം കുട്ടികളെ ജോലി എടുപ്പിക്കുന്നത് നിരോധിക്കുന്നു

### iv. ഫാക്ടറീസ് നിയമം, 1948 (Factories Act, 1948)

- 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ ജോലി ചെയ്യിക്കരുത്
- അപകടകരമായ ജോലികളിൽ കുട്ടികൾ ജോലി ചെയ്യുന്നതിന് നിയന്ത്രണം
- രാത്രി 7 മുതൽ രാവിലെ 6 വരെ ജോലി എടുപ്പിക്കുരുത് മുതലായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## C. വിദ്യാഭ്യാസ അവകാശ നിയമം , 2009 (Right to Education Act, 2009)

- 6 നും 14 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് ഉള്ള അവകാശം ഉറപ്പ് നൽകുന്ന നിയമമാണിത്.
- പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ നിയമം ഉദ്ദേശിക്കുന്നു.
- സംഭാവനയും പകിടിപണവും വാങ്ങിയാൽ അതിന്റെ പത്തിരട്ടി തുക പിഴ ശിക്ഷ ലഭിച്ചേക്കാം.
- സ്കൂളിൽ ചേർക്കുന്നതിനായി കുട്ടിയെയോ രക്ഷിതാക്കളെയോ ഇന്റർവ്യൂ ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്താൽ 25,000/- രൂപ ശിക്ഷ ലഭിക്കാം.
- അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിജപ്പെടുത്തി
- കുട്ടികളെ ശാരീരികമായോ മാനസികമായോ പീഡിപ്പിക്കുന്നത് സർവ്വീസ് ചട്ടപ്രകാരം അച്ചടക്ക നടപടികൾക്ക് വിധേയമാക്കാൻ വ്യവസ്ഥ ചെയ്തു.

സ്ത്രീകളുടേും കുട്ടികളുടേയും സംരക്ഷണത്തിനായി ഉണ്ടാക്കപ്പെട്ടിട്ടുള്ള മേൽപ്പറഞ്ഞ നിയമങ്ങളെക്കുറിച്ച് തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, അവിടെ ജാഗ്രതാസമിതി അംഗങ്ങളായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ അനുദ്യോഗസ്ഥ അംഗങ്ങൾ എന്നിവർക്കെല്ലാം കൃത്യമായ അിറവുണ്ടാവുകയും ആ അറിവ് ഉപയോഗപ്പെടുത്തി സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണാർത്ഥം അവർ പ്രവർത്തിക്കുകയും ചെയ്യുക എന്നത് അവരുടെ ഔദ്യോഗിക ചുമതല മാത്രമല്ല ധാർമ്മികമായി കർത്തവ്യം കൂടിയാണ്.

.......

# അദ്ധ്യായം 3

# ജാഗ്രതാ സമിതി

## 1. ജാഗ്രതാസമിതി എന്നാൽ എന്ത്?

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, പീഢനങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നിവ ഉണ്ടായാൽ അതിൽ ഇടപ്പെട്ട് സ്ത്രീക ളുടേയും കുട്ടികളുടേയും പക്ഷത്തു നിന്നുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിക്കൊടുക്കുവാനും അവർക്ക് നീതി ലഭ്യക്കുവാനും അതുപോലെ അത്തരം പ്രശ്ന ങ്ങൾ അവർക്ക് ഉണ്ടാകാത്ത സാഹചര്യം സൃഷ്ടിച്ച് അവരുടെ സുരക്ഷിതത്വവും അന്തസ്സും പദ വിയും സംരക്ഷിക്കുവാനും അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളെ നേരിടാൻ തക്കവണ്ണം അവരെ ശാക്തീകരിക്കുവാനും തദ്ദേശഭരണസ്ഥാപന വാർഡ്തല ത്തിലും ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കു സമി തികളാണ് ജാഗ്രതാസ മിതികൾ.

## 2. ജാഗ്രതാസമിതികളും സംസ്ഥാന വനിതാ കമ്മീഷനും

1990ൽ കേന്ദ്രസർക്കാർ പാസ്സാക്കിയ വനിതാ കമ്മീഷൻ നിയമത്തിനനുസൃതമായി 1995 ൽ കേരള നിയമസഭ സംസ്ഥാന വനിതാ കമ്മീഷൻ നിയമം പാസ്സാക്കുകയും 1996 ൽ സംസ്ഥാന വനിതാ കമ്മീഷൻ രൂപീകരിക്കുകയും ചെയ്തു. വനിതാകമ്മീഷനിൽ നിക്ഷിപ്ത മായ ചുമതലകൾ പ്രാദേശികതലങ്ങളിൽ നിറവേറ്റുന്നതിനുള്ള സംവിധാനമെന്ന നിലയിലാണ് ജാഗ്രതാസമിതികൾ ജില്ലാ-പ്രാദേശികതലങ്ങളിൽ ഉണ്ടാകണമെന്ന് തീരുമാനി ച്ചത്. അതനുസരിച്ച് 1997 ൽ തന്നെ ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കാൻ വേണ്ട നടപടികൾ സർക്കാർ കൈക്കൊള്ളുകയും വാർഡ്- തദ്ദേശഭരണസ്ഥാപനം-ജില്ലാതല ങ്ങളിൽ ജാഗ്രതാസമിതികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. തുടർന്ന് ജാഗ്രതാസമിതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ വിശദമായ പ്രവർത്തന മാർഗരേഖ 2007 ൽ (സ.ഉ (എം.എസ്) ലം 37/2007/സ.ക്ഷേ.വ തീയതി 23.06.2007) ഉത്തരവായി പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് 3, 4, 5 അദ്ധ്യായങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

## 3. ജാഗ്രതാസമിതിയുടെ ലക്ഷ്യങ്ങൾ

- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങളോ പീഡനങ്ങളോ അവകാശ നിഷേധ ങ്ങളോ ഉണ്ടാകാതിരിക്കാനാവശ്യമായ സാഹചര്യം അതാത് പ്രദേശത്ത് സൃഷ്ടിക്കുക, അതിനാവശ്യമായ കർമ്മ പരിപാടിക്ക് രൂപം നൽകുക.
- സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനായുള്ള ശക്തമായൊരു ജാഗ്രതാ സംവിധാനമായി പ്രവർത്തിച്ച്, അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ, പീഡ നങ്ങൾ എന്നിവ തടയുക.
- സ്ത്രീകളും കുട്ടികളും കക്ഷികളായിട്ടുള്ള ഏത് പരാതിയും സ്വീകരിക്കുക, പരാതിക്ക് പരിഹാരമുണ്ടാക്കുക
- അതിക്രമങ്ങളോ പീഡനങ്ങളോ ഉണ്ടായാൽ, ഇരകളാകുന്നവർക്ക് വേണ്ട എല്ലാ സംരക്ഷ ണവും സഹായവും പിന്തുണയും നൽകുക
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടാകുന്ന ഏത് അതിക്രമത്തിനും വിവേചനത്തിനും നിയമ ലംഘനത്തിനും ചൂഷണത്തിനും അനീതിക്കുമെതിരെ പ്രതികരണം സൃഷ്ടിക്കുക
- അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്നവർക്ക് നിയമസഹായവും സാമൂഹ്യ പിന്തുണയും നൽകി മുഖ്യധാരയിലേക്ക് കൊണ്ട് വരുക.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്ത്രീപക്ഷപ്രവർത്തനങ്ങൾക്ക് സഹായവും നിർദ്ദേശവും പിന്തുണയും നൽകുക
- സ്ത്രീകളുടേയും കുട്ടികളുടേയും അന്തസ്സും അഭിമാനവും സുരക്ഷിതത്വവും സ്വാതന്ത്ര്യവും ഉറപ്പാക്കുക
- ലക്ഷ്യപ്രാപ്തിക്കായി വിവിധതരം കൂട്ടായ്മകൾ സൃഷ്ടിക്കുക, ജനകീയ സംവിധാനങ്ങൾ ഉപയോഗിക്കുക

## 4. ജാഗ്രതാസമിതിയുടെ ഉത്തരവാദിത്തങ്ങൾ

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ ജീവിത സാഹചര്യം സൃഷ്ടിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി താഴെപ്പറയുന്ന ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടതാണ്.

- സ്ത്രീ-പുരഷ തുല്യതയിലൂന്നിയ സാമൂഹ്യാന്തരീക്ഷവും കുടുംബാന്തരീക്ഷവും സൃഷ്ടിച്ച് സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കുക
- ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കും അതാത് പ്രദേ ശത്ത് ലഭ്യമാക്കുക

- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങളും അവകാശലംഘനങ്ങളുമുണ്ടായാൽ സ്വയം പരാതി ഏറ്റെടുത്ത് ഇരകളാകുന്നവർക്ക് പരിഹാരം ഉണ്ടാക്കി കൊടുക്കുക.
- പരാതിയുമായി വരുന്നവരുടെ പരാതി സ്വീകരിക്കുക, അതിന്മേൽ നടപടികൾ സ്വീകരിക്കുക, പരിഹാരം ഉണ്ടാക്കുക
- ഒരു തലത്തിൽ പരിഹരിക്കാൻ (ഉദാ. വാർഡ്തലം) കഴിയുന്ന പരാതികൾ അവിടെ പരിഹരിച്ച് പരിഹാരമുണ്ടാക്കുക. അവിടെ പരിഹരിക്കാൻ കഴിയാത്തവ മാത്രം മുകൾതല സംവിധാനത്തിലേക്ക് (പഞ്ചായത്ത്തല ജാഗ്രതാസമിതി, ജില്ലാതല ജാഗ്രതാ സമിതി, വനിതാ കമ്മീഷൻ, ബാലാവകാശസംരക്ഷണ കമ്മീഷൻ, പോലീസ്, കെൽസ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ, ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് , കോടതികൾ എന്നീ സംവിധാനങ്ങളിലേക്ക്) എത്തിച്ച് പരാതിക്കാർക്ക് പരിഹാരം ഉണ്ടാക്കി കൊടുക്കുക.
- മുകൾതലങ്ങളിലേക്ക് അയച്ച പരാതികളിന്മേൽ തുടർ പ്രവർത്തനങ്ങൾ നടത്തുക, അവിടെയെടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ സഹായിക്കുക.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടാകുന്ന കുറ്റകൃത്യങ്ങൾ, ശാരീരികവും മാനസികവുമായ പീഡനങ്ങൾ, വിവേചനങ്ങൾ, ചൂഷണം എന്നിവ സമൂഹത്തിന്റേയും നിയമത്തിന്റേയും ശ്രദ്ധയിൽ കൊണ്ടുവരുക, അവ തടയാനുള്ള നടപടികൾക്ക് മുൻകൈ എടുക്കുക
- കടുത്ത മാനസിക വ്യഥകൾ, ആത്മസംഘർഷങ്ങൾ, അക്രമവാസന, ആത്മഹത്യ പ്രവണത, മാനസികവിഭ്രാന്തി തുടങ്ങിയവ പരിഹരിക്കുന്നതിനാവശ്യമായ കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തുക.
- ഗാർഹികപീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനായി 2005 ൽ പാസ്സാക്കിയ ഗാർഹിക പീഢന നിരോധന നിയമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക. പ്രസ്തുത നിയമം നടപ്പിലാക്കാൻ നിയുക്തമായ പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് ആവശ്യമായ സഹായങ്ങൾ നൽകുക
- സംസ്ഥാന വനിതാ കമ്മീഷന്റെ നിർദ്ദേശപ്രകാരം, അന്വേഷണത്തിനോ നടപടികൾക്കോ ആയി കേസ്സുകൾ റഫർ ചെയ്യപ്പെട്ടാൽ, അതുമായി സഹകരിച്ച് വേണ്ട സഹായം നൽകുക.
- സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ, അഭയകേന്ദ്രങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങിയ പിന്തുണാ സംവിധാനങ്ങളുടെ ഒരു ഡേറ്റാ ബാങ്ക് (ഡയറക്ടറി) ഉണ്ടാക്കി സൂക്ഷിക്കുക, സമാനചിന്താഗതിയോടെ പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്ന സ്ത്രീസംഘടനകൾ, പ്രസ്ഥാനങ്ങൾ, വ്യക്തികൾ തുടങ്ങിയവരെ ജാഗ്രതാസമിതി പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും കൂട്ടായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക.

- സ്ത്രീധന സമ്പ്രദായം, സ്ത്രീപീഢനം,ലൈംഗിക പീഡനം, പെൺ ഭ്രൂണഹത്യ, വിവാഹ ധൂർത്ത്, മദ്യം, മയക്കുമരുന്ന്, പുകയില ഉൽപന്നങ്ങൾ മറ്റു ലഹരിപദാർത്ഥങ്ങൾ എന്നിവ യുടെ ഉൽപാദനം, വിപണനം, ഉപയോഗം തുടങ്ങിയ ദുഷ്പ്രവണതകൾക്കെതിരെ പ്രചാ രണം നടത്തുകയും ജനങ്ങളിൽ പ്രതികരണശേഷി വളർത്തുകയും ചെയ്യുക.
- ബലാൽസംഗം, തട്ടികൊണ്ടുപോകൽ, കാണാതാകൽ, ആത്മഹത്യ, കൊലപാതകം, ലൈംഗിക പീഡനം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ, തെളിവുകൾ ശേഖരിച്ച്, കേസ്സുകളിൽ പ്രോസിക്യൂഷനെയും മറ്റ് അന്വേഷണ ഏജൻസികളെയും സഹായിക്കുകയും സത്യസന്ധ മായ നടപടിയെടുക്കുന്നതിനുള്ള സമ്മർദ്ദതന്ത്രങ്ങൾ ഉപയോഗിച്ച് നീതി ഉറപ്പാ ക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുക.
- സുപ്രീംകോടതി നിർദ്ദേശപ്രകാരം സർക്കാർ-സർക്കാർ ഇതരതൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽസ്ഥലത്തെ ലൈംഗീകപീഡന പരിഹാരത്തിനായി പരാതിസെൽ സ്ഥീപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. അവയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക. അവയെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ/വാർഡ്സഭയിൽ അവതരിപ്പിക്കുക.
- ശൈശവ വിവാഹം, ബാലവ്യാപാരം, ബാലപീഡനം, സ്ത്രീവ്യാപാരം, സ്ത്രീപീഡനം, നിയ മവിരുദ്ധവിവാഹം, ദളിത്, ആദിവാസി ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് എതിരെ യുള്ള അത്രിക്രമങ്ങൾ തുടങ്ങിയ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടുക.
- സ്ത്രീശാക്തീകരണത്തിനു സഹായകമായ രീതിയിൽ വാർഡ്-പഞ്ചായത്ത്-ജില്ലാ ജാഗ്രതാ സമിതികൾ തമ്മിലുള്ള ബന്ധം സുദൃഢമാക്കുകയും, ത്രിതല പഞ്ചായത്തുകൾ, സ്വയംസ ഹായസംഘങ്ങൾ, കുടുംബശ്രീ സംവിധാനങ്ങൾ, സന്നദ്ധസംഘടനകൾ, സർക്കാർ/സർക്കാ രിതരസംഘടനകൾ, സ്ഥാപനങ്ങൾ, വികസന ഏജൻസികൾ തുടങ്ങിയവയുമായി ബന്ധ പ്പെട്ടു പ്രവർത്തിക്കുകയും ചെയ്യുക.
- പ്രദേശത്തുൾപ്പെടുന്ന കുടുംബങ്ങൾ, പൊതുസ്ഥലങ്ങൾ, തൊഴിലിടങ്ങൾ, യാത്രാവാഹന ങ്ങൾ, പൊതു സ്വാകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന ശാരീരിക-മാനസിക പീഡനം, വിവേചനം, ലൈംഗിക ചൂഷണം, അതിക്രങ്ങൾ തുടങ്ങിയവയ്ക്കെതിരെ പരാതിയുടെ അടിസ്ഥാന ത്തിലോ സ്വമേധയായോ ഉചിതമായ നടപടികൾ കൈക്കൊള്ളുകയും പ്രശ്നങ്ങൾ ബന്ധ പ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്യുക.
- തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടേയും പരിപാടികളു ടേയും ലിംഗപദവിപരിശോധന (Gender Audit) നടത്തി തദ്ദേശസ്വയംഭരണ സ്ഥാപന ത്തിനും ഗ്രാമസഭയ്ക്കും/വാർഡ്സഭയ്ക്കും നൽകുക.
- അതതുസമയംവരെ ജാഗ്രതാസമിതികൾ നടത്തിയ പ്രവർത്തനങ്ങൾ ഗ്രാമസഭയിലും /വാർഡ്സഭയിലും റിപ്പോർട്ടായി അവതരിപ്പിക്കുക. കൂടാതെ പൊതുപ്രശ്നങ്ങൾ ഗ്രാമസഭ യുടെ ചർച്ചയ്ക്കും തീരുമാനത്തിനുമായി കൊണ്ടുവരുക.


- ദളിതർ, ആദിവാസികൾ, മറ്റു ന്യൂനപക്ഷങ്ങൾ എന്നിവരുടെ പങ്കാളിത്തം സമിതിയുടെ വിവിധതലത്തിലുള്ള പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തുക.
- തദ്ദേശസ്വയംഭരണസ്ഥാപന ഭരണസമിതിയിൽ ജാഗ്രതാസമിതികളുടെ പ്രവർത്തനം കൺവീനർ/അദ്ധ്യക്ഷൻ യഥാസമയം റിപ്പോർട്ടു ചെയ്യുക, തുടർപ്രവർത്തനത്തിനുവേണ്ട സംവിധാനമുണ്ടാക്കുക.
- സ്കൂളുകളിൽ ജെന്റർ ഡസ്ക് രൂപീകരിക്കാനും കാര്യക്ഷമമായി പ്രവർത്തിക്കുവാനും വേണ്ട ഇടപെടലുകൾ നടത്തുക.
- കെൽസ, ചെൽഡ്ലൈൻ എന്നിവയുടെ സഹായത്തോടെ കുട്ടികൾക്ക് വേണ്ട ബോധവൽക്കരണപരിപാടികളും സംരക്ഷണ പരിപാടികളും കൗൺസിലിംഗ് പോലുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കുക. (KELSA, DLSA, TLSC എന്നിവയുമായി ബന്ധപ്പെട്ടാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ അഡ്വക്കേറ്റുമാരുടെ സേവനം സൗജന്യമായി ലഭിക്കുന്നതാണ്)

## 5. ജാഗ്രതാ സമിതി – ഘടന, പ്രവർത്തന പരിധി

ജാഗ്രതാസമിതികൾ വികേന്ദ്രീകൃത കാഴ്ചപ്പാടോടെയാണ് പ്രവർത്തിക്കേണ്ടത്. സ്ത്രീകളുടേയും കുട്ടികളുടേയും പ്രശ്നങ്ങൾ പ്രാദേശികമായി പരിഹരിക്കേണ്ടത് അതാത് വാർഡ്തല ജാഗ്രതാസമിതികളാണ്. വാർഡ്തല ജാഗ്രതാസമിതികളുടെ തലത്തിൽ പരിഹരിക്കാൻ കഴിയാത്ത പഞ്ചായത്ത്തല/മുസിപ്പൽതല/കോർപ്പറേഷൻതല ജാഗ്രതാസമിതികൾ കൈകാര്യം ചെയ്യേണ്ടതാണ്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ പരിഹരിക്കാൻ കഴിയാത്തവ ജില്ലാ ജാഗ്രതാസമിതികൾ കൈകാര്യം ചെയ്യേണ്ടതാണ്.

സംസ്ഥാന വനിതാകമ്മീഷന്റെ മേൽനോട്ടത്തിൽ ജില്ലാതലത്തിലും തദ്ദേശഭരണസ്ഥാപനതലത്തിലും തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഡ്തലത്തിലും പ്രവർത്തിക്കുന്ന ജാഗ്രതാസമിതി സംവിധാനത്തിന്റെ ഘടന താഴെപ്പറയും പ്രകാരമാണ്.

## ജാഗ്രതാ സമിതി സംവിധാനം




***കുറിപ്പ്: കോർപ്പറേഷൻതല ജാഗ്രതാസമിതിക്ക് സഹായസമിതി നിയമസഹായസമിതി എന്നിവ പ്രത്യേക മായി ഉണ്ടായിരിക്കുന്നതല്ല. അത് പോലെ കോർപ്പറേഷനുകളിൽ വാർഡ്തല ജാഗ്രതാസമിതിക്ക് പൊതു സമിതി, നിർവഹണസമിതി എന്നിവ ഉണ്ടായിരിക്കുന്നതല്ല, എന്നാൽ സഹായസമിതി വാർഡ്തലത്തിൽ ഉണ്ടായിരിക്കുന്നതാണ്.***

## 6. ഗ്രാമപഞ്ചായത്ത് വാർഡ്തല ജാഗ്രതാ സമിതി

### 6.1. ചുമതലകൾ

ഓരോ ഗ്രാമപഞ്ചായത്തും അതിന്റെ എല്ലാ നിയോജകമണ്ഡലങ്ങളിലും (വാർഡുകളിലും) വാർഡ്തല ജാഗ്രതാസമിതികൾ രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത്തല ജാഗ്രതാസമിതി യുടെ പ്രവർത്തനങ്ങളെ സഹായിക്കുക. ഓരോ വാർഡിലേയും സ്ത്രീകളുടേയും കുട്ടികളു ടേയും പ്രശ്നങ്ങൽ ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കുക, വാർഡ്പ്രദേശത്ത് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുക, വാർഡ്തല ജാഗ്രതാസമിതിയിലെ ത്തുന്ന പരാതികൾ പരിഹരിക്കുക, പരിഹരിക്കാൻ കവിയാത്തവ മുകൾതലത്തിലേക്ക് റഫർ ചെയ്യുക എന്നിവയാണ് വാർഡ് സമിതിയുടെ ചുമതലകൾ.

6.2. **ഘടനയും അംഗങ്ങളും**

ഓരോ വാർഡ് ജാഗ്രതാസമിതിക്കും ഒരു പൊതുസമിതിയും പൊതുസമിതി അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു നിർവ്വഹണ സമിതിയും ഉണ്ടായിരിക്കേണ്ടതാണ്.

a) പൊതു സമിതി (ജനറൽ ബോഡി)

**പൊതുസമിതി അംഗങ്ങൾ**

പൊതുസമിതിയിൽ 30 മുതൽ 40 വരെ അംഗങ്ങൾ ഉണ്ടാകാം.താഴെപ്പറയുന്നവരായിരിക്കും പൊതുസമിതിയിലെ അംഗങ്ങൾ

- വാർഡ് മെമ്പർ
- വാർഡിലെ എ.ഡി.എസ്സ് എക്സിക്യൂട്ടീവ് അംഗങ്ങൾ - 7 പേർ
- പട്ടികജാതി, പട്ടികവർഗ്ഗത്തിന്റെ പ്രതിനിധികളായി 2 പേർ വീതം (ഓരോരുത്തർ വനിതകൾ)
- വാർഡിലെ അങ്കണവാടി പ്രവർത്തകർ
- രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, മഹിളാ സമാജങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയിൽ നിന്നും ഓരോ പ്രതിനിധികൾ
- വിവിധ സമിതികളുടെ ഓരോ പ്രതിനിധി, (പാടസേഖര സമിതി, കേര കർഷക സമിതി, പൗരസമിതി, റസിഡൻസ് അസ്സോസിയേഷൻ)
- അംഗീകാരമുള്ള രാഷ്ട്രീയ പാർട്ടികളിൽ നിന്നും 2 പേർ വീതം (ഒരു സ്ത്രീയും ഒരു പുരുഷനും)
- വാർഡിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികൾ

(പൊതുസമിതി തീരുമാന പ്രകാരം റിട്ടയേർഡ് ഉദ്യോഗസ്ഥരേയും ആരോഗ്യപ്രവർത്തകർ/ പ്രേരക്മാർ എന്നിവരുടെ പ്രതിനിധികളെയും ഉൾപ്പെടുത്താവുന്നതാണ്.)

b) **നിർവ്വഹണ സമിതി (എക്സിക്യൂട്ടീവ് ബോഡി)**

പൊതുസമിതി (ജനറൽ ബോഡി)യിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 9 പേരുടെ സമിതി യാണ് വാർഡ് ജാഗ്രതാ സമിതിയുടെ നിർവ്വഹണ സമിതി. വാർഡ് ജാഗ്രതാ സമിതിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് നിർവ്വഹണ സമിതിയുടെ ചുമതല. ഈ സമിതിയാണ് വാർഡ് തല ജാഗ്രതാസമിതിയായി പ്രവർത്തിക്കുന്നത്

**നിർവ്വഹണ സമിതി അംഗങ്ങൾ**

i) താഴെപ്പറയുന്നവരായിരിക്കും നിർവഹണസമിതി അംഗങ്ങൾ. നിർവ്വഹണ സമിതിയിൽ അഞ്ചുപേർ സ്ത്രീകളായിരിക്കണം.

1. വാർഡ് മെമ്പർ
2. ഒരു അങ്കണവാടി വർക്കർ
3. എ.ഡി.എസ്സിൽ നിന്നുള്ള 2 പ്രതിനിധികൾ (പ്രസിഡന്റോ/തെരഞ്ഞെടുക്കപ്പെടുന്നവരോ)
4. രാഷ്ട്രീയ പാർട്ടികളിൽ നിന്ന് ഒരു പ്രതിനിധി (സ്ത്രീ/പുരുഷൻ)
5. ക്ലബ്ബ്/സന്നദ്ധ സംഘടനകൾ/മഹിളാ സമാജങ്ങൾ തുടങ്ങിയവരെ പ്രതിനിധീകരിച്ച് 1 വനിത
6. എസ്.സി/എസ്സ്.ടി വിഭാഗത്തിൽ നിന്നും സാമൂഹ്യ പ്രവർത്തകയായ ഒരു വനിത
7. ആരോഗ്യപ്രവർത്തകരെ പ്രതിനിധീകരിച്ച് ഒരു പ്രതിനിധി (സ്ത്രീ/പുരുഷൻ)
8. സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് ഒരാൾ

**ii) നിർവ്വഹണ സമിതിയുടെ ഭാരവാഹികൾ**

നിർവ്വഹണ സമിതിയുടെ ചെയർപേഴ്സൺ വാർഡ് മെമ്പർ ആയിരിക്കണം. എ.ഡി.എസ് ഭാരവാഹികളിൽ നിന്നും ഒരാൾ ആയിരിക്കണം വൈസ് ചെയർപേഴ്സൺ. അങ്കവാടി പ്രവർത്തകരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ആയിരിക്കണം കൺവീനർ. എ.ഡി. എസ്സിൽ നിന്നൊരാൾ തന്നെ ജോയിന്റ് കൺവീനറും ആകണം. മറ്റുള്ള അഞ്ചുപേർ കമ്മിറ്റി അംഗങ്ങളായിരിക്കുന്നതാണ്.

## 7. ഗ്രാമപഞ്ചായത്ത്തല ജാഗ്രതാ സമിതി

### 7.1. രൂപീകരണം.

സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണ കവചമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കേണ്ട സമിതിയാണ് ഗ്രാമപഞ്ചായത്ത് തല ജാഗ്രതാ സമിതി. അതിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കാനായി വിവിധ മേഖലയിലുള്ളവരെ ചേർത്ത് ഒരു സഹായസമിതിയും, നിയമ സഹായം നൽകാൻ വക്കീലന്മാരെ ചേർത്ത് ഒരു നിയമസഹായ സമിതിയും രൂപീകരിക്കേണ്ടതാണ്. പ്രാപ്തരും തൽപരരുമായവരെ ഉൾപ്പെടുത്തി പഞ്ചായത്ത്തലജാഗ്രതാസമിതിയും സഹായ-നിയമസഹായ സമിതികളും രൂപീകരിക്കുക എന്നുള്ളത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്.

7.2. **ഘടനയും അംഗങ്ങളും**

താഴെപ്പറയുന്ന ഘടനയിൽ ഒമ്പത് പേർ ഉൾപ്പെടുന്നതാണ് ഗ്രാമപഞ്ചായത്ത്തല ജാഗ്രതാ സമിതി

അദ്ധ്യക്ഷൻ - ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്

കൺവീനർ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അംഗങ്ങൾ :

ഒരു വനിതാ ഗ്രാമപഞ്ചായത്ത് മെമ്പർ

ഒരു വനിതാ വക്കീൽ

സ്ഥലത്തെ പോലീസ് സർക്കിൾ ഇൻസ്പെക്ടർ/സബ്ബ് ഇൻസ്പെക്ടർ

എസ്.സി /എസ്.ടി വിഭാഗത്തിലെ ഒരു സാമൂഹിക പ്രവർത്തക/ഈ വിഭാഗത്തിലെ വനിതാ ഒരുപഞ്ചായത്ത് മെമ്പർ

പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ

സി.ഡി.എസ് ചെയർപേഴ്സൺ

വാർഡുതല ജാഗ്രതാസമിതി കൺവീനർമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ

7.3. **രൂപീകരണ പ്രക്രിയ**

അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കാണ്. അതിനായി പഞ്ചായത്ത് ഭരണ സമിതി യോഗതീരുമാനപ്രകാരം ജാഗ്രതാ സമിതി രൂപീകരിക്കണം. അത് ഉത്തരവായി പുറത്തിറക്കണം. ബന്ധപ്പെട്ട അംഗങ്ങൾക്കും ജില്ലാജാഗ്രതാസമിതിക്കും വനിതാകമ്മീഷനും ഉത്തരവിന്റെ പകർപ്പ് നൽകുകയും വേണം. ഇടക്കാല ഒഴിവോ, ഒഴിവു നികത്തലോ ഉണ്ടായാൽ, വിവരം ജില്ലാ ജാഗ്രതാസമിതിയെയും വനിതാകമ്മീഷനെയും അറിയിക്കേണ്ടതാണ്. പോലീസ് ഉദ്യോഗസ്ഥനെ നിശ്ചയിക്കാൻ സി.ഐയുമായി വേണം ആദ്യം ബന്ധപ്പെടാൻ. അദ്ദേഹമോ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന എസ്.ഐ യോ ആയിരിക്കണം ഇതിൽ അംഗമായി വരേണ്ടത്. സ്ഥാന നിർദ്ദേശം, നാമനിർദ്ദേശം, തെരെഞ്ഞെടുപ്പ് എന്നിവയിലൂടെയാണ് സമിതി അംഗങ്ങളെ തീരുമാനിക്കുന്നത്.

a) സ്ഥാനം വഴി അംഗത്വം ലഭിക്കുന്നവർ

- ചെയർപേഴ്സണായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്
- കൺവീനറായി ഐ.സി.ഡി.എസ് സൂപ്പർവൈസർ

അംഗങ്ങളായി

- സർക്കിൾ ഇൻസ്പെക്ടർ/സബ് ഇൻസ്പെക്ടർ

- പി.എച്ച്.സി ഡോക്ടർ
- സി.ഡി.എസ് ചെയർപേഴ്സൺ

b) നാമനിർദ്ദേശം വഴി അംഗത്വം ലഭിക്കുന്നവർ

- ഒരു വനിതാ പഞ്ചായത്തുമെമ്പർ
- വനിതാ വക്കീൽ (കുറഞ്ഞത് അഞ്ചുവർഷമെങ്കിലും പ്രവർത്തനപരിചയമുള്ളവരാവുന്നതാണ് നല്ലത്. ആ പഞ്ചായത്തിൽ ഇല്ലെങ്കിൽ തൊട്ടടുത്ത പഞ്ചായത്തിൽ നിന്നായാലും മതി)
- എസ്.സി/എസ്.ടിയിൽപ്പെട്ട ഒരു സാമൂഹ്യപ്രവർത്തക/ആ വിഭാഗത്തിൽപ്പെട്ട പഞ്ചായത്ത് മെമ്പർ

c) തെരഞ്ഞെടുപ്പ് വഴി അംഗത്വം ലഭിക്കുന്നവർ

വാർഡ് ജാഗ്രതാസമിതി കൺവീനർമാരുടെ പ്രതിനിധി (വാർഡ് ജാഗ്രതാസമിതി കൺവീനർമാരുടെ യോഗംചേർന്ന് ഇവരിൽ നിന്നും ഒരു വനിതയെ തെരഞ്ഞെടുക്കണം. തെരഞ്ഞെടുപ്പിനു നേതൃത്വം നൽകേണ്ടത് പഞ്ചായത്ത് ഭരണസമിതിയാണ്. അതിനായി ഭരണസമിതി മൂന്നു മെമ്പർമാരടങ്ങുന്ന ഒരു കമ്മിറ്റിക്ക് രൂപം നൽകേണ്ടതാണ്.)

7.4. **പഞ്ചായത്തുതല സഹായസമിതി**

**a) പ്രസക്തി**

പഞ്ചായത്ത് ജാഗ്രതാസമിതിക്ക് മാത്രമായി ജാഗ്രതാസമിതിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിറവേറ്റാൻ കഴിയുകയില്ല. കാരണം ചുമതലകൾ അത്ര ഭാരിച്ചതും പരിഹാര നടപടികൾ സങ്കീർണ്ണവുമാണ്. ആയതിനാൽ ജാഗ്രതാ സമിതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ജാഗ്രതാ സമിതിയുടെ ഘടകങ്ങളായി പഞ്ചായത്ത്തല സഹായസമിതിയും നിയമസഹായസമിതിയും ഉണ്ടാകേണ്ടതാണ്. ജാഗ്രതാസമിതിയിലെ ജനപ്രതിനിധികളിൽ ഒരാൾക്ക് സഹായ സമിതിയുടെ ചുമതല നൽകേണ്ടതാണ്. പഞ്ചായത്ത്തല ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾക്ക് സുതാര്യതയും വേഗതയും കാര്യക്ഷമതയും ജനകീയബന്ധവും വിവിധ വകുപ്പുകളുമായുള്ള ബന്ധവും വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്ത് ജാഗ്രതാ സമിതിയുടെ കീഴിലുള്ള ഒരു സംവിധാനമായിട്ടാണ് സഹായ സമിതി പ്രവർത്തിക്കേണ്ടത്.

**b) സഹായസമിതിയുടെ ഘടന- അംഗങ്ങൾ**

താഴെപ്പറയുന്ന ഘടനയിലും അംഗങ്ങളെ ഉൾപ്പെടുത്തിയും സഹായസമിതി രൂപീകരിക്കേണ്ടതാണ്

- പഞ്ചായത്തിന്റെ കീഴിലുള്ള മുഴുവൻ നിർവ്വഹണ ഉദ്യോഗസ്ഥർ
- വാർഡ് **തല** ജാഗ്രതാ സമിതി കൺവീനർമാർ
- ജാഗ്രതാസമിതിയിൽ അംഗ**ങ്ങളല്ലാ**ത്ത മറ്റു പഞ്ചായത്ത് മെമ്പർമാർ
- ആ പഞ്ചായത്തതിർത്തിക്കുള്ളിൽ വരുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് മെമ്പർമാർ
- രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ (ഓരോ രാഷ്ട്രീയപാർട്ടിയിൽ നിന്നും രേഖാമൂലം നിർദ്ദേശിക്കപ്പെടുന്ന ഓരോരുത്തർ)
- വനിതാ സംഘടനാ പ്രതിനിധികൾ (പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന നല്ല പ്രവർത്തന പാരമ്പര്യമുള്ള സംഘടനകളിൽ നിന്ന് രേഖാമൂലം നിർദ്ദേശിക്കുന്ന ഓരോ പ്രതിനിധി.)

#### 7.5 പഞ്ചായത്തുതല നിയമസഹായ സമിതി (ലീഗൽസെൽ)

പഞ്ചായത്തിന്റെ അതിർത്തിയിൽ വരുന്ന (ഇത്തരത്തിൽ ലഭ്യമല്ലെന്ന് ഉറപ്പുണ്ടെങ്കിൽ തൊട്ടടുത്ത പഞ്ചായത്തുകളിൽ നിന്ന് ആകാവുന്നതാണ്) സന്നദ്ധമനോഭാവമുള്ള അഭിഭാഷകരെ ചേർത്താണ് ലീഗൽ സെൽ ഉണ്ടാക്കേണ്ടത്. അതിനായി ആ പഞ്ചായത്തിലെ മുഴുവൻ അഭിഭാഷകരേയും ലീഗൽ സെൽ അംഗമാകാൻ ക്ഷണിക്കേണ്ടതാണ്. ജാഗ്രതാസമിതി വക്കീലിനായിരിക്കണം നിയമസഹായസമിതിയുടെ ചുമതല.

## 8. മുനിസിപ്പാലിറ്റി വാർഡുതല ജാഗ്രതാസമിതി

#### 8.1 ഘടന

ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ ഓരോ വാർഡിലും ഒരു വാർഡ്തല ജാഗ്രതാസമിതി രൂപീകരിക്കുന്നതാണ്. താഴെതലത്തിൽ ജനങ്ങളുമായി തൊട്ടടുത്തുനിന്ന് പ്രവർത്തിക്കേണ്ട ഒരു സംവിധാനമെന്ന നിലയിൽ വാർഡ്തല ജാഗ്രതാസമിതി സംഘടനാസംവിധാനത്തിന് അത്ര കണ്ട് വലിപ്പം ഉണ്ടായിരിക്കണം. എന്നാൽ **കാര്യക്ഷമ**മായി പ്രവർത്തിക്കാനും കഴിയണം. അതിനായി വാർഡ്തല ജാഗ്രതാസമിതിക്ക് **ഒരു** പൊതു സമിതി (ജനറൽബോഡി) **യും** പൊതുസമിതിയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 11 പേരുള്ള **ഒരു** നിർവ്വഹണ സമിതി (എക്സിക്യൂട്ടീവ് ബോഡി) **യും** ഉണ്ടായിരിക്കണം.

#### 8.2. വാർഡ് തല പൊതുസമിതി (ജനറൽബോഡി) അംഗങ്ങൾ, ഭാരവാഹികൾ

പൊതുസമിതിയിൽ താഴെപ്പറയും പ്രകാരം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

1. വാർഡിലെ കൗൺസിലർ- ചെയർപേഴ്സൺ

2. വാർഡിലെ എ.ഡി.എസ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

3. എസ്.സി, എസ്സ്.ടി വിഭാഗങ്ങളിൽ നിന്നും ഈരണ്ട് പ്രതിനിധികൾ (ഇതിൽ ഓരോരുത്തർ വനിതകളായിരിക്കണം)

4. ആ വാർഡിലെ അങ്കണവാടി വർക്കർമാർ

5. അതതു വാർഡുകളിലെ രജിസ്റ്റേർഡ് ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, മഹിളാസമാജങ്ങൾ തുടങ്ങിയവയിൽ നിന്നും ഓരോ പ്രതിനിധി.

6. അതതു വാർഡിലെ രാഷ്ട്രീയപാർട്ടികളിൽ നിന്നും ഓരോ പ്രതിനിധി വീതം.

### 8.3. പൊതുസമിതിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ട വിധം

വാർഡ് ജാഗ്രതാസമിതിയുടെ പൊതുസമിതിയിലേക്ക് വിവിധ സംഘടനകളുടെ പ്രതിനിധികളെ ആവശ്യപ്പെട്ടു കൊണ്ട്, വാർഡിൽ പ്രവർത്തിക്കുന്ന ബന്ധപ്പെട്ട സംഘടനകളുടെ ഭാരവാഹികൾക്ക് മുനിസിപ്പൽ ജാഗ്രതാസമിതി ചെയർപേഴ്സൺ, കൗൺസിലർ, കൺവീനർ എന്നിവർ ഒപ്പിട്ട കത്ത് നൽകേണ്ടതാണ്. സംഘടനകൾ നിയോഗിക്കുന്ന പ്രതിനിധികളുടെ പേരുവിവരം രേഖാമൂലം സ്വീകരിക്കേണ്ടതാണ്.

### 8.4. പൊതു സമിതി (ജനറൽബോഡി) യോഗങ്ങളും ചുമതലകളും

- പൊതുസമിതി യോഗം മൂന്നുമാസത്തിലൊരിക്കൽ വിളിച്ചു ചേർക്കണം. അവശ്യഘട്ടങ്ങളിൽ അടിയന്തിരയോഗങ്ങൾ വിളിച്ചുചേർക്കാവുന്നതാണ്.

- യോഗത്തിന്റെ കോറം ആകെ അംഗസംഖ്യയുടെ മൂന്നിൽ ഒന്നായിരിക്കുന്നതാണ്. അദ്ധ്യക്ഷൻ മുനിസിപ്പൽ കൗൺസിലറായിരിക്കും. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ഹാജരായവരിൽ ഏറ്റവും പ്രായം കൂടിയ ആൾ അദ്ധ്യക്ഷനായിരിക്കേണ്ടതാണ്.

- വാർഡ് ജാഗ്രതാസമിതിയുടെ പൊതുസമിതി യോഗത്തിൽ മുനിസിപ്പാലിറ്റി ജാഗ്രതാസമിതി അംഗങ്ങൾ പങ്കെടുക്കേണ്ടതാണ്.

- വാർഡ് ജാഗ്രതാസമിതിയുടെ പൊതുസമിതി യോഗത്തിൽ അതുവരെ നടന്ന വാർഡ്തല ജാഗ്രതാസമിതി പ്രവർത്തനങ്ങളുടെ റിപ്പോർട്ടും, വരവുചെലവുകണക്കും, കൺവീനർ അവതരിപ്പിച്ച് അംഗീകാരം വാങ്ങിക്കേണ്ടതാണ്.

- അപ്രകാരം അവതരിപ്പിച്ച റിപ്പോർട്ട്, കണക്ക്, അതിന്മേൽ പൊതുസമിതിയുടെ തീരുമാനം എന്നിവയുടെ, അനുബന്ധം 5 ൽ കൊടുത്ത മാതൃകയിൽ തയ്യാറാക്കിയ ഒരു റിപ്പോർട്ട് മുനിസിപ്പാലിറ്റിതല ജാഗ്രതാസമിതിക്കു നൽകേണ്ടതാണ്.

- പൊതുസമിതി അംഗീകരിച്ച റിപ്പോർട്ട്, വാർഡ്സഭാ കൺവീനർ വാർഡ് സഭകളിൽ വായിക്കേണ്ടതും, പ്രതികരണം വാർഡ് സഭയുടേയും, ജാഗ്രതാ സമിതി ചർച്ച ചെയ്ത ശേഷം ജാഗ്രതാ സമിതിയുടേയും മിനുട്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

8.5 **നിർവഹണസമിതി (എക്സിക്യൂട്ടീവ് ബോഡി)**

**a) രൂപീകരണം**

മുനിസിപ്പാലിറ്റിയിലെ വാർഡ്തല നിർവഹണ സമിതിയിലെ അംഗങ്ങളുടെ എണ്ണം 11 ആയിരിക്കും. ഇതിൽ പകുതിയിൽ കൂടുതൽ സ്ത്രീകൾ ആയിരിക്കണം. പൊതുസമിതി യോഗം ചർച്ച ചെയ്തുവേണം എക്സിക്യൂട്ടീവ് ബോഡിയിലേക്ക് അംഗങ്ങളെ തെരെഞ്ഞെടുക്കാൻ. ഈ സമിതിയാണ് വാർഡ്തല ജാഗ്രതാസമിതിയായി പ്രവർത്തിക്കേണ്ടത്.

**b) നിർവ്വഹണ സമിതിയുടെ ഘടന, അംഗങ്ങൾ**

- ആ വാർഡിലെ കൗൺസിലർ - ചെയർപേഴ്സൺ
- അങ്കണവാടി വർക്കർ/വാർഡിൽ അങ്കണവാടി ഇല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു വനിത - കൺവീനർ
- ആ വാർഡിലെ എ.ഡി.എസ്സ് എക്സിക്യൂട്ടീവിൽ നിന്നും 2 പേർ
- ആ വാർഡിലെ കർഷക സമിതികൾ, ഗ്രന്ഥശാലകൾ, സമാജങ്ങൾ തുടങ്ങിയവയെ പ്രതിനിധീകരിച്ച് രണ്ടുപേർ (ഇതിൽ ഒരാൾ സ്ത്രീ ആയിരിക്കണം)
- രാഷ്ട്രീയപാർട്ടികളെ പ്രതിനിധീകരിച്ച് രണ്ടുപേർ (ഒരാൾ സ്ത്രീയായിരിക്കണം)
- പൊതു സമ്മതരായ (റിട്ടയേർഡ് ഡോക്ടർ/അദ്ധ്യാപകർ/വക്കീൽ തുടങ്ങിയവരിൽ നിന്ന്) രണ്ടുപേർ (ഒരാൾ സ്ത്രീ ആയിരിക്കണം)
- ആ വാർഡിന്റെ ചുമതലയുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് (ജെ.പി.എച്ച.എൻ)/ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ (ജെ.എച്ച്.ഐ)

## 9. മുനിസിപ്പാലിറ്റിതല ജാഗ്രതാസമിതി

മുനിസിപ്പൽ പ്രദേശം മുഴുവൻ പ്രവർത്തന ചുമതലയുള്ളത് മുനിസിപ്പാലിറ്റിതല ജാഗ്രതാ സമിതിയ്ക്കാണ്. ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മുനിസിപ്പൽതല സഹായസമിതിയും നിയമസഹായസമിതിയും **(ലീഗൽസെൽ)** രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

## 9.1. മുനിസിപ്പാലിറ്റിതല ജാഗ്രതാസമിതിയുടെ ജാഗ്രതാസമിതിയുടെ ഘടനയും അംഗങ്ങളും

മുനിസിപ്പാലിറ്റിതല ജാഗ്രതാസമിതിയിൽ താഴെപ്പറയും പ്രകാരം 11 അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| ചെയർപേഴ്സൺ | - മുനിസിപ്പൽ ചെയർപേഴ്സൺ |
| കൺവീനർ | - സാമൂഹ്യക്ഷേമവകുപ്പ് ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ (സി.ഡി.പി.ഒ/എ.സി.ഡി.പി.ഒ /ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ) |
| അംഗങ്ങൾ | - ഒരു വനിതാ കൗൺസിലർ |
| | - സ്ഥലത്തെ പോലീസ് സർക്കിൾ ഇൻസ്പെക്ടർ/അദ്ദേഹം ഉത്തരവാദിത്തപ്പെടുത്തുന്ന സബ് ഇൻസ്പെക്ടർ, |
| | - എസ്.സി/ എസ്.ടി വിഭാഗത്തിലെ ഒരു സാമൂഹ്യപ്രവർത്തക |
| | - ഒരു വനിതാ ഡോക്ടർ |
| | - വാർഡുതല ജാഗ്രതാസമിതി കൺവീനർമാരിൽ നിന്നും ഒരാൾ |
| | - സി.ഡി.എസ് ചെയർപേഴ്സൺ |
| | - ഒരു സാമൂഹ്യപ്രവർത്തക |
| | - ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | - ഒരു വനിതാ വക്കീൽ |

## 9.2. അംഗങ്ങളെ തിരഞ്ഞെടുക്കൽ

അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം മുനിസിപ്പാലിറ്റി ഭരണസമിതിക്കാണ്. അതിനായി ഭരണസമിതി കൂടി ജാഗ്രതാസമിതിക്ക് രൂപംനൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഉത്തരവിന്റെ പകർപ്പ് അതിലെ അംഗങ്ങൾക്കും ജില്ലാ ജാഗ്രതാസമിതിക്കുവനിതാ കമ്മീഷനും നൽകേണ്ടതാണ്. ഇടക്കാല ഒഴിവോ, ഒഴിവു നികത്തലോ ഉണ്ടായാൽ ആ വിവരം ജില്ലാജാഗ്രതാസമിതിയേയും വനിതാ കമ്മീഷനേയും അറിയി ക്കേണ്ടതാണ്. പോലീസ് ഉദ്യോഗസ്ഥനെ നിശ്ചയിക്കാൻ സി.ഐ.യുമായി ബന്ധപ്പെടണം. അദ്ദേഹമോ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന എസ്.ഐ.യോ ആയിരിക്കണം ഇതിൽ അംഗമായി വരേണ്ടത്. സ്ഥാനനിർദ്ദേശം, തെരഞ്ഞെടുപ്പ് എന്നിവയിലൂടെയാണ് സമിതി അംഗങ്ങളെ തീരുമാനിക്കുന്നത്.

### a) സ്ഥാനംവഴി അംഗത്വം ലഭിക്കുന്നവർ

- ചെയർപേഴ്സണായി മുനിസിപ്പൽ ചെയർപേഴ്സൺ
- കൺവീനറായി സാമൂഹികക്ഷേമവകുപ്പ് ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ
- അംഗങ്ങളായി
  - സി.ഐ/എസ്.ഐ
  - സി.ഡി.എസ് ചെയർപേഴ്സൺ

– ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

b) **നാമനിർദ്ദേശം വഴി അംഗത്വം ലഭിക്കുന്നവർ**

(നാമ നിർദ്ദേശം ചെയ്യേണ്ടത് മുനിസിപ്പൽ ഭരണസമിതിയാണ്.)

ഒരു വനിതാ കൗൺസിലർ

എസ്.സി/എസ്.ടി വിഭാഗത്തിലെ ഒരു സാമൂഹിക പ്രവർത്തക

ഒരു വനിതാ ഡോക്ടർ

ഒരു സാമൂഹിക പ്രവർത്തക

ഒരു വനിതാ വക്കീൽ

c) **തെരഞ്ഞെടുപ്പ് വഴി അംഗത്വം ലഭിക്കുന്നവർ**

വാർഡ് ജാഗ്രതാസമിതി കൺവീനർമാരുടെ പ്രതിനിധി (വാർഡ് ജാഗ്രതാസമിതി കൺവീനർമാരുടെ യോഗംചേർന്ന് അവരിൽ നിന്നും ഒരു വനിതയെ തെരഞ്ഞെടുക്കണം. തെരഞ്ഞെടുപ്പിന് നേതൃത്വം നൽകേണ്ടത് ഭരണസമിതിയാണ്.)

**9.3. മുനിസിപ്പൽതല ജാഗ്രതാസമിതിയുടെ സഹായ സമിതി**

a) പ്രസക്തി

മുനിസിപ്പൽ ജാഗ്രതാസമിതിക്ക് മാത്രമായി ജാഗ്രതാസമിതിയിൽനിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ നിറവേറ്റാൻ കഴിയുകയില്ല. കാരണം ചുമതലകൾ അത്രയേറെയുണ്ട്. പരിഹാര നടപടികൾ ഏറെ സങ്കീർണ്ണവുമാണ്. ആയതിനാൽ ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മുനിസിപ്പൽതല സഹായസമിതിയും മുനിസിപ്പൽതല നിയമസഹായസമിതിയും ആവശ്യമാണ്. മുനിസിപ്പൽതല ജാഗ്രതാസമിതിയിലെ ജനപ്രതിനിധികൾക്ക് അവയുടെ ചുമതല നൽകേണ്ടതാണ്. ഇത് പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും, സംഘാടനം കാര്യക്ഷമമാക്കാനും സഹായകമാകും.

b) **സഹായസമിതിയിലെ അംഗങ്ങൾ**

മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള നിർവഹണ ഉദ്യാഗസ്ഥർ

വാർഡ് ജാഗ്രതാസമിതി കൺവീനർമാർ

ജാഗ്രതാസമിതിയിൽ അംഗമല്ലാത്ത മറ്റു വനിതാ മുനിസിപ്പൽ കൗൺസിർമാർ

രാഷ്ട്രീയപാർട്ടി പ്രതിനിധികൾ-ഓരോ പാർട്ടിയിൽ നിന്നും ഓരോരുത്തർ

വനിതാ സംഘടനാ പ്രതിനിധികൾ (മുനിസിപ്പാലിറ്റി തലത്തിൽ പ്രവർത്തിക്കുന്ന സംഘടനകളിൽ നിന്നും ഓരോ പ്രതിനിധികൾ)

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ

9.4. **മുനിസിപ്പൽതല ജാഗ്രതാസമിതിയുടെ നിയമസഹായസമിതി.**

മുനിസിപ്പാലിറ്റിയുടെ അതിർത്തിയിൽ വരുന്ന അഭിഭാഷകരെ ഉൾപ്പെടുത്തിക്കൊണ്ടാണ് നിയമ സഹായസമിതി (ലീഗൽസെൽ) രൂപീകരിക്കേണ്ടത്. നിയമസഹായസമിതി രൂപീകരിക്കുന്നതിലേക്കായി മുനിസിപ്പൽ പരിധിയിലുള്ള മുഴുവൻ അഭിഭാഷകരേയും ക്ഷണിക്കേണ്ടതാണ്. മുനിസിപ്പൽതല ജാഗ്രതാസമിതി വക്കീലിനായിരിക്കണം നിയമസഹായസമിതിയുടെ ചുമതല.

## 10. മുനിസിപ്പൽകോർപ്പറേഷൻ വാർഡ്തല ജാഗ്രതാസമിതി

കോർപ്പറേഷൻതല ജാഗ്രതാസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കിത്തീർക്കുന്നതിനായി ഓരോ വാർഡിലും കൗൺസിലർമാരുടെ നേതൃത്വത്തിൽ വാർഡ് തലജാഗ്രതാസമിതികൾ മുനിസിപ്പൽ കോർപ്പറേഷൻ രൂപവത്കരിക്കേണ്ടതാണ്. കോർപ്പറേഷനുകളിൽ വാർഡുകളുടെ വലുപ്പവും വാർഡിലെ ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ വാർഡ് തല ജാഗ്രതാസമിതികൾ കൂടുതൽ പരാതികൾ കൈകാര്യം ചെയ്യുന്ന/പ്രശ്നങ്ങളിൽ ഇടപെടുന്ന ശക്തമായ സംവിധാനമായി പ്രവർത്തിക്കേണ്ടി വരും. അതിന്റെ കൂടി അടിസ്ഥാനത്തിലാണ് വാർഡ് തല ജാഗ്രതാസമിതിയുടെ ഘടന നിശ്ചയിച്ചിട്ടുള്ളത്

**10.1. ഘടനയും അംഗങ്ങളും**

കോർപ്പറേഷൻ വാർഡ്തല ജാഗ്രതാസമിതിയിൽ 11 അംഗങ്ങൾ ഉണ്ടായിരിക്കും

വാർഡ് കൗൺസിലർ - ചെയർപേഴ്സൺ

ഐ.സി.ഡി.എസ് സൂപ്പർവൈസർ - കൺവീനർ

അംഗങ്ങൾ

എ.ഡി.എസ്സിൽ നിന്നും 2 പേർ

വിവിധ സംഘടനകളിൽ നിന്ന് രണ്ടുപേർ(ഒരാൾ സ്ത്രീയായിരിക്കണം)

രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധിയായി ഒരാൾ

പൊതുസമ്മതരായവർ(ഡോക്ടർ/ വക്കീൽ/റിട്ടയർ ചെയ്തവർ) എന്നിവരിൽ നിന്നും 2 പേർ(ഒരാൾ സ്ത്രീയായിരിക്കണം)

ആ വാർഡിലെ ആരോഗ്യ പ്രവർത്തക

സ്ഥലത്തെ പോലീസ് സബ്ഇൻസ്പെക്ടർ

### 9.2 കോർപ്പറേഷൻ വാർഡുതല സഹായസമിതി

#### a) പ്രസക്തി

ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും വ്യത്യസ്തമായി കോർപ്പറേഷനിൽ വാർഡുതല ജാഗ്രതാസമിതിക്കാണ് സഹായസമിതി രൂപീകരിക്കേണ്ടത്. കോർപ്പറേഷൻ തലത്തിലുള്ള സമിതിയുടെ പ്രവർത്തനം കാര്യക്ഷമവും സുഗമവും ആകണമെങ്കിൽ വാർഡുതലത്തിൽ പ്രവർത്തനം കൂടുതൽ കരുത്തുറ്റതാവണം. അതിനുസഹായകമാകുന്ന വിധത്തിലായിരിക്കണം വാർഡ്തല സഹായ സമിതി പ്രവർത്തിക്കേണ്ടത്. വാർഡ്തലം കരുത്തുറ്റതാകണമെങ്കിൽ അതിന് വിപുലമായ ജനകീയ തലവും, കൂടിയ കാര്യശേഷിയും ആവശ്യമാണ്. അത് കൂടി കണക്കിലെടുത്തു കൊണ്ടാണ് വാർഡുതല സഹായസമിതിയുടെ ഘടന നിശ്ചയിച്ചിട്ടുള്ളത്.

#### b) സഹായ സമിതിയിലെ അംഗങ്ങൾ

വാർഡിൽ **സ്ഥിതിചെയ്യുന്ന** കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ പ്രധാന ഉദ്യോഗസ്ഥർ.

അങ്കണവാടി വർക്കർമാർ

രാഷ്ട്രീയപാർട്ടി പ്രതിനിധികൾ(ഓരോ രാഷ്ട്രീയപാർട്ടിയിൽ നിന്നും രേഖാമൂലം നിർദ്ദേശിക്കേ **പ്പെട്ട** ഓരോരുത്തർ)

സന്നദ്ധസംഘടനാ പ്രതിനിധികൾ (വാർഡുതലത്തിൽ പ്രവർത്തിക്കുന്ന നല്ല പ്രവർത്തന പാരമ്പര്യമുള്ള സംഘടനകളിൽ നിന്നും ഓരോരുത്തർ)

വാർഡ് അതിർത്തിയിലുള്ള (ഇത്തരത്തിൽ ലഭ്യമല്ലെങ്കിൽ തൊട്ടടുത്ത വാർഡിൽ നിന്നും ആകാവുന്നതാണ്). സന്നദ്ധമനോഭാവമുള്ള അഭിഭാഷകർ (പരമാവധി 3 പേർ).

## 11. മുനിസിപ്പൽ കോർപ്പറേഷൻതല ജാഗ്രതാ സമിതി.

വാർഡുകളുടെ എണ്ണംകൊണ്ടും വിസ്തൃതികൊണ്ടും ജനസംഖ്യകൊണ്ടും മുനിസിപ്പൽ കോർപ്പ റേഷനുകൾ ഏറെ വലുതാണ്. അതുകൊണ്ടുതന്നെ വാർഡ്തല സമിതികളെ ഫലപ്രദമായി പ്രവർത്തിക്കാൻ പ്രാപ്തിയും സന്നദ്ധതയുമുള്ള ജാഗ്രതാ സമിതിയാണ് കോർപ്പറേഷൻതലത്തിൽ ആവശ്യം.

### 11.1 ഘടനയും അംഗങ്ങളും

കോർപ്പറേഷൻതല ജാഗ്രതാസമിതിയിൽ 11 അംഗങ്ങൾ ഉണ്ടായിരിക്കും. ഭാരവാഹികളും അംഗങ്ങളും താഴെപറയും പ്രകാര**മായിരിക്കുന്നതാണ്**.

മേയർ - ചെയർപേഴ്സൺ

സാമൂഹ്യക്ഷേമ ഡെപ്യൂട്ടി ജില്ലാ ഓഫീസർ/
കോർപ്പറേഷനിലെ സീനിയർ സി.ഡി.പി.ഒ. - കൺവീനർ

അംഗങ്ങൾ

ഡെപ്യൂട്ടിമേയർ
ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ
**ഒരു** വനിതാ വക്കീൽ
ഡി.വൈ.എസ്.പി/അദ്ദേഹംചുമതലപ്പെടുത്തുന്നസി.ഐ
വനിതാസെല്ലിലെപോലീസ്സർക്കിൾഇൻസ്പെക്ടർ/സബ്ഇൻസ്പെക്ടർ
ഒരുവനിതാഡോക്ടർ
എസ്.സി./എസ്.ടിവിഭാഗത്തിലെഒരുസാമൂഹ്യപ്രവർത്തക
ഒരു സാമൂഹ്യ പ്രവർത്തക
ഒരു കൗൺസിലിംഗ് വിദഗ്ധ

**11.2 അംഗങ്ങളെ തെരഞ്ഞെടുക്കുന്ന രീതി**

അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം കോർപ്പറേഷൻ ഭരണസമിതിക്കാണ്. അതിനായി ഭരണ സമിതി യോഗം ചേർന്ന് ജാഗ്രതാസമിതിക്ക് രൂപംനൽകി അതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കേണ്ടതാ**ണ്**. ജില്ലാ ജാഗ്രതാസമിതിക്കും വനിതാ കമ്മീഷനും അംഗങ്ങൾക്കും ഉത്തരവിന്റെ പകർപ്പ് യഥാസമയം നൽകേണ്ടതാണ്. ഇടക്കാല ഒഴിവോ, ഒഴിവുനികത്തലോ വന്നാൽ അക്കാര്യം ജില്ലാ ജാഗ്രതാ സമിതിയേയും വനിതാകമ്മീഷനേയും **അറി**യിക്കേണ്ടതാണ്. പോലീസ് ഉദ്യോഗസ്ഥനെ നിശ്ചയിക്കാൻ ഡി.വൈ.എസ്.പിയുമായി ബന്ധപ്പെടണം. അദ്ദേഹമോ അല്ലെ**ങ്കി**ൽ അദ്ദേഹം നിർദ്ദേശി**ക്കുന്ന** സി.ഐ.യോ ആയിരിക്കണം അതിൽ അംഗമായി വരേണ്ടത്.

**a) സ്ഥാനംവഴി അംഗത്വം ലഭിക്കുന്നവർ**

ചെയർപേഴ്സണായി - മേയർ

മെമ്പർമാരായി

ഡെപ്യൂട്ടി മേയർ

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

ഡി.വൈ.എസ്.പി/സി.ഐ

വനിതാ സെല്ലിലെ സി.ഐ/എസ്.ഐ

കൺവീനറായി - സാമൂഹ്യക്ഷേമവകുപ്പിലെ ഡെപ്യൂട്ടി ജില്ലാ ഓഫീസർ.

**b) നാമനിർദ്ദേശം വഴി അംഗത്വം ലഭിക്കുന്നവർ**

ഒരു വനിതാ ഡോക്ടർ

എസ്.സി/എസ്.ടി വിഭാഗത്തിലെ സാമൂഹ്യ പ്രവർത്തക

ഒരു സാമൂഹ്യ പ്രവർത്തക

ഒരു വനിതാ വക്കീൽ

ഒരു കൗൺസലിംഗ് വിദഗ്ധ

## 12. ജില്ലാ ജാഗ്രതാ സമിതി

### 12.1. ചുമതലകൾ ഉത്തരവാദിത്തങ്ങൾ

ജില്ല മുഴുവൻ പ്രവർത്തന പരിധിയായി, വനിതാകമ്മീഷനുകീഴിൽ പ്രവർത്തിക്കുന്ന സംവിധാന മാണ് ജില്ലാ ജാഗ്രതാ സമിതി. ജാഗ്രതാസമിതിയുടെ പൊതു ചുമതലകൾ ഫലപ്രദമായി നിർവ ഹിക്കാൻ വേണ്ട അന്തരീക്ഷവും സാഹചര്യവും ജില്ലയിൽ സൃഷ്ടിക്കുക എന്നത് ജില്ലാ ജാഗ്ര താസമിതിയുടെ ചുമതലയാണ്. ജാഗ്രതാസമിതിയുടെ പൊതു ഉദ്ദേശ്യലക്ഷ്യവും ഉത്തരവാദി ത്തവും നിറവേറ്റുന്നതോടൊപ്പം താഴെപ്പറയുന്ന ചുമതലകൾ കൂടി ജില്ലാ ജാഗ്രതാസമിതി നിറ വേറ്റേണ്ടതാണ്.

- പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ജാഗ്രതാസമിതികൾക്ക് ആവശ്യമായ പരിശീലനം നൽകാൻ വേണ്ട സംവിധാനം ഉണ്ടാക്കുക

- അവരുടെ പ്രവർത്തനങ്ങൾക്കു വേണ്ട പിന്തുണ നൽകുക.

- പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതലത്തിലുള്ള ജാഗ്രതാസമിതികളുമായി ആവശ്യമായ സന്ദർഭങ്ങളിൽ കൂട്ടായ സിറ്റിംഗുകൾ നടത്തുക

- ഷോർട്ട് സ്റ്റേ ഹോം സംവിധാനം ഉണ്ടാക്കി അതിൻെറ സേവനം എല്ലാ ജാഗ്രതാസമിതി കൾക്കും ലഭ്യമാക്കുക

- പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തല ജാഗ്രതാസമിതി പ്രവർത്തനങ്ങൾ മോണി റ്റർ ചെയ്യുക.

- ജില്ലയിൽ ജാഗ്രതാസമിതികൾ കണ്ടെത്തുന്ന പ്രശ്നങ്ങളിൽ ഇടപെടാൻ ജില്ലയിലെ തദ്ദേ ശഭരണസ്ഥാപനങ്ങളെ പ്രേരിപ്പിക്കുക.

- അതതു ജില്ലയുടെ പ്രത്യേക സാഹചര്യങ്ങൾ അനുസരിച്ച് കൗൺസലിംഗ് സംവിധാന മൊരുക്കുക. ബോധവത്കരണ-പ്രചരണ-ക്യാമ്പയിനുകൾ, പഠനപരിപാടികൾ എന്നിവ നടത്തുക അതിന് നേതൃത്വം നൽകുക

- തദ്ദേശഭരണ സ്ഥാപനതല ജാഗ്രതാസമിതികൾക്ക് ആവശ്യമായ നിയമസഹായം ലഭ്യമാക്കുക, അതിനുള്ള സംവിധാനം ഉണ്ടാക്കുക, കൂട്ടായ്മ ഉണ്ടാക്കുക.

- ജാഗ്രതാസമിതികൾ റഫർ ചെയ്യുന്ന പരാതികളിൽ അടിയന്തിര ഇടപെടൽ നടത്തി പരിഹാരമുണ്ടാക്കുക

### 12.2. ജില്ലാ ജാഗ്രതാസമിതിയുടെ ഘടന

| | |
|---|---|
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - ചെയർപേഴ്സൺ |
| ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലകമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ പഞ്ചായത്ത് പ്രസിഡണ്ട് | - മെമ്പർ |
| ബ്ലോക്ക്പഞ്ചായത്ത് അസോസിയേഷൻ ജില്ലകമ്മിറ്റി നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് | - മെമ്പർ |
| ചേംബർ ഓഫ് മുനിസിപ്പൽ അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ മുനിസിപ്പൽ ചെയർപേഴ്സൺ (വനിത ആ ജില്ലയിൽ ഇല്ലെങ്കിൽ /പുരുഷൻ) | - മെമ്പർ |
| രണ്ട് വനിതാ സാമൂഹ്യ പ്രവർത്തകർ | - മെമ്പർ |
| എസ്.സി/എസ്.ടി വിഭാഗത്തിലെ ഒരു സാമൂഹിക പ്രവർത്തക | - മെമ്പർ |
| ജില്ലാ പോലീസ് സൂപ്രണ്ട് | - മെമ്പർ |
| റവന്യു ഡിവിഷണൽ ഓപീസർ (ആർ.ഡി.ഒ) | - മെമ്പർ |
| ഒരു വനിതാ വക്കീൽ | - മെമ്പർ |
| 2005 ലെ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമപ്രകാരം ഉള്ള വനിതാ പ്രൊട്ടക്ഷൻ ഓപീസർ | - മെമ്പർ |
| സാമൂഹ്യ ക്ഷേമവകുപ്പ് ജില്ലാ ഓഫീസർ | - കൺവീനർ |

### 12.3. അംഗങ്ങളെ തിരഞ്ഞെടുക്കൽ, രൂപീകരണം

അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ജില്ലാ പഞ്ചായത്തിന് ആയിരിക്കും. അതിനായി പഞ്ചായത്ത് ഭരണസമിതിയോഗം ചേർന്ന് ജില്ലാ ജാഗ്രതാസമിതി രൂപീകരിക്കേണ്ടതും ആയത് ഉത്തരവായി പുറപ്പെടുവിക്കേണ്ടതുമാണ്. രൂപീകരിച്ചു കഴിഞ്ഞാൽ ഉത്തരവിന്റെ പകർപ്പ് അംഗങ്ങൾക്കും വനിതാകമ്മീഷനും യഥാസമയം നൽകേണ്ടതാണ്.

**a) സ്ഥാനം വഴി അംഗത്വം ലഭിക്കുന്നവർ**

| | |
|---|---|
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - ചെയർപേഴ്സൺ |
| ജില്ലാ സാമൂഹ്യക്ഷേമവകുപ്പ് ജില്ലാ ഓഫീസർ | - കൺവീനർ |
| ജില്ലാ പോലീസ് സൂപ്രണ്ട് | - മെമ്പർ |
| ആർ.ഡി.ഒ | - മെമ്പർ |
| വനിതാ പ്രൊട്ടക്ഷൻ ഓഫീസർ | - മെമ്പർ |

**b) നാമനിർദ്ദേശം വഴി അംഗത്വം**

നാമനിർദ്ദേശം വഴി അംഗത്വം ലഭിക്കുന്നത് രണ്ടു രീതിയിലാണ്.

i). ജില്ലാ പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യേണ്ടവർ

| | |
|---|---|
| ഒരു വനിതാ വക്കീൽ | - മെമ്പർ |
| എസ്.സി/എസ്.ടി. വിഭാഗത്തിലെ സാമൂഹ്യപ്രവർത്തക | - മെമ്പർ |
| രണ്ടു വനിതാ സാമൂഹ്യ പ്രവർത്തകർ | - മെമ്പർമാർ |

ii). അസോസിയേഷനുകൾ നാമനിർദ്ദേശം ചെയ്യേണ്ടവർ

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനുകളിലെ ജില്ലാതല സമിതിക്കും ചേമ്പർ ഓഫ് മുനിസിപ്പൽ കൗൺസിലിന്റെ സംസ്ഥാന കമ്മിറ്റിക്കും അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് കത്ത് നൽകേ ണ്ടതും അതിൻപ്രകാരം ബന്ധപ്പെട്ട അസോസിയേഷനുകൾ പേരുവിവരം രേഖാമൂലം നിർദ്ദേശിക്കേണ്ടതുമാണ്.

## 13. ജാഗ്രതാസമിതികളുടെ കാലാവധി

### 13.1 **തദ്ദേശസ്വയംഭരണസ്ഥാപനതല ജാഗ്രതാസമിതികളുടെ കാലാവധി**

i. പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻതല ജാഗ്രതാസമിതികൾക്ക് ഒരു നിശ്ചിത കാലാവധിയില്ല. അവ തുടർച്ചയുള്ള സംവിധാനമായി പ്രവർത്തിക്കേണ്ടവയാണ്

ii) സ്ഥാനനിർദ്ദേശംവഴി സമിതി അംഗത്വം വഹിക്കുന്നവരായ

- ചെയർപേഴ്സൺ
- കൺവീനർ
- പോലീസ് ഉദ്യോഗസ്ഥർ
- കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ
- ഡോക്ടർമാർ

എന്നിവരുടെ കാലാവധി അവർ വഹിക്കുന്ന ഒദ്യോഗികസ്ഥാനം ഇല്ലാതാകുന്നതുവരെയോ, സ്ഥലമാറ്റം വരുന്നതുവരെയോ ആണ്. അതായത് മാറ്റംവരുന്ന മുറയ്ക്കു മുകളിൽ പറഞ്ഞവർ മാറിക്കൊണ്ടിരിക്കും.

***കുറിപ്പ്:***

*കൺവീനർക്കു സ്ഥലമാറ്റം വരികയാണെങ്കിൽ റിക്കാർഡുകൾ ചെയർപേഴ്സനെ ഏൽപ്പിച്ച് കൈപ്പറ്റ് രശീത് വാങ്ങേണ്ടതാണ്. കൺവീനറായി വേറൊരാൾ ചാർജ്ജ് ഏൽക്കുന്ന അന്ന് റിക്കാർഡുകൾ ചെയർപേഴ്ൺ അയാൾക്ക് കൈമാറേണ്ടതാണ്. ഇതിനിടയ്ക്കുള്ള കാലയള വിൽ ജാഗ്രതാസമിതി തീരുമാനിക്കുന്ന, സമിതിയിലുള്ള ഒരാൾ കൺവീനറുടെ ഉത്തര വാദിത്തങ്ങൾ വഹിക്കേണ്ടതാണ്. എന്നാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ചെയർപേഴ്സ ണായിരിക്കുന്നതാണ്..*

iii) താഴെ പറയുന്ന ജാഗ്രതാസമിതി അംഗങ്ങളായ

- വനിതാ പഞ്ചായത്ത് മെമ്പർ/കൗൺസിലർ
- വനിതാ വക്കീൽ
- എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ഒരു സാമൂഹ്യപ്രവർത്തക/ഇതേ വിഭാഗ ത്തിൽപ്പെട്ട വനിതാ മെമ്പർ
- സാമൂഹ്യ പ്രവർത്തകർ
- വാർഡ് ജാഗ്രതാസമിതി കൺവീനർമാരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ

എന്നിവരുടെ കാലാവധി മൂന്നുവർഷമാണ്. ഇവരുടെ കാലാവധി കഴിയുമ്പോൾ പുതി യവരെ പ്രാ തിനിധ്യസ്വഭാവത്തിനു മാറ്റം വരാതെ തെരഞ്ഞെടുക്കേണ്ടതാണ്. മെമ്പർ/ കൗൺസിലർക്ക് ആ സ്ഥാനം ഇല്ലാതാകുന്നതോടെ ജാഗ്രതാസമിതി അംഗ ത്വവും നഷ്ടപ്പെടുന്നതാണ്.

iv) ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ വഹിക്കുന്ന ജാഗ്രതാസമിതി യിലെ സ്ഥാനപദവി പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ ആയിരിക്കുന്നിടത്തോളം കാലം തുടരേണ്ടതാണ്. തൽസ്ഥാനം ഇല്ലാതാകുന്നതു മുതൽ ജാഗ്രതാസമിതിയിലെ പദവിയും ഇല്ലാതാകുന്നതും, ആ കാലയളവിൽ പ്രസിഡന്റെ /ചെയർപേഴ്സണന്റെ /മേയറുടെ ചുമതല വഹിക്കുന്നതാരാണോ, ആ വ്യക്തി ജാഗ്രതാസമിതിയുടെ ചുമത ല വഹിക്കേണ്ടതുമാണ്.

v) പുതിയഭരണസമിതി അതിന്റെ പ്രസിഡന്റിനെ /ചെയർപേഴ്സണെ/മേയറെ തെരഞ്ഞെ ടുത്ത ശേഷം അധികാരമേറ്റുകഴിഞ്ഞ് ആദ്യം കൂടുന്ന ജാഗ്രതാസമിതിയോഗത്തിൽ വച്ച് പുതിയ പ്രസിഡണ്ടിന്/ചെയർപേഴ്സണ്/മേയർക്ക് രേഖാമൂലം ചുമതലകൾ കൈമാറേണ്ടതാണ്.

**13.2. ജില്ലാ ജാഗ്രതാസമിതികളുടെ കാലാവധി**

i. ജില്ലാ ജാഗ്രതാസമിതിക്കും പ്രത്യേക കാലാവധി ഇല്ല. എന്നാൽ താഴെ കൊടുത്തിട്ടുള്ള രീതിയിൽഅംഗങ്ങൾ മാറിക്കൊണ്ടേയിരിക്കും.

ii. ചെയർപേഴ്സൺ -ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം ഇല്ലാതാകുന്നതുവരെ ഈ സമിതിയുടെ ചെയർപേഴ്സൺ ആയിരിക്കും. എന്നാൽ അടുത്ത ജില്ലാപ്രസിഡണ്ട് അധികാരമേൽക്കുന്നതുവരെ തൽസ്ഥാനം തുടരേണ്ടതാണ്.

iii. ഗ്രാമ, ബ്ലോക്ക്, മുനിസിപ്പൽ അസോസിയേഷനുകൾ നാമനിർദ്ദേശം ചെയ്യുന്ന വനിതാ പ്രസിഡന്റുമാർ/ചെയർപേഴ്സൺമാർ, എന്നിവരുടെ കാലാവധി 3 വർഷമായിരിക്കും. ഇവരുടെ പ്രസിഡന്റ്/ ചെയർപേഴ്സൺ സ്ഥാപനം നഷ്ടപ്പെട്ടാലും കാലാവധി പൂർത്തിയാക്കുന്നതുവരെ ഈ സമിതിയിൽ അംഗമായിരിക്കും.

iv. 2 വനിതാ സാമൂഹ്യപ്രവർത്തകർ, എസ്.സി/എസ്.ടി വിഭാഗത്തിലെ സാമൂഹ്യ പ്രവർത്തകർ- ഇവരുടെ കാലാവധി മൂന്നുവർഷമാണ്.

v. ജില്ലാ പോലീസ് സൂപ്രണ്ട്, റവന്യു ഡിവിഷണൽ ഓഫീസർ (ആർ.ഡി.ഒ), സാമൂഹ്യ ക്ഷേമ വകുപ്പ് ജില്ലാ ഓഫീസർ (കൺവീനർ), വനിതാ പ്രൊട്ടക്ഷൻ ഓഫീസർ എന്നി വരുടെ കാലാവധി അവരുടെ ഔദ്യോഗിക സ്ഥാനം ആ ജില്ലയിൽ തുടരുന്ന കാലംവ രെയോ ഒദ്യോഗിക സ്ഥാനത്തു നിന്നും വിരമിക്കുന്നതുവരെയോ ആയിരിക്കും.

vi. കൺവീനർ തൽസ്ഥാനം മാറേണ്ടിവന്നാൽ അടുത്ത കൺവീനർ ചുമതല ഏൽക്കുന്ന തുവരെ ജില്ലാ ഓഫീസറുടെ ചുമതല വഹിക്കുന്നയാൾ ജാഗ്രതാസമിതി കൺവീന റുടെ ചുമതലയും വഹിക്കേണ്ടതാണ്.

13.3. **ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി വാർഡ്തല ജാഗ്രതാസമിതികളുടെ കാലവധി**

i. വാർഡ് മെമ്പർ/വാർഡ്കൗൺസിലർ ഒഴികെയുള്ള വാർഡ്തല ജാഗ്രതാസമിതി അംഗങ്ങളുടെ കാലാവധി മൂന്നുവർഷമായിരിക്കും. മൂന്നുവർഷത്തിലൊരിക്കൽ ജനറൽബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും പ്രവർത്തനം വിലയിരുത്തുകയും വേണ്ടിവന്നാൽ അംഗങ്ങളിൽ മാറ്റം വരുത്തുകയും ചെയ്യേണ്ടതാണ്.

ii. ഒരംഗത്തിന്റെ കുറവു വന്നാൽ ഉടൻതന്നെ അതു നികത്താൻ (ഒരു മാസത്തിനുള്ളിൽ) നടപടി ഉണ്ടാകണം.

iii. ഒരോ വർഷവും വാർഡ് ജാഗ്രതാസമിതിയുടെ പൊതുയോഗത്തിൽ വാർഡ്തല ജാഗ്രതാസമിതിയുടെയും അതിലെ ഓരോ അംഗത്തിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തണം. ഇത് പൊതുയോഗ ചർച്ചയുടെയും ത്രൈമാസ ഗ്രാമസഭ/വാർഡ്സഭാ ചർച്ചയുടെയും അടിസ്ഥാനത്തിൽ കൂടി ആയിരിക്കണം നടത്തേണ്ടത്.

13.4. **കോർപ്പറേഷൻതല വാർഡ്തല ജാഗ്രതാസമിതികളുടെ കാലാവധി**

i. വാർഡുതല ജാഗ്രതാസമിതിക്ക് പ്രത്യേകിച്ച് കാലാവധിയില്ല. എന്നാൽ അതിലെ അംഗങ്ങൾക്ക് കാലാവധി ഉണ്ടായിരിക്കും.

ii. ചെയർപേഴ്സൺ-കൗൺസിലർ സ്ഥാനം ഇല്ലാതാകുന്നതുവരെ വാർഡുതല ജാഗ്രതാസമിതിയുടെ ചെയർപേഴ്സനായിരിക്കും വാർഡ് കൗൺസിലർ. കൗൺസിലർ സ്ഥാനം നഷ്ടപ്പെട്ടാലും അടുത്ത കൗൺസിലർ ചുമതല ഏൽക്കുന്നതുവരെ ചെയർപേഴ്സൺ സ്ഥാനം വഹിക്കേണ്ടതാണ്.

iii. ആ വാർഡിലെ ആരോഗ്യപ്രവർത്തക, സ്ഥലത്തെ പോലീസ് സബ് ഇൻസ്പെക്ടർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ (കൺവീനർ) എന്നിവർ അവരുടെ ഔദ്യോഗിക സ്ഥാനം ആ കോർപ്പറേഷനിൽ വഹിക്കുന്ന കാലംവരെ തുടരുന്നതാണ്.

iv. ബാക്കിയുള്ള അംഗങ്ങളുടെ കാലാവധി മൂന്നുവർഷമായിരിക്കും

13.5. **സഹായസമിതികൾ/നിയമസഹായസമിതികൾ എന്നിവയുടെ കാലാവധി**

അതാതു ജാഗ്രതാസമിതികൾക്ക് ഇവയുടെ പ്രവർത്തനം വിലയിരുത്തി ആവശ്യാനുസരണം ഒഴിവാക്കാനും, പുതിയ അംഗങ്ങളെ ചേർക്കാനും വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇത്തരത്തിൽ വരുത്തുന്ന മാറ്റം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന ഭരണസമിതിയെ മുൻകൂട്ടി രേഖാമൂലം അറിയിക്കേണ്ടതാണ്.

## 14. അംഗത്വം നഷ്ടപ്പെടൽ

താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ജാഗ്രതാസമിതി/ സഹായസമിതി/നിയമസഹായസമിതി അംഗത്വം നഷ്ടപ്പെടുന്നതാണ്.

- മരണം സംഭവിക്കുക
- രാജി വയ്ക്കുക
- അവധിയെടുക്കാതെ, തുടർച്ചയായി നോട്ടീസ് കിട്ടിയിട്ടും മൂന്നുയോഗങ്ങളിൽ പങ്കെടുക്കാതിരിക്കുക
- സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കെതിരെ പ്രവർത്തിക്കുക
- ഏതെങ്കിലും ക്രിമിനൽ കേസിൽ ശിക്ഷ അനുഭവിക്കുക
- ജാഗ്രതാസമിതിക്കു ലഭിക്കുന്ന പരാതികളിൽ പ്രതിസ്ഥാനത്ത് വരികയും, കുറ്റവാളിയാണെന്ന് തെളിയുകയും ചെയ്യുക.
- ജാഗ്രതാ സമിതികളിൽ വരുന്ന കേസുകളിലെ വക്കാലത്ത് ജാഗ്രതാസമിതി നിർദ്ദേശമില്ലാതെ/സമ്മതമില്ലാതെ ജാഗ്രതാ സമിതി വക്കീൽ ഏറ്റെടുക്കുക.
- ഔദ്യോഗിക സ്ഥാനം വഴി വന്നവരുടെ തൽസ്ഥാനം നഷ്ടപ്പെടുക.

## 15. അംഗങ്ങൾ ആരോപണവിധേയരായാൽ

- ഒരാളുടെ അംഗത്വം ചോദ്യം ചെയ്യപ്പെടുന്ന സന്ദർഭങ്ങളിൽ, ആ ആരോപണം സമിതി അംഗങ്ങൾ സമിതി യോഗത്തിൽ വിശദമായി ചർച്ചചെയ്യേണ്ടതും, ആവശ്യമെങ്കിൽ ആരോപണവിധേയനായ അംഗത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതും തന്റെ പ്രതിവാദം അവതിരപ്പിക്കാനുള്ള അവസരം നൽകേണ്ടതുമാണ്.
- സമിതിയുടെ ഭൂരിപക്ഷാഭിപ്രായംപ്രകാരം അന്തിമതീരുമാനം കൈകൊള്ളുകയും, അത് വനിതാകമ്മീഷൻ മുകൾതല ജാഗ്രതാസമിതികൾ എന്നിവിടങ്ങളിൽ അിറയിക്കുകയും ചെയ്യണം.
- അന്വേഷണം/ചർച്ച എന്നിവ ആരോപണവിധേയമായ അംഗത്തെ മാറ്റി നിർത്തി വേണം നടത്താൻ.
- കാരണംകാണിക്കൽ നോട്ടീസ് കിട്ടിയിട്ടും സമിതി മുമ്പാകെ ഹാജരാകാതിരിക്കുകയോ, രേഖാമൂലം കാരണം കാണിക്കാതിരിക്കുകയോ ചെയ്താൽ ആ അംഗത്തിന്റെ അംഗത്വം നഷ്ടപ്പെടും.
- മേൽനടപടികൾ എടുക്കേണ്ടതായ ആരോപണമാണെന്ന് തെളിഞ്ഞാൽ തുടർനടപടികൾ തീരുമാനിച്ചു നടപ്പിലാക്കണം.

## 16. രാജി സമർപ്പിക്കൽ

- നാമനിർദ്ദേശം വഴിയും തെരഞ്ഞെടുപ്പുവഴിയും അംഗത്വം ലഭിക്കുന്ന അംഗങ്ങൾക്കാണ് രാജിവയ്ക്കാനുള്ള അവകാശം ഉണ്ടായിരിക്കുക.
- രാജികത്ത് സ്വന്തം കൈയൊപ്പോടുകൂടി ചെയർപേഴ്സണു കൈമാറുകയോ രജിസ്റ്റർ തപാൽവഴി അയയ്ക്കുകയോ ചെയ്യേണ്ടതാണ്.
- രാജികത്ത് ചെയർപേഴ്സൺ കൈപ്പറ്റിയതിനുശേഷം രാജിക്കത്തിന്റെ നിജസ്ഥിതി മന സ്സിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ചെയർപേഴ്സൺ കത്ത് കൈപ്പറ്റിയതിനുശേഷം ചേരുന്ന ആദ്യയോഗത്തിൽ മേൽനടപ ടികൾ സമിതി സ്വീകരിക്കേണ്ടുതും മിനിട്സിൽ രേഖപ്പെടുത്തേണ്ടതും അതാതുതല ത്തിലെ ഭരണസമിതിയെ അിറയിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, കോർപ്പറേ ഷൻ/മുനിസിപ്പാലിറ്റി തല ജാഗ്രതാസമിതികളിൽ നിന്നാണ് രാജിയെങ്കിൽ അത് ജില്ലാ ജാഗ്രതാസമിതിയെയും വനിതാ കമ്മീഷനെയും കൂടി അറിയിക്കണം.

## 17. ആകസ്മിക ഒഴിവുനികത്തൽ

ആകസ്മിക ഒഴിവുകൾ പ്രാതിനിധ്യ സ്വഭാവത്തിനു മാറ്റംവരാതെ, രണ്ടു മാസത്തിനുള്ളിൽ ശേഷിക്കുന്ന കാലത്തേക്ക് പുതിയ അംഗങ്ങളെ തെരഞ്ഞെടുത്ത് നികത്തേണ്ടതാണ് അതി നായുള്ള നടപടിക്കൾക്കായി അതതുതലത്തിലെ ഭരണസമിതിയിൽ ബന്ധപ്പെട്ട ജാഗ്രതാ സമിതി ശുപാർശ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ശുപാർശസമർപ്പിക്കുമ്പോൾ, ഉൾ പ്പെടുത്തണമെന്ന് ബന്ധപ്പെട്ട ജാഗ്രതാസമിതിക്കു തോന്നുന്ന വ്യക്തികളുടെ പേരുവിവ രം കൂടി നിർദ്ദേശിക്കാവുന്നതാണ്. അത് എല്ലാതലത്തിലും ബാധകമാണ്. ബന്ധപ്പെട്ട ജാഗ്രതാ സമിതിയുടെ ശുപാർശ പരിഗണിച്ചും പ്രാതിനിധ്യസ്വഭാവവുംഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചും ബന്ധപ്പെട്ട ഭരണസമിതി ഒഴിവുകൾ നികത്തേണ്ടതാണ്.

## 18. ഓഫീസ് സജ്ജീകരണം.

i. പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ ജാഗ്രതാസമിതിയുടെ ഓഫീസ് അതത് കാര്യാലയ ത്തിലോ, അതിന് തൊട്ടടുത്തോ ആയിരിക്കണം പ്രവർത്തിക്കേണ്ടത്.


ii. ഓഫീസിൽ കേസിന്റെ സിറ്റിംഗിനുള്ള സ്വകാര്യത ഉണ്ടാവണം, സ്വതന്ത്രസംഭാഷണം നട ത്താനുള്ള സാഹചര്യം ഉണ്ടാവണം.


iii. രജിസ്റ്ററുകൾ, രേഖകൾ എന്നിവ സൂക്ഷിക്കുന്നതിനുളള സൗകര്യം ഉണ്ടാവണം. സമിതി പ്രവർത്തനങ്ങൾക്ക് അനുയോജ്യമാവിധം സജ്ജീകരിച്ച മുറി ഉണ്ടായിരിക്കണം.


iv. വാർഡുതല ജാഗ്രതാ സമിതിയുടെ രേഖകൾ കൺവീനർ വീട്ടിൽ കൊണ്ടുപോകാൻ പാടില്ല. പകരം എല്ലാവർക്കും വന്നെത്താൻ കഴിയുന്നതരത്തിൽ ഏതെങ്കിലും ഒരു അങ്കണവാ ടിയെ/വാർഡുതലത്തിൽ സൗകര്യപ്രദമായ ഒരു സ്ഥാപനത്തെ ജാഗ്രതാസമിതിയുടെ

പ്രവർത്തനകേന്ദ്രമായി കാണുകയും അവിടെ രേഖകൾ സൂക്ഷിക്കാൻവേണ്ട സംവിധാനം ഒരുക്കുകയും വേണം.

v. പുറമെനിന്ന് കാണത്തക്കവിധം ആസ്ഥാനത്തിന്റെ ബോർഡ് സ്ഥാപിക്കേണ്ടതാണ്. താഴെ കൊടുത്തിട്ടുള്ള രീതിയിൽ മഞ്ഞ ബോർഡിൽ കറുത്ത അക്ഷരത്തിൽ വേണം നെയിം ബോർഡ് എഴുതാൻ. ജില്ലാജാഗ്രതാസമിതിക്ക് രണ്ടടി വീതിയും അഞ്ചടി നീളവുമുള്ള ബോർഡും, തദ്ദേശസ്വയംഭരണ സ്ഥാപനതല ജാഗ്രതാസമിതികൾക്ക് രണ്ട് അടി വീതിയും നാലടി നീളവുമുള്ള ബോർഡും, വാർഡ് ജാഗ്രതാസമിതികൾക്ക് ഒന്നര അടി വീതിയും മൂന്നടി നീളവുമുള്ള ബോർഡുമാണ് വയ്ക്കേണ്ടത്. ബോർഡിന്റെ മുകൾവശത്ത്, ബോർഡിന് അഭിമുഖമായി നിന്നാൽ ഇടതുവശത്ത് വനിതാകമ്മീഷന്റേയും വലതുവശത്ത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റേയും എംബ്ലം വയ്ക്കണം. മോഡൽ ചുവടെ കൊടുക്കുന്നു.



## 19. സാമ്പത്തികകാര്യം

- ജാഗ്രതാസമിതി പ്രവർത്തനത്തിന് പണം ആവശ്യമാണ്. ഗ്രാമ-ജില്ലാപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ തനത് ഫണ്ട് വകയിരുത്തിയോ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയോ ജാഗ്രതാസമിതിയുടെ ദൈനംദിന പ്രവർത്തനത്തിന് ആവശ്യമായ പണം കണ്ടെത്തേണ്ടതാണ്. തനത് ഫണ്ടിൽ നിന്ന് കണ്ടെത്താൻ കഴിയുന്നില്ല എങ്കിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ട് വഴി കണ്ടെത്താവുന്നതാണ്. ജാഗ്രതാസമിതി പ്രവർത്തനത്തിനാവശ്യമായി വയ്ക്കുന്ന പ്രോജക്ടിൽ ഓഫീസ് നടത്തിപ്പ്, സ്റ്റേഷനറി, കത്തിടപാടുകൾ, യാത്രപ്പടി (സർക്കാർ ശമ്പളം പറ്റാത്തവർക്ക്), സിറ്റിംഗ് ഫീസ് (സർക്കാർ ശമ്പളമില്ലാത്തവർക്ക്), യോഗനടത്തിപ്പ് എന്നീ ആവശ്യങ്ങൾക്കുള്ള ചെലവുകൾ ഉൾപ്പെടുത്താവുന്നതാണ്. ഇനം തിരിച്ചുള്ള ചെലവുകളും നിരക്കുകളും പ്രോജക്റ്റിൽ രേഖപ്പെടുത്തേണ്ടതാണ്.

- സർക്കാരിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ, പൊതുസ്ഥാപനങ്ങളിൽ നിന്നോ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കുന്ന ധനസഹായങ്ങളാണ് സമിതി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടത്.

- വ്യക്തികളിൽ നിന്നോ, സ്വകാര്യസ്ഥാപനങ്ങളിൽ നിന്നോ യാതൊരുവിധ സംഭാവനകളും സ്വീകരിക്കാൻ പാടില്ല.

- ദൈനംദിന ചെലവുകൾ/മറ്റു ചെലവുകൾ ചെയർപേഴ്സന്റെ അംഗീകാരത്തോടുകൂടി കൺവീനർ നടത്തേണ്ടതാണ്.

- നിശ്ചിതമാതൃകയിലുള്ള ഒരു വരവ് ചെലവ് കണക്കുബുക്ക് സൂക്ഷിക്കേണ്ടതാണ്. എല്ലാതരത്തിലുമുള്ള വരവ് ചെലവ് കണക്കുകളും അതിൽ എഴുതേണ്ടതും സർക്കാർ നിബന്ധനകൾ പ്രകാരമുള്ള ഓഡിറ്റുകൾക്ക് വിധേയമാക്കേണ്ടതുമാണ്.

- പണമിടപാടുകൾ ബാങ്ക് വഴിയായിരിക്കണം നടത്തേണ്ടത്. ബാങ്ക് ഇടപാടുകൾ ചെയർപേഴ്സന്റേയും കൺവീനറുടേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലൂടെ ആയിരിക്കണം. (സർക്കാരിൽ നിന്നോ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നോ ലഭിക്കുന്ന പണം കൂടാതെയുള്ളവയ്ക്കും ഇതേ നിബന്ധനകൾ തന്നെയാണ് ബാധകമാവുക)

- ഓരോ ചെലവിനും ബില്ല്/വൗച്ചർ സൂക്ഷിക്കേണ്ടതാണ്.

- വരവും ചെലവും ഓരോ മാസവും ബന്ധപ്പെട്ട സമിതിയുടെ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

- അക്കൗണ്ട് ബുക്ക് ഓരോ മാസത്തിന്റേയും അവസാനദിവസം എഴുതി ക്ലോസ്സ് ചെയ്യേണ്ടതും കൺവീനറും ചെയർപേഴ്സണും ഒപ്പുവയ്ക്കേണ്ടതുമാണ്.

- ഓരോ വർഷത്തേയും വരവു ചെലവുകണക്ക് ഗ്രാമസഭയിൽ/വാർഡ്സഭയിൽ അവതരിപ്പിച്ച് സാമൂഹ്യ വിലയിരുത്തലിനു വിധേയമാക്കേണ്ടതാണ്.

- വാർഡ്തല ജാഗ്രതാസമിതികളുടെ വരവ് ചെലവ് കണക്കുകൾ തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിക്ക് ഓരോ മാസവും നൽകേണ്ടതാണ്.

- വാർഡ്തല ജാഗ്രതാസമിതികളുടേയും തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയുടേയും ഓരോ മാസത്തേയും വരവുചെലവുകണക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കു നൽകേണ്ടതും അവർ പരിശോധിച്ച് അംഗീകരിക്കേണ്ടതുമാണ്.

..................

# അദ്ധ്യായം 4

## വാർഡ്തല –തദ്ദേശഭരണസ്ഥാപനതല ജാഗ്രതാ സമിതികൾ ഉദ്ദേശ്യലക്ഷ്യങ്ങൾ, ചുമതലകൾ, പ്രവർത്തനരീതി

### 1 ജാഗ്രതാസമിതികളുടെ പ്രസക്തി

ജാഗ്രതാ സമിതി സംവിധാനത്തിന്റെ പൊതു ഉദ്ദേശ്യലക്ഷ്യങ്ങൾ വച്ചു നോക്കുമ്പോൾ ആ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ ഏറ്റവും ഫലപ്രദമായും കാര്യക്ഷമവുമായും പ്രവർത്തിക്കുവാൻ കഴിയുന്നതും കഴിയേണ്ടതും വാർഡ്തല ജാഗ്രതാസമിതികൾക്കാണ്. സ്ത്രീകൾക്കും കുട്ടികൾക്കും അനുയോജ്യവും സുരക്ഷിതവുമായ ഒരു അന്തരീക്ഷം അതാത് പ്രദേശത്ത് സൃഷ്ടിക്കുക എന്നതാണല്ലോ ജാഗ്രതാസമിതികൾ ആദ്യമായി ചെയ്യേണ്ടത്. അത് ചെയ്യുവാൻ കഴിയുക ശക്തമായ ജനകീയതലമുള്ള വാർഡ്തല സമിതികൾക്കാണെന്നതിൽ സംശയമില്ല. മാത്രമല്ല സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയും ഉണ്ടാകുന്ന അതിക്രമങ്ങളുടേയും പീഡനങ്ങളുടേയും ഉത്തരവാദികളിൽ ഏറിയ പങ്കും അതാത് പ്രദേശത്തുള്ളവരുമാണ്. ശക്തമായ ഒരു വാർഡ്തല സംവിധാനം അത്തരക്കാരെ അത്തരം ദുഷ്ചെയ്തികളിൽ നിന്ന് പിന്തിരിപ്പിക്കും എന്ന കാര്യത്തിൽ സംശയമില്ല. വാർഡ്തല സമിതികളിൽ നിന്ന് വ്യത്യസ്തമായി പോലീസ്, ഡോക്ടർ, വക്കീൽ മുതലായവരുടെ സേവനം ഉപയോഗപ്പെടുത്തി കരുത്തുള്ളൊരു സംവിധാനമായി തദ്ദേശഭരണസ്ഥാപനതല സമിതികൾക്ക് പ്രവർത്തിക്കാനാകും. ഈ രണ്ട്തല സംവിധാനങ്ങളേയും ഫലപ്രദമാക്കി സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ ഒരു അന്തരീക്ഷം സൃഷ്ടിക്കേണ്ടത് ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റേയും അതിലെ ജനപ്രതിനിധികളുടേയും കടമയാണ്.

### 2 ജാഗ്രതാസമിതികളുടെ പ്രവർത്തനം– പൊതുസമീപനം

ജാഗ്രതാസമിതിയിൽ എത്തുന്ന പരാതികൾ അതീവ രഹസ്യമായി കൈകാര്യം ചെയ്യണം. ജാഗ്രതാസമിതിയിലല്ലാതെ വേറെ ഒരിടത്തും / ഒരാളോടും പരാതിയുടെ വിവരങ്ങൾ വെളിപ്പെടുത്തരുത്. പരാതിയെക്കുറിച്ചോ അതുമായി ബന്ധപ്പെട്ടവരേക്കുറിച്ചോ വിവരം അവരുടെ അനുവാദമില്ലാതെ പുറത്തു വിടാൻ പാടില്ല. പരാതി വളരെ വേഗത്തിൽ പരിഹരിക്കണം. ജാഗ്രതാസമിതിയുടെ പരമാവധി സ്ത്രീകളുടെ അടുക്കലേക്ക് സേവനം എത്തിക്കണം. വാദി/പ്രതി എന്ന മനോഭാവത്തിൽ കക്ഷികളെ സമീപിക്കരുത്. പകരം മനുഷ്യത്വപരവും മന:ശ്ശാസ്ത്രപരവും ആവണം സമീപനം. ലഭിക്കുന്ന പരാതിയുടെ നിജസ്ഥിതി/ശരിയായ കാരണം അന്വേഷിച്ച് മനസ്സിലാക്കാൻ സംവിധാനം ഉണ്ടാവണം. ജാഗ്രതാസമിതിയിൽ പരാതികൾ കൈകാര്യം ചെയ്യുമ്പോൾ സൗഹൃദപരമായ അന്തരീക്ഷം ഉണ്ടാവണം. പ്രശ്നപരിഹാരത്തിന് വേണ്ട മുൻകരുതലുകൾ, തുടർപ്രവർത്തനങ്ങൾ എന്നിവ നടത്താനുള്ള സംവിധാനം

ഉണ്ടാവണം. എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തിക്കേണ്ട/പോലീസിൽ അറിയിക്കേണ്ട വിഷയമാണെങ്കിൽ അടിയന്തിരമായി അതിനുള്ള നടപടി സ്വീകരിച്ചശേഷം മാത്രമെ തുടർ നട പടികൾ ആലോചിക്കാവു. ജാഗ്രതാസമിതി പ്രവർത്തനത്തിൽ സ്ത്രീപക്ഷ സമീപനം ഉണ്ടാ വണം. സ്ത്രീകൾ കക്ഷികളായിട്ടുള്ള ഏതൊരു പരാതിയും സ്വീകരിക്കണം/ഇടപെടണം. യഥാർത്ഥ പരാതിക്കാരി സ്ത്രീയാണ് എന്ന് ഉറപ്പുരുത്തണം. മുൻവിധിയോടെ പ്രശ്നങ്ങളെ സമീപിക്കാൻ പാടില്ല. സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട പൊതുപ്രശ്നങ്ങളും വിഷയ ങ്ങളും പൊതുചർച്ചക്ക് വിധേയമാക്കണം (ഗ്രാമസഭകളിൽ /വാർഡ്സഭകളിൽ അതിനായി കൂടുന്ന മറ്റ് വേദികളിൽ)

## 3 ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷൻ വാർഡ്തല ജാഗ്രതാ സമിതികൾ

### 3.1 ഉദ്ദേശലക്ഷ്യങ്ങൾ, ചുമതലകൾ

i. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അത് ചെറുക്കാൻ ഏറ്റവും താഴെ തലത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്ന ജനകീയസംവിധാനം അത്യന്താപേക്ഷിതമാണ്

ii. ജാഗ്രതാ സമിതി സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റും വിധം ആവശ്യ മായ എല്ലാ പ്രവർത്തനങ്ങളും നടത്തുക എന്നത് വാർഡ്തല ജാഗ്രതാസമിതികളുടെ ഉത്തരവാദിത്തമാണ്. അത് മാത്രമല്ല ജാഗ്രതാസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമവും ജനകീയവുമാക്കിത്തീർക്കുന്നതിൽ വാർഡ്മെമ്പർമാരുടെ നേതൃത്വ ത്തിലുള്ള വാർഡ്തല ജാഗ്രതാസമിതിക്ക് വലിയ പങ്ക് വഹിക്കാനാവും. താഴെത്തല ത്തിൽ ജനങ്ങളുടെ ഏറ്റവും അടുത്ത് ജാഗ്രതാസമിതിയുടെ സേവനം ലഭിക്കുന്നതര ത്തിൽ പ്രവർത്തിക്കുക എന്നതും ഇതിന്റെ പരമപ്രധാന ലക്ഷ്യമാണ്.

iii. പരാതി സ്വീകരിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയും ജില്ലാ ജാഗ്രതാസമിതിയും കാണിക്കുന്ന അതേ ഗൗരവം വാർഡ്തല ജാഗ്രതാസമിതികളും കാണിക്കണം. (കൂടുതൽ തീവ്രവും ഗൗരവതരവു മായ വിഷയങ്ങൾ പഞ്ചായത്ത്തല സമിതിക്ക് റഫർ ചെയ്യുന്നതായിരിക്കും അഭികാ മ്യം.)

iv. തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതി എടുക്കുന്ന തീരുമാനങ്ങൾ, ബോധനപരിപാ ടികൾ, ക്യാമ്പയിനുകൾ എന്നിവ ഫലവത്താക്കലും ഈ സമിതിയുടെ ലക്ഷ്യമാണ്.

## 3.2 ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി വാർഡ്തല ജാഗ്രതാസമിതിയുടെ പൊതുസമിതി–ചുമതലകൾ

i) ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും വാർഡ്തല ജാഗ്രതാസമിതിക്ക് ഒരു പൊതുസമിതിയും ഒരു നിർവഹണസമിതിയും ഉണ്ടായിരിക്കും. (മുനിസിപ്പൽ കോർപ്പറേഷനിൽ വാർഡ്തല ജാഗ്രതാസമിതിക്ക് പൊതുസമിതിയും നിർവഹണസമിതിയും വെവ്വേറെയില്ല. വാർഡ്തല ജാഗ്രതാസമിതി എന്ന ഒറ്റ സമിതി മാത്രമേയുള്ളു. അതിനാൽ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൊതുസമിതിയിലും നിർവഹണസമിതിയിലും നിക്ഷിപ്തമായ ചുമതലകൾ ഇവിടെ വാർഡ്തല ജാഗ്രതാസമിതി എന്ന ഒറ്റ സമിതി ചെയ്യണം. ജാഗ്രതാസമിതി സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും ചുമതലകളും നിർവഹിക്കാൻ തക്ക ശേഷിയുള്ള ഒരു വാർഡ്തല ജനകീയ സംവിധാനം വാർഡ്തലത്തിൽ ഒരുക്കുക എന്നതാണ് പൊതുസമിതിയുടെ മുഖ്യചുമതല. ദൈനംദിന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നിർവ്വഹണം സമിതി, സഹായസമിതി, നിയമസഹായസമിതി എന്നിവ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും പൊതുസമിതിയുടെ ചുമതലയാണ്.

ii) പൊതുസമിതിയുടെ യോഗം മൂന്ന് മാസത്തിനുള്ളിൽ (ഗ്രാമസഭക്ക്/വാർഡ്സഭക്ക് മുമ്പായി) ഒരിക്കൽ വിളിച്ച് ചേർക്കണം. അവശ്യഘട്ടങ്ങളിൽ അടിയന്തിരയോഗങ്ങൾ വിളിച്ചുച്ചേർക്കാവുന്നതാണ്. വാർഡ്തല ജാഗ്രതാസമിതി ജനറൽബോഡി യോഗത്തിൽ പഞ്ചായത്ത് ജാഗ്രതാസമിതി അംഗങ്ങൾ പങ്കെടുക്കേണ്ടതാണ്. ജനറൽബോഡി യോഗത്തിന്റെ കോറം ആകെ അംഗസംഖ്യയുടെ മൂന്നിൽ ഒന്നായിരിക്കുന്നതാണ്. അദ്ധ്യക്ഷൻ പഞ്ചായത്ത് മെമ്പറായിരിക്കും. അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ ഹാജരാവുന്ന തദ്ദേശഭരണ സ്ഥപനത്തല ജാഗ്രതാസമിതി മെമ്പർ അദ്ധ്യക്ഷനായിരിക്കേണ്ടതാണ്.

iii) വാർഡ്തല ജാഗ്രതാസമിതി ജനറൽബോഡി യോഗത്തിൽ അതുവരെ നടന്ന ജാഗ്രതാസമിതി പ്രവർത്തനങ്ങളുടെ റിപ്പോർട്ടും, വരവും ചെലവുകണക്കും കൺവീനർ അവതരിപ്പിച്ച് അംഗീകാരം വാങ്ങിക്കേണ്ടതാണ്. അവതരിപ്പിച്ച റിപ്പോർട്ട്, കണക്ക്, അതിന്മേൽ ജനറൽ ബോഡിയുടെ തീരുമാനം എന്നിവയുടെ അനുബന്ധം 5 ൽ കൊടുത്ത മാതൃകയിൽ തയ്യാറാക്കിയ ഒരു പകർപ്പ് തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിക്കു നൽകേണ്ടതാണ്.

iv) ജനറൽബോഡി യോഗത്തിൽ അംഗീകരിച്ച റിപ്പോർട്ട് , വാർഡ്തല ജാഗ്രതാസമിതി കൺവീനർ ഗ്രാമസഭയിൽ വായിക്കേണ്ടതും, പ്രതികരണം ഗ്രാമസഭയുടെയും ജാഗ്രതാസമിതി ചർച്ച ചെയ്തശേഷം ജാഗ്രതാസമിതിയുടെ മിനുട്സിലും രേഖപ്പെടുത്തേണ്ടതുമാണ്. യോഗങ്ങൾ വളരെ രഹസ്യമായി കൂടാൻ പ്രത്യേകം ശ്രദ്ധിക്കണം.

### 3.3 ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി വാർഡ്തല ജാഗ്രതാസമിതിയുടെ നിർവഹണസമിതിയുടെ ചുമതലകൾ, യോഗങ്ങൾ

*(കുറിപ്പ്: കോർപ്പറേഷൻനിൽ വാർഡ്തല ജാഗ്രതാസമിതിക്ക് പൊതുസമിതി നിർവഹണസമിതി എന്നിവ പ്രത്യേകമില്ല)*

നിർവഹണ സമിതിയാണ് വാർഡ്തല ജാഗ്രതാ സമിതിയായി വാർഡിൽ പ്രവർത്തിക്കേണ്ടത്. ജാഗ്രതാസമിതിയിൽ നിക്ഷിപ്തമായ എല്ലാ ചുമതലകളും വാർഡ്തലത്തിൽ നിറവേറ്റുക എന്നത് വാർഡ്തല ജാഗ്രതാസമിതിയായി പ്രവർത്തിക്കുന്ന നിർവഹണസമിതിയുടെ ചുമതലയാണ്. വാർഡ്തല-തദ്ദേശഭരണസ്ഥാപനതല-ജില്ലാതല ജാഗ്രതാസമിതികളുടെ പ്രവർത്തന നടപടിക്രമങ്ങൾ, യോഗങ്ങൾ എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ഖണ്ഡിക 4.2.ൽ (പേജ്...) കൊടുത്തിട്ടുള്ളതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല.

## 4 ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷൻതല ജാഗ്രതാസമിതി

### 4.1 ചുമതലകൾ

i. ജാഗ്രതാസമിതി സംവിധാനത്തിൽ ഏറ്റവും ശക്തമായി പ്രവർത്തിക്കാൻ സാധിക്കുന്ന സംവിധാനം തദ്ദേശഭരണസ്ഥാപനതലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാസമിതിക്കായിരിക്കും. അതായത് ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്ത്തല ജാഗ്രതാസമിതിയും മുനിസിപ്പാലിറ്റികളിൽ മുനിസിപ്പാലിറ്റിതല ജാഗ്രതാസമിതിയും കോർപ്പറേഷനുകളിൽ കോർപ്പറേഷൻതല ജാഗ്രതാസമിതിയും. അതാത് തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രദേശത്ത്, ജാഗ്രതാസമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുകയും ചുമതലകളും ഉത്തരവാദിത്തങ്ങളും നിറവേറ്റുകയും ചെയ്യുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിക്കൾക്കുള്ളത്.

ii. തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റിതല ജാഗ്രതാസമിതിക്ക് ഒരു സഹായസമിതിയും നിയമസഹായസമിതിയും (legal cell) പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ കോർപ്പറേഷൻതല ജാഗ്രതാസമിതിക്ക് സഹായസമിതിയോ നിയമസഹായസമിതിയോ പ്രത്യേകം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ കോർപ്പറേഷനിൽ വാർഡ്തല ജാഗ്രതാസമിതിക്ക് സഹായസമിതി ഉണ്ടായിരിക്കുന്നതാണ്.

### 4.2 വാർഡ്തല/തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതി– പ്രവർത്തനനടപടിക്രമം

a) **യോഗം ചേരൽ**

i. വാർഡ്തല–തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതി മാസത്തിൽ ഒരു തവണയെ ങ്കിലും യോഗം ചേർന്നിരിക്കണം. അതായത് രണ്ട് യോഗങ്ങൾ തമ്മിൽ 30 ദിവസ ത്തിൽ കൂടുതൽ ഇടവേള പാടില്ല. അവശ്യഘട്ടങ്ങളിൽ അടിയന്തിരയോഗങ്ങൾ വിളി ച്ചുചേർക്കാവുന്നതാണ്.

ii. രാവിലെ 9 മണിക്കും വൈകുന്നേരം 6 മണിക്കും ഇടക്ക് ജാഗ്രത സമിതി ആസ്ഥാനത്ത് വച്ചായിരിക്കണം യോഗം ചേരേണ്ടത്.

iii. യോഗസമയവും തീയതിയും ചർച്ച ചെയ്യേണ്ട വിഷയങ്ങളും സമിതിയുടെ ചെയർപേഴ്സണുമായി ചർച്ച ചെയ്ത് കൺവീനർ നിശ്ചയിക്കേണ്ടതും ഇവ കാണി ക്കുന്ന യോഗനോട്ടീസ് കൺവീനർ ഒപ്പിട്ട് യോഗം ചേരുന്നതിന് 3 ദിവസം മുമ്പ് എല്ലാ അംഗങ്ങൾക്കും നൽകിയിരിക്കേണ്ടതുമാണ്.

iv. അടിയന്തിരയോഗത്തിന് സമയപരിധി ബാധകമല്ല. വളരെ അടിയന്തിരസ്വഭാവ മുള്ളതിന് സമയപരിധിയോ കത്തോ പോലും ബാധകമല്ല. ഇത്തരം ഘട്ടങ്ങളിൽ ഫോൺ വഴിയുള്ള അറിയിപ്പ് നൽകിയാലും മതി.

v. യോഗത്തിലേക്ക് ക്ഷണിതാവായി ഏതൊരാളെയും വിളിക്കാൻ ചെയർപേഴ്സണും കൺവീനറും കൂടി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്. അതിന്റെ കാരണം ജാഗ്ര താസമിതിയോഗത്തെ ബോധ്യപ്പെടുത്തണം. ഇത്തരത്തിൽ ക്ഷണിക്കുന്ന ആളിന് നിശ്ചയിച്ച ഉത്തരവാദിത്വം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. വോട്ടവകാശം ഉണ്ടായി രിക്കുന്നതല്ല.

b) **കത്തുകൾ**

i. സമിതിക്ക് വേണ്ടി ചെയർപേഴ്സൺന്റെ അറിവോടെയും അംഗീകാരത്തോടെയും കൺവീനറാണ് കത്തിടപാടുകൾ നടത്തേണ്ടത്. സമിതിയിലേക്ക് വരുന്ന കത്തുകൾ ചെയർപേഴ്സൺ കണ്ടതിന് ശേഷം തപാൽ രജിസ്റ്ററിൽ കൺവീനർ ചേർക്കേണ്ടതാ ണ്. അയക്കുന്ന എല്ലാ കത്തുകളുടെയും പകർപ്പ് ഫയലിൽ സൂക്ഷിക്കുകയും ഔട്ട്വേർഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ലെറ്റർഹെഡ്ഡിൽ മാത്രമേ കത്തുകൾ അയ്ക്കുവാൻ പാടുള്ളു.

ii. ലഭിച്ച എല്ലാ കത്തുകളും തൊട്ടടുത്തു ചേരുന്ന യോഗത്തിൽ അവതരിപ്പിക്കേണ്ടതാ ണ്. എന്നാൽ അടിയന്തിരസ്വഭാവമുള്ള കത്തുകൾ ചെയർപേഴ്സണുമായി ചർച്ച ചെയ്തശേഷം അതിന്മേൽ ഉചിതമായ നടപടികൾ കൺവീനർ സ്വീകരിക്കേണ്ടതാണ്.

എടുത്ത നടപടികൾ കത്തിന്റെ കൂടെ വെള്ള പേപ്പറിൽ എഴുതി കത്തിനോടൊപ്പം ചേർക്കേണ്ടതും അടുത്ത യോഗത്തിൽ അവതരിപ്പിച്ച് സമിതിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.

c) **യോഗനടപടിക്രമം**

i. നിശ്ചയിച്ച സമയത്ത് തന്നെ യോഗം ആരംഭയിക്കണം. യോഗത്തിൽ പരാതിഫയൽ, നടപടികൾ നടന്നുകൊണ്ടിരിക്കുന്ന കേസ് ഫയൽ, മിനിട്സ് ബുക്ക്, കത്തുകൾ, റിപ്പോർട്ടുകൾ എന്നിവ കൺവീനർ ഉറപ്പാക്കണം. പരാതിഫയൽ ഓരോന്നിന്റെയും സ്വഭാവം, പരാതി ലഭിച്ച രീതി എന്നിവ അനുസരിച്ച് തരംതിരിച്ച് രേഖപ്പെടുത്തിവെയ്ക്കണം. ഓരോ അജണ്ടയായി എടുത്ത് ചർച്ച ചെയ്യണം. അജണ്ടയിൽ വിവിധ റിപ്പോർട്ട് അവതരണങ്ങൾ, നടത്തിയ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, നടപടികൾ നടന്നു കൊണ്ടിരിക്കുന്ന പരാതികളുടെ വിവരങ്ങൾ തുടർപ്രവർത്തനങ്ങൾ, റഫർ ചെയ്തവയുടെ സ്ഥിതി, പുതിയ പരാതികൾ, തുടർപ്രവർത്തനങ്ങൾ എന്നിവ ഇനം തിരിച്ച് ഉണ്ടായിരിക്കണം. ഓരോ അജണ്ട എടുക്കുമ്പോഴും അതുമായി ചുമതലയുള്ള അംഗങ്ങൾ റിപ്പോർട്ട് വയ്ക്കുകയും തുടർപ്രവർത്തന ഉത്തരവാദിത്തങ്ങൾ ജാഗ്രതാസമിതി നിശ്ചയിക്കുന്നതരുസരിച്ച് ഏറ്റെടുക്കുകയും വേണം.

ii. മുൻ യോഗതീരുമാനങ്ങളും അതിന് ശേഷം നടന്ന പ്രവർത്തനങ്ങളും യോഗത്തിൽ അവതരിപ്പിക്കണം. കമ്മിറ്റി അംഗീകാരം ആവശ്യമായവ ഉണ്ടെങ്കിൽ അതും അവതരിപ്പിക്കണം. നടപടിയിലിരിക്കുന്ന കേസുകളുടെ ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുള്ള ഉന്നതസമിതികൾ നടത്തിയ പ്രവർത്തങ്ങൾ അവതരിപ്പിക്കുകയും രേഖാമൂലം റിപ്പോർട് നൽകുകയും സമിതി ചർച്ച ചെയ്ത് തീരുമാനിക്കുകയും വേണം.

iii. മറ്റ് തലങ്ങളിലേക്ക് റഫർ ചെയ്തിട്ടുള്ള പരാതികളുടെ തുടർനടപടികൾ നടത്താനായി ജാഗ്രതാസമിതിയെ ഏൽപ്പിച്ച കാര്യങ്ങളും അതിന്മേൽ കൈക്കൊണ്ട നടപടികളും രേഖാമൂലം റിപ്പോർട്ട് ചെയ്യുകയും ചർച്ച നടത്തുകയും വേണം.

iv. ലഭിച്ച പരാതികളോരോന്നും കൺവീനർ യോഗത്തിൽ വായിച്ച് അവതരിപ്പിക്കുകയും അതിൻമേൽ ചർച്ച നടത്തുകയും വേണം. തുടർന്ന് ഓരോ പരാതിയുടെയും സ്വഭാവമനുസരിച്ച് എന്ത് തുടർനടപടികളാണ് വേണ്ടതെന്ന് സമിതി തീരുമാനിക്കേണ്ടതാണ്.

v. യോഗത്തിൽ ജാഗ്രതാസമിതിയെ സഹായിക്കാനോ കൂടുതൽ വിശദീകരണ നൽകുന്നതിനോ (പരാതിക്കാരുടെ വിവരം രഹസ്യമായി സൂചിപ്പിച്ചുകൊണ്ട്) സഹായമിതിയിൽ നിന്നോ നിയമസഹായ സമിതിയിൽ നിന്നോ ജൻഡർ വിദഗ്ധരെയോ കൗൺസിലിംഗ് വിദഗ്ധരെയോ വിളിക്കാവുന്നതാണ്.

vi. യോഗത്തിൽ ചർച്ച ചെയ്ത് എടുക്കുന്ന തീരുമാനം നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് ചുമതലകൾ നൽകണം. അന്വേഷണസ്വഭാവമുള്ളതാണെങ്കിൽ പ്രത്യേകിച്ചും വ്യക്തി പരമായ കേസുകളിൽ ജാഗ്രതാസമിതി മെമ്പർമാരുടെ ഉപസമിതിയെ മാത്രമേ ഏൽപ്പിക്കാവു. പൊതു പ്രശ്നങ്ങളാണെങ്കിൽ (പരാതിക്കാരുടെ പേരുവിവരം രഹസ്യ മായി സൂക്ഷിക്കണം) സഹായസമിതി അംഗങ്ങളിൽ നിന്നുള്ളവരെക്കൂടി ചേർത്ത് ഉപസമിതിക്ക് രൂപം നൽകാവുന്നതാണ്. എന്നാൽ ഈ സമിതിയുടെ കൺവീനർ ജാഗ്രതാസമിതിയിലെ ഒരു മെമ്പർ ആയിരിക്കണം.

vii. ജാഗ്രതാസമിതി എടുത്ത തീരുമാനം ബന്ധപ്പെട്ടവരെ അറിയിക്കാനുള്ള സംവിധാനം ഉണ്ടാകണം. തീരുമാനത്തിന്റെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്, പഞ്ചായത്ത് ഭരണസമിതിക്ക്, സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക്, ഗ്രാമസഭക്ക്, കക്ഷികൾക്ക്, ജില്ലാ ജാഗ്രതാസമിതിക്ക്, വനിതാ കമ്മീഷന് എന്നിങ്ങനെ ആർക്കൊക്കെയാണോ അറിയിപ്പ് നൽകേണ്ടത് അവർക്കെല്ലാം യഥാസമയമറിയിപ്പ് നൽകണം.

d) **മിനിടുസ്**

i. ജാഗ്രതാസമിതിക്ക് ഒരു മിനിട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതാണ്. ബുക്കിന്റെ എല്ലാ പേജിലും 1 മുതൽ അവസാനം വരെ ക്രമനമ്പർ നൽകിയിരിക്കണം. ആകെ എത്ര പേജുകൾ ഉണ്ടെന്ന് ആദ്യപേജിൽ എഴുതി കൺവീനർ സാക്ഷ്യപ്പെടുത്തിയിരിക്കണം. മിനിറ്റ്സ് ബുക്ക് കൺവീനർ ഭദ്രമായി ഓഫീസിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ സമയങ്ങളിൽ ഹാജരാക്കേണ്ടതുമാണ്. മിനിട്സ് രേഖപ്പെടുത്താനുള്ള ചുമതല കൺവീനറിൽ നിക്ഷിപ്തമാണ്. കൺവീനർ പങ്കെടുക്കാതെ യോഗം നടക്കുന്നപക്ഷം അദ്ധ്യക്ഷൻ നിർദ്ദേശിയ്ക്കുന്ന ഒരുസമിതിയംഗമാണ് മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടത്.

ii. സമിതിയുടെ യോഗം ആരംഭിക്കുന്നതിനു മുമ്പായി യോഗസ്ഥലവും തീയതിയും സമ യവും മിനുട്സ് ബുക്കിൽ രേഖപ്പെടുത്തണം. അതിനുതാഴെ പങ്കെടുക്കുന്ന അംഗ ങ്ങൾ സ്വയം പേരെഴുതി ഒപ്പുവെക്കണം. പ്രത്യേക ക്ഷണപ്രകാരം യോഗത്തിൽ പങ്കെ ടുക്കുന്നവർ ക്ഷണിതാവ് എന്ന് രേഖപ്പെടുത്തി മിനിറ്റ്സ് ബുക്കിൽ പേരെഴുതി ഒപ്പി ടണം. യോഗത്തിൽ ചർച്ച ചെയ്യുന്ന അജണ്ടയും, അതിന്മേൽ കൈകൊള്ളുന്ന തീരു മാനവും അപ്പോൾ തന്നെ മിനിറ്റ്സ് ബുക്കിൽ കൺവീനർ ക്രമമായി രേഖപ്പെടുത്ത ണം.

iii. തീരുമാനങ്ങൾ ഭൂരിപക്ഷപ്രകാരമാണ് എടുക്കേണ്ടത്. എങ്കിലും കഴിവതും സമവായ ത്തിലൂടെയും ഐക്യകണ്ഠ്യേനയും ആയിരിക്കുന്നതിനു പരിശ്രമിക്കേണ്ടതാണ്. ഭൂരി പക്ഷതീരുമാനമാണ് കൈക്കൊള്ളുന്നതെങ്കിൽ വിയോജിച്ചവരുടെ പേരും അവരുടെ വിയോജനക്കുറിപ്പും രേഖപ്പെടുത്തേണ്ടതാണ്. ഏതൊരു തീരുമാനവും നിയമാനുസൃ

തമാണെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം തീരുമാനമെടുക്കുന്ന സമിതിക്കുണ്ട് എന്ന കാര്യം വിസ്മരിക്കാൻപാടില്ല.

iv. യോഗം നടന്നു കൊണ്ടിരിക്കുമ്പോൾ ആരെങ്കിലും യോഗസ്ഥലം വിട്ടുപോകുന്ന പക്ഷം ആ അംഗം പോയ സമയം രേഖപ്പെടുത്തി പോയ വിവരം മിനിട്സ് ബുക്കിലെ ഴുതേണ്ടതാണ്. യോഗം അവസാനിച്ചാൽ തീരുമാനങ്ങളെല്ലാം രേഖപ്പെടുത്തിയ ശേഷം അതിന് താഴെ ഹാജരുള്ള മുഴുവൻ അംഗങ്ങളും പേരെഴുതി ഒപ്പുവെക്കേണ്ട താണ്.

## 4.3 ഗ്രാമപഞ്ചായത്ത്തല/മുനിസിപ്പാലിറ്റിതല സഹായസമിതി– ചുമതലകൾ, യോഗങ്ങൾ

i) തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയുടെയും വാർഡ്തല ജാഗ്രതാസമിതികളു ടെയും ഉദ്ദേശ്യല ക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ സഹായവും പിൻന്തു ണയും ഉപദേശങ്ങളും നൽകുക എന്നതാണ് സഹായസമിതിയുടെ ചുമതല. അതോടൊപ്പം സ്ത്രീകളുടെയും പെൺകുട്ടികളുടെയും ഉന്നമനത്തിനും ശ്രേയസ്സിനും സംരക്ഷണത്തിനുമായി സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സഹായത്തോടെ പദ്ധ തികൾ, രൂപവത്കരിക്കുക, അവ നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊള്ളുക എന്നിവയും ചെയ്യേണ്ടതാണ്.

ii) ജാഗ്രതാസമിതിയും വിവിധ വകുപ്പുകളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്ന തിനും തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയുടെയും വാർഡ്തല ജാഗ്രതാസമി തികളുടെയുംപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുംസഹായസമിതി പ്രവർത്തിക്കേണ്ടതാണ്. പഞ്ചായത്ത്, വാർഡ്, ജാഗ്രതാസമിതി പ്രവർത്തന റിപ്പോർട്ടുകൾ വിലയിരുന്നതിനു വേണ്ട സഹായങ്ങൾ സഹായസമിതി നൽകേ ണ്ടതാണ്. പരിശീലനം, പ്രചരണം എന്നിവയ്ക്ക് അക്കാദമികവും സംഘടനാപരവു മായ സഹായ ങ്ങളും നൽകേണ്ടതാണ്.

iii) സഹായസമിതിയുടെ യോഗം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ ചേരേണ്ടതാണ്. തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയുടെ കൺവീനറാണ് യോഗം വിളിച്ചുച്ചേർക്കേണ്ടത്. തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയുടെ ചെയർപേഴ്സൺ ഈ യോഗത്തിൽ ആധ്യക്ഷ്യം വഹിക്കണം. ചെയർപേഴ്സന്റെ അഭാവത്തിൽ ചെയർപേഴ്സൺ ചുമതലപ്പെടുത്തുന്ന വ്യക്തിയായിരിക്കും ആധ്യക്ഷ്യം വഹിക്കേണ്ടത്.

iv) തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയുടെ രൂപീകരണം പൂർത്തിയായിക്കഴി ഞ്ഞാൽ 30 ദിവസത്തിനകം സഹായസമിതി രൂപീകരിച്ച് അതിന്റെ ആദ്യ യോഗം ചേരണം. പ്രസ്തുത യോഗത്തോടൊപ്പം, വാർഡ് കൺവീനർമാരുടെ പ്രത്യേക യോഗം

ചേർന്ന് അതിൽ നിന്നും ഒരു പ്രതിനിധിയെ തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതി അംഗമായി തെരഞ്ഞെടുക്കേണ്ടതുമാണ്.

v) തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ സഹായസമിതിയിലെ മുഴുവൻ അംഗങ്ങളേയോ അതാത് വിഷയവുമായി ബന്ധപ്പെട്ട അംഗങ്ങളെ മാത്രമോ ആവശ്യമെങ്കിൽ അതിലെ അംഗങ്ങളെ ഒറ്റക്കൊറ്റക്കോ തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിക്ക് വിളിച്ച് ചർച്ച നടത്താവുന്നതും എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ സഹായം തേടാവുന്നതുമാണ്.

### 4.4 ഗ്രാമപഞ്ചായത്ത്തല/മുനിസിപ്പാലിറ്റിതല നിയമസഹായസമിതി– ചുമതലകൾ

i. തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിക്ക് ആവശ്യമായ നിയമസഹായവും ഉപദേശവും നൽകുക, സ്ത്രീകൾക്കും പെൺകുട്ടികൾക്കും ആവശ്യമായ നിയമസഹായവും മാർഗനിർദേശവും നൽകുക, നിയമസഹായ സംവിധാനങ്ങളെ ജാഗ്രതാസമിതി പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കുക, നിയമബോധന പരിപാടിക്ക് പ്രത്യേകിച്ച് ഹൈസ്ക്കൂൾ, പ്ലസ്ടു, കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ട സഹായവും നേതൃത്വവും നൽകുക, പുതുതായി ഉണ്ടാക്കുന്ന നിയമങ്ങളെ സംബന്ധിച്ച് ജാഗ്രതാസമിതിക്കും പൊതുജനത്തിനും വേണ്ട ബോധനപരിപാടികൾ നടത്തുക എന്നിവ നിയമസഹായസമിതി ചെയ്യേണ്ടതാണ്.

ii. പഞ്ചായത്ത് ജാഗ്രതാസമിതിക്ക് ആവശ്യം വരുന്ന ഘട്ടങ്ങളിലൊക്കെ നിയമസഹാസമിതിയുടെ യോഗം വിളിച്ച് ചേർക്കാവുന്നതാണ്. നിയമപരമായി കൂടുതൽ വിശദീകരണം ആവശ്യമുള്ള വിഷയങ്ങൾ സമിതി അംഗങ്ങളുമായി ചർച്ച ചെയ്യാം. ഒരു പ്രാദേശിക സർക്കാർ എന്ന നിലയിൽ പഞ്ചായത്തിന് വിവിധ കാര്യങ്ങൾക്ക് ഇവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതുമാണ്.

------------------

# അദ്ധ്യായം 5

## ജാഗ്രതാ സമിതി- പരാതി സ്വീകരിക്കൽ, തീർപ്പാക്കൽ

### 1. പരാതി സമർപ്പിക്കൽ, സ്വീകരിക്കൽ

#### 1.1 പരാതി സമർപ്പിക്കൽ- രീതികൾ

a) വാർഡ്തല സമിതിക്കും തദ്ദേശഭരണസ്ഥാപനതല സമിതിക്കും പരാതി സ്വീകരിക്കാവുന്നതാണ്.

b) താഴെപറയുന്ന ഏത് രീതിയിൽ ലഭിക്കുന്ന പരാതികളും സ്വീകരിക്കേണ്ടതാണ്.

i. അനുബന്ധം 1 ൽ കൊടുത്തിട്ടുള്ള മാതൃകയിൽ എഴുതി നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കുന്നവ

ii. നിശ്ചിതഫോറത്തിലല്ലാതെ വെള്ളക്കടലാസിൽ പരാതി എഴുതി നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കുന്നവ

iii. നിശ്ചിതഫോറത്തിലോ വെള്ളക്കടലാസിലോ എഴുതി പരാതിപ്പെട്ടിയിൽ നിക്ഷേപിക്കുന്നവ

iv. നിശ്ചിതഫോറത്തിലോ വെള്ളക്കടലാസ്സിലോ അല്ലാതെ ഇ-മെയിൽ വഴി സമർപ്പിക്കുന്നവ

v. സമിതിയിലെ അംഗങ്ങളോട് വാക്കാൽ പറയുന്നവ (വാക്കാൽ പറയുന്ന പരാതി, പരാതി കേട്ടയാൾ എഴുതി സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട സമിതിയിൽ സമർപ്പിക്കേണ്ടതാണ്.)

vi. സ്വമേധയാ ഏറ്റെടുക്കുന്ന പരാതികൾ (സമിതി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട സമിതിയിൽ ഉന്നയിക്കുകയും അത് ഏറ്റെടുക്കേണ്ടതാണെന്ന് സമിതി തീരുമാനിക്കുകയും ചെയ്യുന്ന പരാതികൾ)

*കുറിപ്പ്- പരാതിക്കാരന്റെ പേര് വിവരം വയ്ക്കാതെ രേഖാമൂലം സമർപ്പിക്കുന്നവയും സ്വീകരിക്കേണ്ടതാണ്*

c) വാർഡ്തല/തദ്ദേശഭരണസ്ഥാപനതല സമിതികളുടെ ഓഫീസിൽ നേരിട്ട് ലഭിക്കുന്ന പരാതികൾക്ക് പരാതി സ്വീകരിക്കുന്നയാൾ അനുബന്ധം 2 ൽ കൊടുത്ത മാതൃകയിൽ കൈപ്പറ്റ് രശീത് നൽകേണ്ടതാണ്.

മുകളിൽ പറഞ്ഞ ഏത് രീതിയിൽ പരാതി ലഭിച്ചാലും, പരാതി സംബന്ധിച്ച വിവരങ്ങൾ പ്രകാരമുള്ള പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അതിനായി അനു

ബന്ധ 3 ൽ പറഞ്ഞ പ്രകാരമുള്ള ഒരു പരാതി രജിസ്റ്റർ വാർഡ്തല/തദ്ദേശഭരണ സ്ഥാപനതല/ജില്ലാതല ജാഗ്രതാസമിതികൾ എഴുതി സൂക്ഷിച്ചു പോരേണ്ടതാണ്. അതിനുള്ള ചുമതല അതാത് തലത്തിലുള്ള സമിതിയുടെ കൺവീനർക്കായിരിക്കുന്നതാണ്.

### 1.2 നേരിട്ട് രേഖാമൂലം പരാതി സമർപ്പിക്കൽ

- രേഖാമൂലമുള്ള ഒരു പരാതി നേരിട്ട് കൺവീനറെയോ അല്ലെങ്കിൽ ജാഗ്രതാസമിതി അംഗങ്ങളേയോ ഏൽപ്പിക്കാവുന്നതാണ്. ചെയർമാന്റെ പേരിലാണ് പരാതി നൽകേണ്ടത്.
- പരാതി ലഭിക്കുമ്പോൾ അവശ്യവിവരങ്ങൾ പരാതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് സ്വീകരിക്കുന്നയാൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
- പരാതിയിൽ ഉണ്ടായിരിക്കേണ്ട വിവരങ്ങൾ താഴെപ്പറയുന്നവയാണ്
  - പരാതിപ്പെടുന്ന ആളുടെ പേരും വിലാസവും
  - പരാതിക്കിടയായ പ്രശ്നം നേരിടേണ്ടി വന്ന ആളുടെ പേരും വിലാസവും
  - പ്രായം
  - വിഭാഗം-പട്ടികജാതി/പട്ടികവർഗം, ജനറൽ
  - എതിർകക്ഷിയുടെ/കക്ഷികളുടെ പൂർണവിലാസം ((സാധ്യമെങ്കിൽ)
  - പരാതിയുടെ വിവരണം (കഴിയുന്നത്ര പൂർണ്ണവിവരങ്ങൾ വ്യക്തതയോടെ രേഖപ്പെടുത്തണം)
- ജാഗ്രതാസമിതിയിലെ കൺവീനറല്ലാത്ത മറ്റ് അംഗങ്ങളുടെ പക്കൽ ലഭിക്കുന്ന പരാതി എത്രയും പെട്ടെന്ന് കൺവീനറെ ഏൽപ്പിക്കേണ്ടതാണ്. കൺവീനർ/കൺവീനർ ചുമതലപ്പെടുത്തുന്ന ആൾ സ്വീകരിക്കപ്പെട്ട പരാതികൾ അപ്പോൾ തന്നെ നിർദ്ദിഷ്ട മാതൃകയിലുള്ള പരാതിരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഓരോ പരാതിയും രജിസ്റ്റർ ചെയ്യുമ്പോൾ ക്രമാനുഗതമായി രജിസ്റ്റർ നമ്പർ നൽകേണ്ടതാണ്. ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ നമ്പർ നൽകേണ്ട രീതിക്ക് ഉദാഹരണം ചുവടെ കൊടുക്കുന്നു.

ഉദാ- PJS /01/2017 (ഒരു കലണ്ടർ വർഷത്തിൽ ഒന്നാമത് ലഭിക്കുന്ന പരാതിയുടെ നമ്പർ)

PJS - പഞ്ചായത്ത് ജാഗ്രതാസമിതി

2017- ആ വർഷത്തിലെ പരാതിയുടെ ക്രമനമ്പർ (ക്രമ നമ്പർ വർഷാവസാനം വരെ തുടരേണ്ടതാണ്)

ഓരോ പുതിയ വർഷവും പരാതിയുടെ രജിസ്റ്റർ നമ്പർ 01 മുതൽ ആരംഭിക്കേണ്ടതാണ്. അംഗങ്ങൾ നേരിട്ട് സ്വീകരിക്കുന്ന/വാങ്ങുന്ന പരാതിയാണെങ്കിൽ, കൺവീനറിൽ നിന്നും കൈപ്പറ്റ് രശീത് വാങ്ങി പരാതിക്കാരിക്ക്/പരാതിക്കാരന് കൊടുക്കേണ്ട ഉത്തരവാദിതം അവർ ഏറ്റെടുക്കണം.

### 1.3 വാക്കാൽ പരാതി സമർപ്പിക്കൽ

വാക്കാലുള്ള പരാതികൾ കൺവീനർ രേഖപ്പെടുത്തി, പരാതിക്കാരിയുടേയും/പരാതിക്കാരന്റേയും ഒരു സാക്ഷിയുടെയും ഒപ്പോടുകൂടി ഫയലിൽ സ്വീകരിക്കണം. പരാതിക്കാരി പറഞ്ഞ കാര്യങ്ങൾ തന്നെയാണ് കൺവീനർ രേഖപ്പെടുത്തിയത് എന്ന് സാക്ഷ്യപ്പെടുത്തി വേണം സാക്ഷി ഒപ്പിടാൻ. അടിയന്തിര സാഹചര്യങ്ങളിൽ സാക്ഷി ഇല്ലെങ്കിലും പരാതി സ്വീകരിക്കാം. ഈ അവസരത്തിൽ സ്വമേധയാ കേസെടുക്കുന്ന രീതി അവലംബിച്ചാൽ മതിയാവും. ജാഗ്രതാസമിതി മെമ്പർമാരോട് നേരിട്ട് പറയുന്ന പരാതിക്കും ഇതേ നടപടിക്രമമാണ് സ്വീകരിക്കേണ്ടത്.

### 1.4 തപാൽ വഴി പരാതി സമർപ്പിക്കൽ

തപാൽ വഴി ലഭിക്കുന്ന പരാതിയിൽ, പരാതി സ്വീകരിക്കാൻ വേണ്ട വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് തുടർനടപടികൾക്ക് പരിഗണിക്കേണ്ടതാണ് (പരാതിപ്പെടുന്നയാളുട പേര് വിവരം ഇല്ലാതെ ലഭിക്കുന്ന പരാതികളും സ്വീകരിക്കാവുന്നതാണ്.

### 1.5 പരാതിപ്പെട്ടിയിൽ ലഭിക്കുന്ന പരാതികൾ

ജാഗ്രതാ സമിതികൾക്ക്, സ്വന്തം ഓഫീസിനു മുന്നിൽ പൊതു ജനത്തിന് സൗകര്യപ്രദമായ രീതിയിൽ പരാതിപെട്ടി സ്ഥാപിക്കാവുന്നതാണ്. ഇത്തരത്തിൽ വയ്ക്കുന്ന പരാതിപ്പെട്ടി ആഴ്ചയിൽ ഒരു തവണയെങ്കിലും ജാഗ്രതാസമിതിയിലെ കുറഞ്ഞത് രണ്ട് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ കൺവീനർ തുറക്കുകയും അതിൽ നിന്നും ലഭിച്ച പരാതികൾ പരാതി രജിസ്റ്ററിൽ ചേർത്ത്, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പരാതിപ്പെട്ടി ആഴ്ചയിൽ എന്നാണ് എപ്പോഴാണ് തുറക്കുന്നതെന്ന് പെട്ടിയിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. ലഭിക്കുന്ന പരാതികൾ കമ്മിറ്റി ചർച്ച ചെയ്തശേഷം, രഹസ്യമായി നടത്തുന്ന അന്വേഷണത്തിൽ പരാതിയിൽ കഴമ്പുണ്ടെന്ന് തോന്നുന്ന പക്ഷം പരാതി പരിഹരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതാണ്. പരാതി വ്യാജമാണെന്നു ബോധ്യപ്പെട്ടാൽ അത് രേഖപ്പെടുത്തി ഫയൽ അവസാനിപ്പിക്കേണ്ടതാണ്.

### 1.6 പരാതികൾ സ്വയമേവ ഏറ്റെടുക്കൽ

- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകാവുന്നതും ഉണ്ടായതുമായ ഏതു പ്രശ്നത്തിലും ജാഗ്രതാസമിതിക്ക് ഇടപെടാവുന്നതാണ്. അത്തരത്തിൽ ഒരു പ്രശ്നം ഏറ്റെടുക്കുന്നതിന് ആരുടെ പരാതിയും ആവശ്യമില്ല.

- ഒരു പരാതി /പ്രശ്നം ജാഗ്രതാസമിതിക്ക് സ്വയം ഏറ്റെടുക്കുന്നതിന് സമിതി തീരുമാനം ആവശ്യമാണ്. ജാഗ്രതാസമിതിയിലെ അംഗത്തിന്റെ /അംഗങ്ങളുടെ ശ്രദ്ധയിൽപ്പെട്ട (നേരിട്ട്/രഹസ്യക്കത്ത് മുഖേന/കത്ത് മുഖേന/മാധ്യമ വാർത്തകൾ മുഖേന/മറ്റേതെങ്കിലും രീതിയിൽ) ഒരു പ്രശ്നം ജാഗ്രതാസമിതിയുടെ യോഗത്തിൽ അവതരിപ്പിക്കണം. നേരിട്ടോ, ചെയർപേഴ്സൺ/കൺവീനർ മുഖേനയോ അവതരിപ്പിക്കാം. തുടർന്ന് ഈ പ്രശ്നം സമിതിയുടെ യോഗ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തുവേണം അത് ഏറ്റെടുക്കാൻ തീരുമാനിക്കേണ്ടത്.
- ജാഗ്രതാമിതി നേരിട്ട് രേഖപ്പെടുത്തുന്ന /ഏറ്റെടുക്കുന്ന കേസ്സാണെങ്കിൽ അത് ഏറ്റെടുക്കാനുള്ള കാരണം കാണിച്ച് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ ചേർക്കുകയും രജിസ്ററിൽ രേഖപ്പെടുത്തുകയും വേണം. ഇങ്ങനെ വന്നാൽ പരാതിക്കാരിയുടെ പേര് എന്നിടത്ത് ജാഗ്രതാമിതി നേരിട്ട് എന്ന് രേഖപ്പെടുത്തിയാൽ മതിയാവും.

## 2. പരാതികളുടെ മേൽനടപടികൾ/പരിഹാരപ്രവർത്തനങ്ങൾ, തീർപ്പാക്കൽ

### 2.1 പ്രാഥമിക നടപടികൾ

പ്രശ്നത്തിന്റെ ഗൗരവം/സ്വഭാവം കണക്കിലെടുത്ത് താഴെപ്പറയുന്ന നാല് നിർദ്ദേശങ്ങളിൽ നിന്ന് ഉചിതമായവ സ്വീകരിക്കാവുന്നതാണ്. പ്രശ്നപരിഹാര നടപടികളിൽ മനുഷ്യത്വപരമായ, മന:ശാസ്ത്രപരമായ, സ്ത്രീസൗഹദപരമായ സമീപനമാണ് ജാഗ്രതാസമിതി സ്വീകരിക്കേണ്ടത്. പരാതി സംബന്ധിച്ചുള്ള വിവരങ്ങളും രേഖകളും അതീവരഹസ്യമായി സൂക്ഷി ക്കേണ്ടതാണ്.

a) പരാതി അടിയന്തിരസ്വഭാവമുള്ളതാണെങ്കിൽ (ഉടൻ തീരുമാനമെടുക്കേണ്ടതാണെങ്കിൽ) എത്രയും പെട്ടെന്ന് (24 മണിക്കൂറിനുള്ളിൽ) ലഭ്യമായ അംഗങ്ങളെ ചേർത്ത് അടിയന്തിരയോഗം വിളിച്ചുകൂട്ടി പരാതി ചർച്ചചെയ്യേണ്ടതും മേൽനടപടികൾ സ്വീകരിക്കേണ്ടതുമാണ്. അടിയന്തിര യോഗം ഫോൺ മുഖേനയോ മറ്റേതെങ്കിലും രീതിയിലൂടേയോ എല്ലാ അംഗങ്ങളേയും അറിയിക്കണം. ഈ യോഗത്തിന് ക്വാറം ബാധകമല്ല. പക്ഷെ എടുത്ത തീരുമാനം തൊട്ടടുത്ത സാധാരണ യോഗത്തിൽ അവതരിപ്പിച്ച് സമിതിയുടെ അംഗീകാരം വാങ്ങണം. അടിയന്തിരസ്വഭാവം ഇല്ലെങ്കിൽ ജാഗ്രതാസമിതിയുടെ അടുത്ത സാധാരണ യോഗത്തിൽ ചർച്ച ചെയ്താൽ മതിയാകും.

b) പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രാഥമിക വൈദ്യസഹായം/അടിയന്തിര വൈദ്യശുശ്രൂഷ ലഭ്യമാക്കേണ്ടതാണെങ്കിൽ ഉടനെ തൊട്ടടുത്തുള്ള സർക്കാർ ആസ്പത്രിയിൽ പ്രവേശിപ്പിച്ച് വേണ്ട നടപടി സ്വീകരിക്കണം. (തുടർ പരിചരണവും ശുശ്രൂഷയും ആവശ്യമായ വിഷയങ്ങളിൽ ഉചിതമായ മറ്റ് നടപടികളും സ്വീകരിക്കേണ്ടതാണ്.) ജാഗ്രതാ സമിതിയിലെ ഏതൊരു അംഗത്തിന്റെ മുന്നിൽ ഇത്തരം പ്രശ്നങ്ങൾ എത്തിയാലും ഇതേ നടപടിക്രമമാണ് സ്വീകരിക്കേണ്ടത്. തുടർന്നുവേണം ജാഗ്രതാ

സമിതി മറ്റ് നടപടികൾ ആലോചിക്കാൻ. ഉദാ: ബലാൽസംഗമാണെങ്കിൽ 24 മണിക്കൂറിനുള്ളിൽ വൈദ്യപരിശോധന നടത്തുകയും പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്യേണ്ടതാണ്.

c) പോലീസിൽ പരാതി നൽകേണ്ട കേസുകളിൽ/നിർബന്ധമായും പോലീസിൽ പരാതിപ്പെടേണ്ട സംഗതികലിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി ബോധിപ്പിക്കുന്നതിന് പരാതിക്കാരെ സഹായിക്കുകയും എഫ്.ഐ.ആറിന്റെ പകർപ്പ് വാങ്ങി പരാതിക്കാരെ ഏൽപ്പിക്കുകയും തുടർപ്രവർത്തനങ്ങളിൽ നിരന്തരം ശ്രദ്ധിക്കുകയും ഇടപെടുകയും ചെയ്യേണ്ടത് ജാഗ്രതാസമിതിയുടെ ചുമതലയാണ്.

d) സാധാരണ നടപതിക്രമങ്ങളിലൂടെ പരിഹാരം കാണാൻ തക്ക സ്വഭാവമുള്ള പരാതികൾ അത് വ്യക്തിഗതമായും പൊതുസ്വഭാവമുള്ളതായാലും സാധാരണ യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുക

**2.2** അന്വേഷണം, തീർപ്പാക്കൽ പ്രവർത്തനങ്ങൾ

a) ലഭിച്ച് പരാതിയെക്കുറിച്ച് രഹസ്യമായ പ്രാഥമികാന്വേഷണം നടത്തുക. കൂടുതൽ വിവരങ്ങൾ ശേഖരിക്കുക, ബന്ധപ്പെട്ട കക്ഷികളെ പ്രത്യേകം പ്രത്യേകം വിളിച്ച് അവർക്ക് പറയാനുള്ളത് കേൾക്കുക (പരാതിയുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി കക്ഷികളെ മാനസികമായി തളർത്താത്ത വിധത്തിൽ ഉചിതമായ രീതിയിൽ ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്) തുടങ്ങിയ നടപടികൾ പരാതി അന്വേഷണത്തിന്റെ ഭാഗമായി ജാഗ്രതാസമിതി കൈക്കൊള്ളേണ്ടതാണ്.

b) ബന്ധപ്പെട്ട കക്ഷികളെ യോഗത്തിലേക്ക് ക്ഷണിച്ചു വരുത്തി ചർച്ച/മധ്യസ്ഥം/ഒത്തുതീർപ്പ് ഇവയിലൂടെ പ്രശ്നപരിഹാരത്തിന് ശ്രമിക്കേണ്ടതാണ്. അതിനായി സമിതിക്ക് പുറത്ത് നിന്ന് ആരെയും ഏതു സംവിധാനത്തെയും (വിശ്വാസ്യതയുള്ള) ഉപയോഗിക്കാവുന്നതാണ്.

c) യോഗത്തിലേക്ക് ബന്ധപ്പെട്ട കക്ഷികളെ വിളിക്കുന്നത്, കൺവീനർ ഒപ്പിട്ട അനുബന്ധം 4 ൽ കൊടുത്ത മാതൃകയിലുള്ള കത്ത് മുഖേന ആയിരിക്കണം. പ്രശ്നപരിഹാരത്തിനുള്ള ചർച്ചാവേളയിൽ പരാതിക്കാർക്കോ എതിർകക്ഷികൾക്കോ മാനസികക്ഷതമോ മാനഹാനിയോ മനോവ്യഥയോ ഉണ്ടാകുന്ന വിധത്തിലുള്ള പദപ്രയോഗം, പെരുമാറ്റം, അംഗവിക്ഷേപങ്ങൾ എന്നിവ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.കക്ഷികൾ യോഗത്തിലിരിക്കുമ്പോൾ കേസ് വിവരങ്ങൾ അവർക്ക് മുമ്പാകെ പരസ്യമായി ചർച്ച ചെയ്യരുത്.

d) പ്രശ്ന പരിഹാരത്തിനായുള്ള ചർച്ച/മദ്ധ്യസ്ഥം/ ഒത്തുതീർപ്പ് എന്നിവയ്ക്ക് വേണ്ടി സമിതിക്ക് ആവശ്യമെങ്കിൽ ജാഗ്രതാസമിതിയുടെ കൺവീനറുൾപ്പെടെ മൂന്നംഗങ്ങളിൽ കുറയാത്തതും അഞ്ചംഗങ്ങളിൽ കൂടാത്തതുമായ ഒരു ഉപസമിതിയെ നിയമിക്കാ

വുന്നതാണ്. ഈ ഉപസമിതി തയ്യാറാക്കുന്ന റിപ്പോർട്ട് സമിതി മുമ്പാകെ അവതരിപ്പി ക്കേണ്ടതും സമിതി ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. (ഉപസമിതി പ്രവർത്തനം സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ഖണ്ഡിക 2.3 ൽ കൊടുത്തിട്ടുണ്ട്.

e) കക്ഷിക്ക്/കക്ഷികൾക്ക് കൗൺസിലിംഗ് ആവശ്യമെങ്കിൽ അതിനുള്ള സഹായവും സൗകര്യവും ഒരുക്കേണ്ടതാണ്. യോഗ്യതയുള്ള കൗൺസിലർമാരുടെ സേവനം അതി നായി ലഭ്യമാക്കേണ്ടതാണ്.

f) കോടതി, വനിതാ സെൽ, പോലീസ്, സംസ്ഥാന വനിതാ കമ്മീഷൻ, ബാലാവകാശസം രക്ഷണ കമ്മീഷൻ എന്നിവയിലൂടെ പരിഹാരം തേടേണ്ടതാണെങ്കിൽ അതിനുള്ള സഹായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

g) സ്ഥാപനമേധാവികളിൽ നിന്നോ സർക്കാരിൽ നിന്നോ പരിഹാരം തേടേണ്ട വിഷയങ്ങ ളിൽ അതതിടങ്ങളിലേക്ക് അപേക്ഷകൾ നൽകാനും തുടർ നടപടികൾ സ്വീകരിക്കാനും സഹായിക്കേണ്ടതാണ്.

h) പ്രശ്നത്തിനാസ്പദമായ അടിസ്ഥാവിഷയങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾ, കുടുംബങ്ങൾ, പ്രദേശനിവാസികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധൽക്ക രണത്തിലൂടെ പ്രശ്നങ്ങളുടെ ശാശ്വതപരിഹാരത്തിന് ശ്രമിക്കേണ്ടതാണ്. വേണമെ ങ്കിൽ അതിനായി പ്രത്യേകം കമ്മിറ്റികൾ തന്നെ അതത് പ്രദേശങ്ങളിൽ രൂപവൽക്കരി ക്കാവുന്നതാണ്.

i) പ്രശ്നപരിഹാരത്തിന് സ്ഥാപനങ്ങൾ, അയൽക്കൂട്ടങ്ങൾ, ക്ലബ്ബുകൾ, സമിതികൾ, സംഘടനകൾ എന്നിവയുടെ സഹായം തേടാവുന്നതാണ്.

j) എതിർ കക്ഷിയെ വിളിച്ചിട്ടും ഹാജരായില്ലെങ്കിൽ കഴിവതും വേഗം സമിതി നേരിട്ട് പ്രസ്തുത വ്യക്തിയെ ബന്ധപ്പെടേണ്ടതും ഹാജരാകുവാൻ ഒരവസരം കൂടി നൽകേണ്ട തുമാണ്. എന്നിട്ടും ഹാജരായില്ലെങ്കിൽ പോലീസ് സഹായത്തോടെ പ്രശ്ന പരിഹാര ത്തിന് ശ്രമിക്കേണ്ടതാണ്.

k) പൊതുതാൽപ്പര്യമുള്ള പരാതികൾ, ആവശ്യമെങ്കിൽ ഗ്രാമസഭയിൽ/വാർഡ്സഭയിൽ അവതരിപ്പിച്ച് സഹായനടപടികൾ കൈക്കൊള്ളേണ്ടതാണ്. സന്നദ്ധസംഘടനകൾ, രാഷ്ട്രീയപാർട്ടികൾ തുടങ്ങിയവയുമായി ചർച്ച ചെയ്ത് പൊതുജനപങ്കാളിത്തത്തോടെ പരിഹരിക്കാനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്. എന്നാൽ പരാതിക്കാരന്റെ വിവരം വെളിവാക്കരുത്

l) പേരുവിവരങ്ങൾ ഇല്ലാത്ത പരാതിയാണെങ്കിൽ അതിൽ പറഞ്ഞിട്ടുള്ള പ്രശ്നം അതീവ രഹസ്യമായി അന്വേഷിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടാൽ സ്വമേധയാ കേസെടുക്കുന്ന നടപടിക്രമം അനുസരിച്ച് കേസ്സെടുത്ത് മുന്നോട്ട് പോകണം.

m) പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ ഭരണസമിതിവഴി പരിഹരിക്കേണ്ട പരാതികളിൽ ജാഗ്രതാസമിതി തീരുമാനം ഭരണസമിതിയെ അറിയിക്കണം. അതനുസരിച്ചുള്ള നടപടികൾ ഭരണസമിതി കൈക്കൊള്ളണം.

n) പരാതിക്കാസ്പദമായ പ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരോ സ്ഥാപനങ്ങളോ കാരണത്താലാണെങ്കിൽ/ അവർ എതിർ കക്ഷികളാണെങ്കിൽ കേസിന്റെ സ്വഭാവമനുസരിച്ച് ജാഗ്രതാസമിതി തീരുമാനം ഭരണ സമിതിയെ അറിയിക്കുകയും, ബന്ധപ്പെട്ട കമ്മിറ്റികൾ (ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, സ്റ്റിയറിംഗ് കമ്മിറ്റി മുതലായവ) ചർച്ച ചെയ്ത് ഉചിതമായ നടപടികൾ കൈക്കൊള്ളുകയും വേണം. ഗവൺമെന്റിലേക്കോ മറ്റ് തലങ്ങളിലേക്കോ അറിയിക്കേണ്ട വിഷയമാണെങ്കിൽ അതിനുള്ള നടപടിയും സ്വീകരിക്കണം.

## 2.3 തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയുടെ ഉപസമിതി പ്രവർത്തനം

- തദ്ദേശസ്വയംഭരണസ്ഥാപനതല ജാഗ്രതാസമിതിക്ക് ആവശ്യാനുസരണം (കേസ് അന്വേഷിക്കാനോ, വിവരങ്ങൾ ശേഖരിക്കാനോ, പ്രശ്നമുണ്ടായ സ്ഥലം/സ്ഥാപനം സന്ദർശിക്കാനോ ചർച്ച നടത്താനോ തുടർ പരിപാടികൾ തയ്യാറാക്കാനോ) കൺവീനർ ഉൾപ്പടെ മൂന്നംഗങ്ങളിൽ കുറയാത്തതും അഞ്ചംഗങ്ങളിൽ കൂടാത്തതുമായ ഉപസമിതികൾ ജാഗ്രതാസമിതി അംഗങ്ങളിൽ നിന്നും രൂപവത്കരിക്കാവുന്നതാണ്. ഉപസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ജാഗ്രതാസമിതി ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്.
- ചില സന്ദർഭങ്ങളിൽ പ്രത്യേക ആവശ്യങ്ങൾക്കായി ജാഗ്രതാസമിതിയിലെ ഒരാളെ ചുമതലപ്പെടുത്തുകയും അയാളെ സഹായിക്കുന്നതിന് പുറത്ത് നിന്നുള്ളവരെ കൂട്ടിച്ചേർത്ത് (സഹായസമിതിയിൽനിന്നോ നിയമസഹായസമിതിയിൽ നിന്നോ) ഉപസമിതികൾ ഉണ്ടാക്കാവുന്നതാണ്. ഇത്തരത്തിലുള്ള സമിതിയിൽ ഏഴു പേരിൽ കൂടാൻ പാടില്ല. അതിൽ പകുതിയിൽ കുറയാത്ത അംഗങ്ങൾ സ്ത്രീകളായിരിക്കുകയും വേണം. പരാതിയുടെ സ്വഭാവം പരിഗണിച്ചാണ് ആരെ ചേർത്ത് ഉപസമിതി ഉണ്ടാക്കണം എന്ന് തീരുമാനിക്കേണ്ടത്.

## 2.4 പരാതി ഫയൽ

a) പരാതി ഫയൽ അനിവാര്യം

ജാഗ്രതാ സമിതികളുടെ കൺവീനർമാർ ഓരോ പരാതിക്കും, ഒരു പരാതി ഫയൽ സൂക്ഷിക്കേണ്ടതാണ്. പരാതിയുടെ സ്വഭാവമനുസരിച്ച് അവ വർഗ്ഗീകരിച്ച് വയ്ക്കണം. പരാതി ഫയൽ എന്നാൽ ഓരോ പരാതിയുമായി ബന്ധപ്പെട്ട എല്ലാരേഖകളും ടാഗ് ചെയ്ത് സൂക്ഷിച്ചിട്ടുള്ളത് എന്നർത്ഥമാക്കണം. ലഭിക്കുന്ന പേപ്പറുകൾ ടാഗ് ചെയ്ത് ഒരുമിച്ച് സൂക്ഷിച്ചാൽ മതി.

**b)** **പരാതി ഫയലിന്റെ ഘടന**

- അസ്സൽ പരാതിയുടെ മുമ്പിലായി വയ്ക്കുന്ന പേപ്പർ അതിൽ
  പരാതിയുടെ രജിസ്റ്റർ നമ്പർ
  പരാതിക്കാരുടെ പേരും വിലാസവും
  പരാതിയുടെ സംക്ഷിപ്ത വിവരങ്ങൾ എന്നിവ രേഖപ്പെടുത്തണം
- തുടർനടപടികളെ സംബന്ധിച്ച് നടത്തുന്ന കത്തുകളുടെ ഓഫീസ് കോപ്പി, പരാതി സംബന്ധമായി ലഭിക്കുന്ന കത്തുകൾ, മറ്റുരേഖകൾ, നടപടിക്രമകുറിപ്പുകൾ മുതലായവ കാലാനുക്രമമായി പരാതികടലാസിന് പിന്നിലായി ചേർത്തുവെയ്ക്കേണ്ടതാണ്. പുതുതായി വരുന്ന ഏതൊരുദ്യോഗസ്ഥനും കേസിന്റെ അവസ്ഥ മനസ്സിലാക്കാൻ ഇത് സഹായകരമാകണം.
- പരാതി സംബന്ധിച്ച് സമിതിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനു ശേഷം അന്തിമതീർപ്പ് സംബന്ധിച്ച് സംക്ഷിപ്ത വിവരണം ആദ്യ പേജിൽ രേഖപ്പെടുത്തി ഫയൽ സൂക്ഷിക്കേണ്ടതാണ്.
- തീർപ്പാക്കിയ ഫയലുകൾ കൺവീനറുടെ സൂക്ഷിപ്പിൽ വയ്ക്കേണ്ടതും ഭാവി യിലെ

ആവശ്യങ്ങൾക്ക് ചെയർപേഴ്സന്റെ അനുവാദത്തോടെ ലഭ്യമാക്കേണ്ടതുമാണ്

## . 2.5 പരാതി തീർപ്പാക്കി രേഖപ്പെടുത്തൽ

ജാഗ്രതാസമിതിക്ക് ലഭിച്ച /ജാഗ്രതാസമിതി ഏറ്റെടുത്ത ഒരു പരാതി ജാഗ്രതാസമിതിയുടെ ഇടപെടലുകളിലൂടെ പരിഹരിച്ചു കഴിഞ്ഞാൽ/ഒത്തുത്തീർപ്പാക്കി കഴിഞ്ഞാൽ ജാഗ്രതാസമിതിയുടെ ഒത്ത് തീർപ്പ് വ്യവസ്ഥകളും തീരുമാനങ്ങളും വെള്ളപേപ്പറിൽ എഴുതിയ ശേഷം അതിൽ ചെയർപേഴ്സൻ മുമ്പാകെ പരാതിക്കാരും എതിർകക്ഷികളും ഒപ്പിടണം. അതിന് ശേഷം ചെയർപേഴ്സൺ പരാതി പരിഹരിച്ചു എന്നെഴുതി ഒപ്പിടണം. ഇത് ആ കേസ് ഫയലിന്റെ അവസാനത്തിൽ ചേർത്ത് സൂക്ഷിക്കണം. എന്നാൽ മധ്യസ്ഥതക്കായി രാഷ്ട്രീയപാർട്ടി പ്രതിനിധികൾ സംഘടനപ്രവർത്തകർ, മറ്റ് പ്രമുഖർ മുതലായവർ പങ്കാളികളായിട്ടുണ്ടെങ്കിൽ അവരുടെ സാന്നിധ്യത്തിൽ വേണം ഈ പ്രക്രിയ നടക്കാൻ.

## 2.6 പരാതി റഫർ ചെയ്യൽ

ഒരു ജാഗ്രതാസമിതിയിൽ (വാർഡ്തല ജാഗ്രതാസമിതി/തദ്ദേശഭരണസ്താപനതല ജാഗ്രതാസമിതി/ജില്ലാ ജാഗ്രതാസമിതി) ലഭിക്കുന്ന പരാതി അവിടെ തീർപ്പാക്കാൻ പാടില്ലാത്തതായിരിക്കുകയോ തീർപ്പാക്കാൻ കഴിയാതിരിക്കുകയോ ആണെങ്കിൽ മുകൾതലങ്ങളിലേക്ക്/ബന്ധപ്പെട്ട അധികാരസ്ഥാപനങ്ങളിലേക്ക് റഫർ ചെയ്യേണ്ടതാണ്. ഇങ്ങനെ

റഫർ ചെയ്യുമ്പോൾ പരാതിയുടെ ഒറിജിനൽ, ജാഗ്രതാസമിതി ഈ പരാതിയിൽ അതു വരെ ചെയ്ത് കാര്യങ്ങൾ, ജാഗ്രതാസമിതിയുടെ അഭിപ്രായം എന്നിവ സഹിതം വേണം നൽകാൻ.

## 2.7 തൊഴിൽ സ്ഥലത്തെ ലൈംഗിക പീഢന പരിഹാരത്തിനായുള്ള പരാതി സെല്ലിന്റെ പ്രവർത്തനം നിരീക്ഷിക്കൽ

സുപ്രീംകോടതി മാർഗനിർദ്ദേശമനുസരിച്ച് സംഘടിത/അസംഘടിത തൊഴിലിടങ്ങൾ, പൊതു/ സ്വകാര്യതൊഴിൽ സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ തുടങ്ങിയസ്ഥലങ്ങളിൽ തൊഴിൽ സ്ഥലത്തെ ലൈംഗിക പീഢന പരിഹാരത്തിനായുള്ള പരാതി സെൽ (Internal Complaint Cell) രൂപീകരിക്കുവാൻ തൊഴിലുടമകൾ/സ്ഥാപനമേധാവികൾ നിയമപരമായി ബാധ്യസ്ഥരാണ്. ഈ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ഈ സംവിധാനത്തിലൂടെ നീതി തേടാവുന്നതാണ്.

<u>കമ്മിറ്റിയുടെ ഘടന</u>

- 50% ൽ കൂടുതൽ സ്ത്രീകളായിരിക്കണം
- കൺവീനർ സ്ത്രീയായിരിക്കണം
- ലൈംഗിക പീഡന പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് പരിചയമുള്ള സന്നദ്ധ സംഘടനാപ്രതിനിധികൾ ഉണ്ടായിരിക്കണം.

തദ്ദേശഭരണസ്ഥാപന പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള കമ്മിറ്റികൾ രൂപവ്തക്കരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക, അവയുടെ പ്രവർത്തനം വിലയിരുത്തുക. അവർക്ക് ആവശ്യമായ പിന്തുണ നൽകുക. ഈ കമ്മിറ്റികളുടെ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ ജാഗ്രതാസമിതി ചെയ്യേണ്ടതാണ്.

# 3. ഗ്രാമസഭ/വാർഡ്സഭയും ജാഗ്രതാസമിതി പ്രവർത്തനങ്ങളും

- ജാഗ്രതാസമിതിയുടെ പരിഗണനയിൽ വരുന്ന പ്രശ്നങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി വാർഡ്തല/തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതികൾ അനുബന്ധം 5 ൽ കൊടുത്ത മാതൃകയിൽ അവയുടെ പ്രവർത്തന റിപ്പോർട്ട് ഗ്രാമസഭയിൽ/വാർഡ്സഭയിൽ സമർപ്പിക്കണം. പ്രശ്നങ്ങൾ, കാരണം, പരിഹാരം എന്നിവ അവിടെ ചർച്ച ചെയ്യപ്പെടണം. അതനുസരിച്ച് പ്രശ്നപരിഹാരത്തിനായി ഓരോരുത്തരുടെയും ഉത്തരവാദിത്തങ്ങളും ചുമതലകളും നിശ്ചയിക്കണം, (ഉദാ-ത്രിതലപഞ്ചായത്തുകളുടെ, സർക്കാരിന്റെ, സ്ഥാപനങ്ങളുടെ, ഉദ്യോഗസ്ഥരുടെ ഗ്രാമസഭയുടെ/വാർഡ്സഭയുടെ ഒക്കെ.) അവിടെ എടുക്കുന്ന തീരുമാനങ്ങൾ ഉത്തരവാദിത്തപ്പെട്ട തലങ്ങളിൽ

എത്തിക്കാനായി ഭരണസമിതിയെ ജാഗ്രതാസമിതി സഹായിക്കണം. തുടർ നടപടി വിലയിരുത്തുകയും വേണം.

- തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയുടെ പ്രവർത്തനവും വാർഡ്തലജാഗ്രതാസമിതിയുടെ പ്രവർത്തനവും പ്രത്യേക റിപ്പോർട്ടുകളായി ഗ്രാമസഭാ/വാർഡ്സഭയിൽ അവതരിപ്പിക്കണം. ഓരോ ഗ്രാമസഭയിലും /വാർഡ്സഭയിലും റിപ്പോർട്ട് അവതരിപ്പിക്കാനായി തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയിൽ നിന്നും ഒരാളെ ചുമതലപ്പെടുത്തണം. അത്പോലെ അതത് വാർഡ് ജാഗ്രതാസമിതിയിൽ നിന്നും ഒരാളെ ചുമതലപ്പെടുത്തണം. ഗ്രാമസഭയിൽ/ വാർഡ്സഭയിൽ അവതരിപ്പിക്കുന്ന റിപ്പോർട്ട് അവിടെ അവതരിപ്പിക്കുന്നതിന് മുമ്പായി തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതിയുടെ സഹായസമിതിയും വാർഡ്തല ജാഗ്രതാസമിതിയുടെ പൊതുസമിതിയും ചർച്ച ചെയ്യണം.

## 4. മറ്റു സംവിധാനങ്ങളെ കൂട്ടിയിണക്കൽ

- ഓരോ തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശത്തും സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒട്ടേറെ സംഘടനകളുണ്ടാകും അങ്ങനെയുള്ളവയെ ജാഗ്രതാസമിതി പ്രവർത്തനുവുമായി കൂട്ടിയിണക്കണം.
- ജാഗ്രതാ സമിതി കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട പരിപാടികൾ ഏറ്റെടുക്കാൻ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കാനുള്ള അവബോധം സൃഷ്ടിക്കാൻ, പൊതുപ്രവർത്തനങ്ങളിൽ വനിതകളെക്കൂടി കൊണ്ടുവരാനുള്ള പ്രവർത്തനത്തിൽ ഏർപ്പെടാൻ, സ്ത്രീകളുടെ കലാകായികശേഷി പരിപോഷിപ്പിക്കാൻ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ചർച്ചക്ക് വിധേയമാക്കാൻ, ജാഗ്രതാസമിതി പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന മറ്റ് സംവിധാനങ്ങളെ സഹായിക്കാൻ ഒക്കെ ഉതകുന്ന തരത്തിൽ അവയെ സജ്ജമാക്കണം.
- സ്ത്രീകൾക്ക് ആവശ്യമായ നിയമസഹായം നൽകാനും അതിനുള്ള അവബോധം സൃഷ്ടിക്കാനും കഴിയുന്ന സംവിധാനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ കണ്ടെത്തുകയും ജാഗ്രതാസമിതി പ്രവർത്തനവുമായി കൂട്ടിയിണക്കുകയും ചെയ്യണം.

## 5. പദ്ധതിപ്രവർത്തനങ്ങളും ജാഗ്രതാസമിതിയും

5.1. തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിൽ താഴെപ്പറയും വിധം ജാഗ്രതാസമിതികൾക്ക് പങ്കാളികളാകാവുന്നതാണ്.

a) ക്ഷേമകാര്യസ്റ്റനാന്റിംഗ് കമ്മിറ്റി, വനിതാവികസന വർക്കിംഗ് ഗ്രൂപ്പ് എന്നിവയുമായി ചർച്ച ചെയ്ത് അനുയോജ്യമായ പ്രോജക്ടുകൾ നിർദ്ദേശിക്കുക

b) തദ്ദേശഭരണസ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക

c) സ്ത്രീപക്ഷ സമീപനത്തോടെ പ്രവർത്തിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുക

d) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുടെ ജെൻഡർ ഓഡിറ്റിംഗ് നടത്തുക

e) വനിതാഘടക പദ്ധതി പ്രവർത്തനത്തിൽ ജാഗ്രതാസമിതികൾ സഹായിക്കുക.

## 6. മോണിറ്ററിംഗ്

ജാഗ്രതാ സമിതി പ്രവർത്തനത്തിന് ഒരു ജനകീയമുഖവും അതുപോലെ ഒരു ജനകീയ കോടതിയുടെ സ്വഭാവവും ഉണ്ട്. ആയതിനാൽ അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകണമെങ്കിൽ ശരിയായ മോണിറ്ററിംങ്ങും, ആവശ്യമായ പിന്തുണയും അനിവാര്യമാ ണ്. മൂന്ന് തരത്തിലുള്ള മോണിറ്ററിംഗ് നടക്കണം.

i. തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതി മുതൽ വനിതാ കമ്മീഷൻ വരെ നടത്തുന്ന മോണിറ്ററിംഗ് .

ii. അതത് തദ്ദേശഭരണസ്ഥാപനതല മോണിറ്ററിംഗ്

iii. ഗ്രാമസഭ/വാർഡ്സഭ തലത്തിൽ നടത്തുന്ന മോണിറ്ററിംഗ്

iv. ജാഗ്രതാ സമിതി അംഗങ്ങളായിട്ടുള്ള ഉദ്യോഗസ്ഥരുടെ വകുപ്പതല മോണിറ്ററിംഗ്

v. അസോസിയേഷനുകളുടെ തലത്തിൽ നടത്തുന്ന മോണിറ്ററിംഗ്

### 6.1 തദ്ദേശഭരണസ്ഥാപനതലജാഗ്രതാസമിതി മുതൽ വനിതാ കമ്മീഷൻ വരെ നടത്തുന്ന മുകൾതല മോണിറ്ററിംഗ്.

വാർഡ്തല ജാഗ്രതാ സമിതി പ്രവർത്തനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനതല ജാഗ്രതാസമിതിയും, തദ്ദേശഭരണ സ്ഥാപനതല ജാഗ്രതാസമിതി പ്രവർത്തനങ്ങളെ (ഗ്രാമപഞ്ചായത്തുകളെ ബ്ലോക്കിലും, അവിടെ ക്രോഡീകരിച്ച് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലയിലും) ജില്ലാതല ജാഗ്രതാ സമിതിയും, ജില്ലാതല ജാഗ്രതാ സമിതി പ്രവർത്തനങ്ങളെ വനിതാ കമ്മീഷനും ലഭ്യമാകുന്ന റിപ്പോർട്ടുകളുടേയും ജോയിന്റെ സിറ്റിങ്ങുകളുടേയും അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നു. അതിനായി വാർഡ്തല ജാഗ്രതാസമിതി മുതൽ എല്ലാ ജാഗ്രതാസമിതികളും അനുബന്ധം 6 ൽ കൊടുത്ത മാതൃകയിലുള്ള റിപ്പോർട്ട് മുകൽതല ജാഗ്രതാസമിതികൾക്കും വനിതാ കമ്മീഷനും സമർപ്പിക്കേണ്ടതാണ്.

**i. തദ്ദേശഭരണതല ജാഗ്രതാ സമിതിതലത്തിലുള്ള മോണിറ്ററിംഗ്**

- ഓരോ വാർഡിൽ നിന്നും നിശ്ചിത ഫോറത്തിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ ക്രോഡീകരിക്കണം.

- തദ്ദേശസ്ഥാപനതല ജാഗ്രതാസമിതി ഇത് വിലയിരുത്തി, വാർഡ്തലത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് ചെയ്യണം, തുടർ പ്രവർത്തനങ്ങൾക്ക് സഹായകമായി എന്ത് ചെയ്യണം എന്നിവ ചർച്ച ചെയ്ത് തുടർപരിപാടി തയ്യാറാക്കണം.
- വാർഡ്തല സമിതികളുടെ ക്രോഡീകരിച്ച റിപ്പോർട്ടും, തദ്ദേശസ്ഥാപനതല ജാഗ്രതാ സമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം.
- ഗ്രാമപഞ്ചായത്തുകൾ എല്ലാ മാസവും സി.ഡി.പി.ഒ മാർക്ക് ഈ റിപ്പോർട്ട് നൽകണം.
- കോർപ്പറേഷനുകളും, മുനിസിപ്പാലിറ്റികളും ജില്ലാ ജാഗ്രതാസമിതി കൺവീനർക്ക് ഇപ്രകാരമുള്ള റിപ്പോർട്ട് അയച്ച്കൊടുക്കണം.
- മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതാ സമിതി കൺവീനർമാർ, അദ്ധ്യക്ഷന്മാർ എന്നിവരെ ഉൾപ്പെടുത്തി രണ്ട് മാസത്തിൽ ഒരിക്കൽ തദ്ദേശഭരണതല ജാഗ്രതാ സമിതി യോഗം നടത്തണം.
- തദ്ദേശഭരണതല ജാഗ്രതാ സമിതി അംഗങ്ങൾ ഇടയ്ക്കിടക്ക് വാർഡ് ജാഗ്രതാസമിതി യോഗത്തിൽ പങ്കെടുത്ത് വാർഡ്തല പ്രവർത്തനങ്ങൾമോണിറ്റർ ചെയ്യണം

### ii. ബ്ലോക്ക് തലത്തിൽ

- ഗ്രാമപഞ്ചായത്തുകളിൽ നിന്ന് എല്ലാ മാസവും ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ജില്ലാ ജാഗ്രതാസമിതിക്ക് എല്ലാ മാസവും 10-ാം തീയതിയ്ക്കകം അയയ്ക്കണം.
- ഇത്തരത്തിൽ ക്രോഡീകരിക്കുമ്പോൾ ബ്ലോക്ക്തലത്തിൽ പരിഹരിക്കാവുന്നവ പ്രത്യേകം ലിസ്റ്റ് ചെയ്ത് അതിന് എന്ത് പരിഹാരമാണ് ചെയ്യാൻ കഴിയുക എന്ന് എഴുതി ക്രോഡീകൃത ഫോമിനോടൊപ്പം ജില്ലാ ജാഗ്രതാസമിതിക്ക് അയയ്ക്കണം.
- മൂന്ന് മാസത്തിൽ ഒരിക്കൽ ബ്ലോക്ക് പ്രസിഡണ്ടിന്റേയും ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റേയും നേതൃത്വത്തിൽ സി.ഡി.പി.ഒ ആ ബ്ലോക്കിലെ ഗ്രാമ പഞ്ചായത്തുകളിലെ ജാഗ്രതാ സമിതി കൺവീനർമാർ, അദ്ധ്യക്ഷന്മാർ എന്നിവരുടെ യോഗം വിളിക്കണം.
- മൂന്ന് മാസം നടത്തിയ പ്രവർത്തനങ്ങളുടെ ഒരു വിലയിരുത്തൽ ആ യോഗത്തിൽ വച്ച് നടക്കണം
- ഇത് കൂടാതെ താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഈ യോഗം സഹായകമാകണം.

    അനുഭവങ്ങൾ പങ്കുവയ്ക്കൽ
    മാതൃകകൾ കൈമാറൽ
    ആശയ വ്യക്തത വരുത്തൽ
    പുതിയ പരിപാടികൾക്ക് രൂപം നൽകൽ

ഗ്രാമപഞ്ചായത്ത് തലത്തിലും, ബ്ലോക്ക്തലത്തിലും ഒറ്റയ്ക്കും കൂട്ടായും ഏറ്റെടുക്കാവുന്ന പ്രോജക്ട്/പ്രവർത്തന പരിപാടിക്ക് ധാരണ ഉണ്ടാക്കൽ

**iii. ജില്ലാതലത്തിൽ**

- ബ്ലോക്ക്തലത്തിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളും മുനിസിപ്പാലിറ്റി കോർപ്പറേഷൻ തലത്തിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളും ജില്ലയിൽ ക്രോഡീകരിച്ച് ജില്ലാ ജാഗ്രതാ സമിതി ചർച്ച ചെയ്യണം. ജില്ലാതലത്തിൽ പരിഹരിക്കാൻ കഴിയുന്നവയ്ക്ക് അവിടെ പരിഹാരം കാണണം
- ബാക്കിയുള്ളവയും പ്രധാന റിപ്പോർട്ടുകളും ക്രോഡീകരിച്ച് എല്ലാ മാസവും 15-ാം തീയതിയ്ക്കകം വനിതാ കമ്മീഷനിലേക്ക് അയയ്ക്കണം
- ഓരോ നാല് മാസത്തിലും ജില്ലാതലത്തിൽ സി.ഡി.പി.ഒ മാരുടെ യോഗം വിളിച്ച് ജാഗ്രതാസമിതി പ്രവർത്തനം വിലയിരുത്തണം
- കൂടാതെ 6 മാസത്തിലൊരിക്കൽ സി.ഡി.പി.ഒ, തദ്ദേശഭരണസ്ഥാപനതല ജാഗ്രതാസമിതി ചെയർപേഴ്സൺമാർ, കൺവീനർമാർ എന്നിവരുടെ യോഗം ജില്ലാതലത്തിൽ വിളിച്ച് വിലയിരുത്തൽ നടത്തണം. താഴെപ്പറയുന്ന കാര്യങ്ങൾക്ക് ആ യോഗം ഉപയോഗപ്പെടുത്തണം.
  - ജില്ലയിലെ ജാഗ്രതാസമിതി പ്രവർത്തനം വിലയിരുത്തൽ
  - മാതൃകകൾ കൈമാറൽ തുടർ നടപടികൾ ആലോചിക്കൽ
  - ഓരോ തലത്തിലും എടുക്കാവുന്ന പ്രവർത്തനങ്ങളിൽ ധാരണ ഉണ്ടാക്കൽ
  - ആശയ വ്യക്തത വരുത്തൽ.

ജില്ലാ ജാഗ്രതാ സമിതി അംഗങ്ങൾ തദ്ദേശഭരണ സ്ഥാപനതല ജാഗ്രതാ സമിതി യോഗത്തിൽ പങ്കെടുക്കുക. പ്രാദേശിക ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ചില കൂട്ടായ സിറ്റിങ്ങുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തുക എന്നിവയും ചെയ്യാവുന്നതാണ്.

**iv. വനിതാ കമ്മീഷൻ**

ജില്ലാതലങ്ങളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ റിപ്പോർട്ടുകൾ വനിതാ കമ്മീഷനിൽ ക്രോഡീകരിക്കണം. ഒന്നിടവിട്ട മാസങ്ങളിൽ വനിതാ കമ്മീഷൻ യോഗത്തിൽ ഈ ക്രോഡീകൃത റിപ്പോർട്ടുകൾ ചർച്ച ചെയ്യണം. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ജാഗ്രതാസമിതി പ്രവർത്തനങ്ങൾക്ക് താഴെതലംവരെ ഉണ്ടാകുന്ന തടസ്സങ്ങൾ, അവരുടെ ആവശ്യങ്ങൾ, മെച്ചപ്പെടുത്താനുള്ള കാര്യങ്ങൾ എന്നിവ മനസ്സിലാക്കി വേണ്ട നിർദ്ദേശങ്ങളും പിന്തുണയും വനിതാകമ്മീഷൻ നൽകണം. മാത്രമല്ല ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും വേണം. ആറ് മാസത്തിൽ ഒരിക്കൽ

ജില്ലാ ജാഗ്രതാസമിതി കൺവീനർമാർ ചെയർപേഴ്സൺമാർ എന്നിവരുടെ യോഗം വിളിച്ച് ജാഗ്രതാസമിതി പ്രവർത്തനം സമഗ്ര വിലയിരുത്തലിന് വിധേയമാക്കണം. കൂടാതെ എല്ലാ ജില്ലകളിലും വനിതാകമ്മീഷൻ അംഗങ്ങൾ ജില്ലാ ജാഗ്രതാസമിതി യോഗങ്ങളിൽ പങ്കെടുത്ത്, ജോയിന്റ് സിറ്റിങ്ങുകൾ സംഘടിപ്പിക്കണം

### 6.2 തദ്ദേശഭരണസ്ഥാപനതല സ്വയംമോണിറ്ററിംഗ്

- ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ക്രോഡീകരിക്കുന്ന ജാഗ്രതാസമിതി പ്രവർത്തന റിപ്പോർട്ടുകൾ അതത് തലത്തിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ശേഖരിക്കണം.
- ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി, ജാഗ്രതാസമിതി പ്രവർത്തന പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ്, നിർദ്ദേശങ്ങൾ തയ്യാറാക്കി ചർച്ചക്കായി ഭരണസമിതിയോഗത്തിൽ അവതരിപ്പിക്കണം.
- താഴെപ്പറയുന്ന കാര്യങ്ങൾ ഭരണസമിതിയോഗത്തിൽ വിലയിരുത്തണം
  - കൃത്യമായി/ചിട്ടയായി ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ടോ?
  - അവ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?
  - നന്നായി പ്രവർത്തിക്കാൻ എന്ത് സഹായമാണ് വേണ്ടത്?
  - അവ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ എന്തെല്ലാം? അവ എങ്ങനെ പരിഹരിക്കാം?
  - ജാഗ്രതാ സമിതിയെക്കുറിച്ച് പൊതുജനങ്ങളിൽ നിന്നും കിട്ടുന്ന അഭിപ്രായം എന്താണ്?
  - ജാഗ്രതാസമിതി അംഗങ്ങളിൽ നിന്നും ലഭിക്കുന്ന ജാഗ്രതാ സമിതി പ്രവർത്തനവിലയിരുത്തൽ എന്താണ്?
  - ഏതെങ്കിലും ഒരു പ്രദേശത്ത്/ഏതെങ്കിലും ഒരു സ്വഭാവത്തിലുള്ള പരാതികളുടെ എണ്ണം ഏറെ കൂടുതലാണെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണ്? പരിഹാരം എന്തായിരിക്കണം?

മേൽപ്പറഞ്ഞവ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശഭരണസ്ഥാപനവും സ്വയം ചെയ്യേണ്ടവയും മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളിൽ ചെയ്യേണ്ടതുമായ കാര്യങ്ങൾ തീരുമാനിക്കുകയും അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും വേണം.

### 6.3 ഗ്രാമസഭ/വാർഡ്സഭാതലത്തിൽ

**ഓരോ മൂന്ന് മാസത്തിലും നടക്കുന്ന ഗ്രാമസ**ഭ/വാർഡ്സഭയോഗത്തിൽ അതത് വാർഡിലെ ജാഗ്രതാസമിതിയുടെ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിച്ച്

ചർച്ച ചെയ്യണം. അതിലൂടെ ജാഗ്രതാസമിതി പ്രവർത്തനം ശക്തിപ്പെടുത്താനും ജാഗ്രതാസമിതിയോടുള്ള ആളുകളുടെ വിശ്വാസ്യത ഉയർത്താനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂട്ടായ ഇടപെടൽ ഉണ്ടാകാനും കഴിയണം.

ഗ്രാമസഭകളിൽ/വാർഡ്സഭകളിൽ നടക്കുന്ന ചർച്ചകളുടെ റിപ്പോർട്ട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും അതത് ഭരണസമിതിയിലും വാർഡ്തല-തദ്ദേശഭരണസ്ഥാപന തല ജാഗ്രതാ സമിതിയിലും ചർച്ച ചെയ്യപ്പെടണം.

**6.4 ഔദ്യോഗികതലത്തിൽ**

സാമൂഹ്യക്ഷേമവകുപ്പിന്റെയും പോലീസ് വകുപ്പിന്റേയും വകുപ്പ്തല റിവ്യു യോഗങ്ങളിൽ ജാഗ്രതാസമിതി പ്രവർത്തനം സ്ഥിരമായി മോണിറ്റർ ചെയ്യുകയും വിലയിരുത്തുകയും വേണം. അതിന്റെ അടിസ്ഥാനത്തിൽ ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും വേണം.

**6.5 അസോസിയേഷനുകൾ**

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അസോസിയേഷനുകൾ, ചേമ്പർ ഓഫ് മുനിസിപ്പൽ അസോസിയേഷൻ എന്നിവരുടെ യോഗങ്ങളിൽ ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ഒരു അജണ്ടയായി വരണം. അതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജാഗ്രതാസമിതി പ്രവർത്തനങ്ങൾ സുഗമമാക്കാൻ കഴിയണം. വാർഷിക യോഗങ്ങളിൽ, ദിനാഘോഷങ്ങളിൽ ഇത് ഒരു വിഷയം ആക്കുന്നതോടൊപ്പം ജാഗ്രതാസമിതി പ്രവർത്തനം നന്നായി നടത്തുന്ന തദ്ദേശഭരണസ്ഥാപനങ്ങളെ അംഗീകരിക്കാനുള്ള നടപടികളും ഉണ്ടാവണം.

...............

# അനുബന്ധങ്ങൾ

**അനുബന്ധം 1**

## പരാതി സമർപ്പിക്കുന്നതിനുള്ള ഫോറം

### വാർഡ്തല ജാഗ്രതാ സമിതി/ ജാഗ്രതാ സമിതി

**................വാർഡ്/ ......... ..........ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ**

| | | | |
|---|---|---|---|
| 1 | പരാതിക്കാരിയുടെ/പരാതിക്കാരന്റെ പേര് | : | |
| 2 | പൂർണ്ണമായ മേൽവിലാസം | : | |
| 3 | ഫോൺ നമ്പർ (ഉണ്ടെങ്കിൽ) | : | |
| 4 | പ്രായം | : | |
| 5 | പട്ടികജാതി/പട്ടികവർഗ്ഗം/ജനറൽ | : | |
| 6 | എതിർകക്ഷിയുടെ/കക്ഷികളുടെ പേരും വിലാസവും (സാധ്യമെങ്കിൽ) | : | |
| 7 | പരാതിയുടെ ലഘു വിവരണം | : | |
| 8 | പരാതി സംബന്ധിച്ച വിശദ വിവരങ്ങൾ ഇതോടൊപ്പം പ്രത്യേക കുറിപ്പായി സമർപ്പിച്ചിട്ടുണ്ടോ? | | |

തീയതി: ................ പരാതിക്കാരിയുടെ/ പരാതിക്കാരന്റെ
പേരും ഒപ്പും.

കുറിപ്പ്:
ഇത്തരത്തിൽ ലഭിക്കുന്ന പരാതി അടുത്ത ഒരു തലത്തിലേക്ക് റഫർ ചെയ്യുമ്പോൾ ഈ പരാതിയുടെ ഒറിജിനൽ രേഖയും അതോടൊപ്പം റഫർ ചെയ്യുന്ന സമിതി സ്വീകരിച്ച നടപടികൾ സംബന്ധിച്ച ലഘുവിവരണവും ചേർത്തിരിക്കണം.

**അനുബന്ധം 2**

# കൈപ്പറ്റ് രശീതി

## വാർഡ്തല ജാഗ്രതാ സമിതി /ജാഗ്രതാ സമിതി

**................വാർഡ്, ......... ..........ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ**

.............................ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ/കോർപ്പറേഷനിലെ ജാഗ്രതാ സമിതിയിൽ/............. ജില്ലാ ജാഗ്രതാ സമിതിയിൽ ...........................ാം വാർഡ് ജാഗ്രതാ സമിതിയിൽ താഴെപ്പറയുന്ന ആൾ ഹാജരാക്കിയ പരാതി 20.............മാസം..............തീയതി........................മണിക്ക് കൈപ്പറ്റിയിരിക്കുന്നു.

1 പരാതി സമർപ്പിച്ച വ്യക്തിയുടെ പേരും വിലാസവും :

2 എതിർ കക്ഷിയുടെ/കക്ഷികളുടെ പേരും വിലാസവും :

3 പരാതിയുടെ രജിസ്റ്റർ നമ്പറും കൈപ്പറ്റിയ തീയതിയും :

തീയതി:

ഒപ്പ്:

പേര്:

കൺവീനറുടെ ഓഫീസ് സീൽ

**അനുബന്ധം 3**

## ജാഗ്രതാ സമിതിയുടെ പരാതി രജിസ്റ്റർ

### വാർഡ്തല ജാഗ്രതാ സമിതി /തദ്ദേശഭരണസ്ഥാപനതല ജാഗ്രതാ സമിതി /ജില്ലാ ജാഗ്രതാ സമിതി

**................വാർഡ്, ......... ..........ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ...................ജില്ല**

| ക്രമ നം | പരാതി നമ്പർ | പരാതി ലഭിച്ച തീയതിയും സമയവും | പരാതിപ്പെടുന്ന ആളുടെ/സ്ഥാപനത്തിന്റെപേരും മേൽവിലാസവും | പ്രായം | പട്ടിക ജാതി/ വർഗ്ഗം/ ജനറൽ | എതിർകക്ഷിയുടെ/ കക്ഷികളുടെ/ സ്ഥാപനത്തിന്റെ പേരും മേൽ വിലാസവും | പരാതിയുടെ സംക്ഷിപ്തം | പരാതിസ്വീകരിച്ച ആളുടെ പേര്, ജാഗ്രതാ സമിതിയിലെ സ്ഥാനം, ഒപ്പ് | പരാതിയിന്മേൽ സ്വീകരിച്ച നടപടികളും തീരുമാനങ്ങളും തീർപ്പാക്കിയ/റഫർ ചെയ്ത തീയതിയും |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

**അനുബന്ധം 4**

## ജാഗ്രതാ സമിതി മുമ്പാകെ ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത്

സ്വീകർത്താവ്

ശ്രീ/ശ്രീമതി... ......................................

........................................

........................................

.........................................

സുഹൃത്തേ

......................................ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ/കോർപ്പറേഷനിലെ ജാഗ്രതാസമിതിക്ക്/..................ാം വാർഡ് ജാഗ്രതാ സമിതിക്ക്/........................ ജില്ലാ ജാഗ്രതാ സമിതിക്ക് മുമ്പാകെ ശ്രീ/ശ്രീമതി ....................... എന്നയാൾ താങ്കൾക്കെതിരെ/താങ്കളുടെ സ്ഥാപനത്തിനെതിരെ പരാതി സമർപ്പിച്ചിരിക്കുന്നു. പരാതി തീർപ്പാക്കുന്നത് സംബന്ധിച്ച നടപടികൾക്കായി താങ്കൾ താഴെപ്പറയുന്ന പ്രകാരം സമിതി മുമ്പാകെ നിർബന്ധമായും എത്തിച്ചേരണമെന്നു നിർദ്ദേശിയ്ക്കുന്നു.

ഹാജരാകേണ്ട സ്ഥലം: .................................................................

ഹാജരാകേണ്ട തീയതി: .................................................................

ഹാജരാകേണ്ട സമയം: .................................................................

തീയതി

വിശ്വസ്തതയോടെ,

പേര്:

കൺവീനറുടെ ഓഫീസ് സീൽ

ഒപ്പ്:

(കൺവീനർ, ............................ജാഗ്രതാ സമിതി)

## വാർഡ്തല/തദ്ദേശഭരണതല ജാഗ്രതാസമിതി ഗ്രാമസഭയ്ക്ക്/വാർഡ്സഭയ്ക്ക് സമർപ്പിക്കുന്ന റിപ്പോർട്ട് -ഘടന (മാതൃക)

**(മുകൾതല ജാഗ്രതാ സമിതികൾക്കും വനിതാ കമ്മീഷനും പകർപ്പ് നൽകണം)**

| | | | |
|---|---|---|---|
| 1 | ആമുഖം (ലഘുവിവരണം) | : | |
| | 1.1. റിപ്പോർട്ടിന്റെ കാലയളവ് | : | ……………..മുതൽ ………….. വരെ |
| | 1.2. റിപ്പോർട്ട് കാലയളവിൽ എത്ര യോഗം ചേർന്നു? | : | |
| 2 | യോഗം കൈക്കൊണ്ട പ്രധാന പൊതു തീരുമാനങ്ങൾ എന്തെല്ലാം? (പൊതു തീരുമാനങ്ങളാണ് വേണ്ടത്. വ്യക്തി പരാമർശം വേണ്ട) | : | |
| 3 | ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങളുടെ ഫലങ്ങൾ, നേരിട്ട വെല്ലുവിളികൾ, പ്രശ്നങ്ങൾ, അവയ്ക്കുള്ള കാരണങ്ങൾ, പരിഹാരങ്ങൾ, റഫർ ചെയ്ത പരാതികളുടെ എണ്ണം | : | |
| 4 | റിപ്പോർട്ട് കാലയളവിൽ സമിതിക്കു പൂർത്തിയാക്കുവാൻ സാധിക്കാതെ വന്ന പ്രവർത്തനങ്ങളും അതിന്റെ കാരണങ്ങളും (മൊത്തം ലഭിച്ച പരാതി, പരിഹരിച്ചവ, റഫർ ചെയ്തവ എന്നിവയുടെ അടിസ്ഥാനത്തിൽ) | : | |
| 5 | ഉപസംഹാരം (ഇതിൽ വ്യക്തിഗത പരാമർശമോ പേരോ ഉണ്ടാകരുത്. പൊതുതീരുമാനങ്ങളാണ് വേണ്ടത്.) | : | |

കുറിപ്പ്: 1. ഗ്രാമസഭ, തദ്ദേശഭരണതല ജാഗ്രതാ സമിതി, പഞ്ചായത്തു ഭരണസമിതി എന്നിവിടങ്ങളിൽ വിശദമായി അവതരിപ്പിച്ചു ചർച്ച ചെയ്യേണ്ട കാര്യങ്ങളുണ്ടെങ്കിൽ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർക്കണം. ചുരുക്കി ഒന്നുരണ്ടു വാചകങ്ങളിൽ റിപ്പോർട്ടിൽ പറയുകയും വേണം.

2. ജില്ലാ ജാഗ്രതാസമിതിക്കും വനിതാകമ്മീഷനും സമർപ്പിക്കുമ്പോൾ അവിടെ നിന്നും ലഭിക്കേണ്ട സഹായങ്ങൾ ഏതെല്ലാം എന്ന് കൂടിരേഖപ്പെടുത്തണം.

പേര്, ഒപ്പ്:
കൺവീനർ

പേര്, ഒപ്പ്:
ചെയർപേഴ്സൺ

തീയതി
കൺവീനറുടെ ഓഫീസ് സീൽ

**അനുബന്ധം 6**

## ഓരോ ജാഗ്രതാ സമിതിയും തൊട്ടുമുകളിലുള്ള ജാഗ്രതാസമിതിക്കും വനിതാ കമ്മീഷനും നൽകേണ്ട പ്രതിമാസ റിപ്പോർട്ട് (മാതൃക)

| | | | |
|---|---|---|---|
| 1 | റിപ്പോർട്ട് സമർപ്പിക്കുന്ന ജാഗ്രതാ സമിതിയുടെ പേര് | : | |
| 2 | റിപ്പോർട്ട് സമർപ്പിക്കുന്ന തീയതി | : | |
| 3 | 20....-20... വർഷത്തെ എത്രാമത്തെ റിപ്പോർട്ട് | : | |
| 4 | റിപ്പോർട്ട് കാലയളവ് | : | .............മുതൽ ............... വരെ |
| 5 | ജില്ല | : | |
| 6 | ബ്ലോക്ക് | : | |
| 7 | തദ്ദേശസ്വയംഭരണ സ്ഥാപനം | : | |
| 8 | 20...- 20... വർഷത്തിൽ ഇതുവരെ ലഭിച്ച പരാതികളുടെ ആകെ എണ്ണം | : | |
| 9 | റിപ്പോർട്ട് കാലയളവിൽ ആകെ ലഭിച്ച പരാതികളുടെ എണ്ണം | : | |
| 10 | കൈകാര്യം ചെയ്യുന്ന കേസ്സുകളുടെ സ്വഭാവം (വിവരിക്കുക) | : | |
| 11 | റിപ്പോർട്ട് കാലയളവിൽ പരിഹരിച്ച പരാതികൾ എത്ര എണ്ണം | : | |
| 12 | 20...- 20...വർഷത്തിൽ ഇതുവരെ പരിഹരിച്ച പരാതികൾ എത്രയെണ്ണം | | |
| 13 | പരിഹരിക്കാൻ ബാക്കി ഉള്ളവയുടെ അവസ്ഥയെന്ത്?(വിവരിക്കുക) | : | |
| 14 | 20... - 20.... ൽ എത്ര യോഗം ഇതുവരെ നടത്തി | : | |
| 15 | റിപ്പോർട്ട് കാലയളവിൽ എത്ര യോഗങ്ങൾ നടന്നു. | : | |
| 16 | നടത്തിയ നൂതന പ്രവർത്തനങ്ങൾ(വിവരിക്കുക) | : | |

17 നേരിടുന്ന പ്രശ്നങ്ങൾ(വിവരിക്കുക) :

18 ഏറ്റെടുക്കാൻ പോകുന്ന പുതിയ പ്രവർത്തന ങ്ങൾ (വിവരിക്കുക) :

19. വേണ്ട സഹായം(മുകൾതല ജാഗ്രതാസമിതി കളിൽ നിന്ന് /വനിതകമ്മീഷനിൽ നിന്ന്/സർക്കാർ വകുപ്പുകളിൽ നിന്ന്) :

20 വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്ത വിവരം

<table>
<tr><td colspan="6">റിപ്പോർട്ട് മാസം……………………..  വർഷം……………………………</td></tr>
<tr><td>ക്ര. നം</td><td>വരവിനങ്ങൾ</td><td>തുക</td><td>ക്ര. നം</td><td>ചെലവിനങ്ങൾ</td><td>തുക</td></tr>
<tr><td>1</td><td>മുൻമാസനീക്കിയിരുപ്പ് (ഉണ്ടെങ്കിൽ)<br>…………………………<br>…………………………<br>…………………………<br>…………………………<br>മാസാവസാനക്കമ്മി (ആണെങ്കിൽ)</td><td></td><td>1</td><td>മുൻമാസക്കമ്മി (ആണെങ്കിൽ)<br>…………………<br>…………………<br>…………………<br>…………………<br>മാസാവസാന നീക്കിയിരുപ്പ് (ഉണ്ടെങ്കിൽ)</td><td></td></tr>
<tr><td></td><td>ആകെ തുക</td><td></td><td></td><td>ആകെ തുക</td><td></td></tr>
</table>

പേര്, ഒപ്പ്: പേര്, ഒപ്പ്:

കൺവീനർ ചെയർപേഴ്സൺ